പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 59 ലക്കം 1 ഏപ്രിൽ 2019




## വീണ്ടും വിഷു വരവായി
ഡോ. വിളക്കുടി രാജേന്ദ്രൻ

**ആസൂത്രണവും അധികാരവികേന്ദ്രീകരണവും ഗാന്ധിയൻ സമീപനം**
അജിത് വെണ്ണിയൂർ

**വി.ജെ.തങ്കപ്പൻ അധികാരവികേന്ദ്രീകരണത്തിന് കരുത്തുപകർന്ന കർമ്മധീരൻ**
എസ്.എം. വിജയാനന്ദ്

**വയോജന ക്ഷേമം പകൽവീടുകളിലൂടെ**
യഹ്യാഖാൻ തലക്കൽ

**വയോജനസൗഹൃദ പ്രാദേശികഭരണം എന്ത്? എങ്ങനെ?**
ഡോ.പീറ്റർ എം.രാജ്

**വേനൽക്കാല രോഗപ്രതിരോധം**
ഡോ. ചിന്ത. എസ്.


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഏപ്രിൽ 2019


## അകത്ത്








തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 5

509 ഗ്രാമപഞ്ചായത്തുകൾ 100% കെട്ടിടനികുതി പിരിച്ചു 6

ആസൂത്രണവും അധികാരവികേന്ദ്രീകരണവും ഗാന്ധിയൻ സമീപനം 7
അജിത് വെണ്ണിയൂർ

വി.ജെ.തങ്കപ്പൻ അധികാരവികേന്ദ്രീകരണത്തിന് കരുത്തുപകർന്ന കർമ്മധീരൻ 12
എസ്.എം. വിജയാനന്ദ്

വയോജനസൗഹൃദ പ്രാദേശികഭരണം എന്ത്? എങ്ങനെ? 14
ഡോ. പീറ്റർ എം.രാജ്

വയോജന ക്ഷേമം പകൽവീടുകളിലൂടെ 17
യഹ്യാഖാൻ തലക്കൽ

ഇനിയും മരിക്കാത്ത ഭൂമി 19
ഡോ. ഡി. പത്മലാൽ

ക്ഷേമപെൻഷൻ സംശയവും മറുപടിയും 22

ഭരണഘടനാശില്പിക്ക് പ്രണാമം 25
രാജേഷ് കെ. എരുമേലി

വേനൽക്കാല രോഗപ്രതിരോധം 27
ഡോ. ചിന്ത എസ്.

കണിക്കൊന്ന പൂക്കുന്ന കാലം 33
പ്രശാന്ത് സി.

വീണ്ടും വിഷു വരവായി 35
ഡോ. വിളക്കുടി രാജേന്ദ്രൻ

തമിഴ് സിനിമ തീർക്കുന്ന അത്ഭുതങ്ങൾ അവസാനിക്കുന്നില്ല 38
എൻ.പി മുരളീകൃഷ്ണൻ


### പംക്തികൾ


കില ന്യൂസ് 30
വാർത്തകൾ വിശേഷങ്ങൾ 32
എന്ന് വായനക്കാർ 42

മാർച്ച് 2019
പുസ്തകം 59 ലക്കം 1
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

# സമത്വസന്ദേശങ്ങളുടെ ഏപ്രിൽ

മലയാളികൾക്ക് ഗൃഹാതുരത്വം ഉണർത്തുന്ന മാസമാണ് ഏപ്രിൽ. നന്മയുടെയും നൈർമല്യത്തിന്റെയും ആഘോഷമായ വിഷു, സർവ്വംസഹയായ ഭൂമിയെ ഓർമ്മപ്പെടുത്തുന്ന ഭൗമദിനം, ഇന്ത്യൻ ഭരണഘടനാ ശില്പിയുടെ ജയന്തി, ദേശീയ പഞ്ചായത്ത് ദിനം എന്നിങ്ങനെ ഏപ്രിൽ സമ്പന്നമാണ്.

ലോകം മുഴുവൻ സുഖമായിരിക്കുവാൻ ആഗ്രഹിച്ച ഒരു സംസ്കാരത്തിന്റെ അടയാളമാണ് വിഷു. ഒരാണ്ട് മുഴുവൻ സമ്പന്നമാക്കുവാനുള്ള പ്രാർത്ഥനയായ വിഷുകൈനീട്ടവും മംഗളകരമായ ജീവിതദർശനത്തിനുള്ള കണിയും സമൃദ്ധിയുടെയും സന്തോഷത്തിന്റെയും ഈ ആഘോഷവേളയെ പുതുമയുള്ളതാക്കുന്നു. തുല്യരാപ്പകലുകൾ സംഭവിക്കുന്ന ദിവസം കൊണ്ടാടുന്നതിലൂടെ ജീവിത സമത്വത്തെയാണ് മേടവിഷുവെന്ന ഈ കാർഷികസ്മൃതിദിനം മുന്നോട്ടുവയ്ക്കുന്നത്.

സാമൂഹ്യ സമത്വം പുലരേണ്ടതിന്റെ അനിവാര്യതയെ പറ്റി നമ്മെ നിരന്തരം ഓർമ്മിപ്പിക്കുകയും അതിനായി ജീവിതം മുഴുവൻ കഠിനമായി പ്രവർത്തിക്കുകയും ചെയ്ത മഹാനായ ഡോ. ബി.ആർ. അംബേദ്കറുടെ ജന്മദിനം ഏപ്രിൽ മധ്യത്തിലാണ്. സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയമായും അടിച്ചമർത്തപ്പെട്ട ഭാരതത്തിലെ ദലിത് ജനവിഭാഗങ്ങളുടെ അവകാശമുന്നേറ്റത്തിന് അടിത്തറയിട്ട അംബേദ്കർ ഭരണഘടനാ ശിൽപിയായത് യാദൃശ്ചികമായല്ല. ആഴത്തിലുള്ള രാഷ്ട്രപാണ്ഡിത്യവും ദീർഘവീക്ഷണവും തീക്ഷണമായ ജീവിതാനുഭവങ്ങളാൽ മൂർച്ചയെടുത്ത ദാർശനിക ദൃഢതയും അദ്ദേഹത്തെ അതിന് പ്രാപ്തനാക്കി. ഇന്ത്യൻ ഭരണഘടന ലോകത്തിന് തന്നെ മാതൃകയായി ഇന്നും നിലകൊള്ളുന്നത് അംബേദ്കർ എന്ന മഹാപ്രതിഭയ്ക്കുള്ള അംഗീകാരമാണ്.

നമ്മുടെ രാജ്യത്ത് ജനകീയ ജനാധിപത്യം എന്ന സങ്കല്പം സാക്ഷാത്കരിച്ചത് പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിലൂടെയാണ്. ഏപ്രിൽ 24 ദേശീയ പഞ്ചായത്ത് ദിനമാണ്. അധികാരവികേന്ദ്രീകരണം ഏറ്റവും സാർത്ഥകമായ നമ്മുടെ സംസ്ഥാനത്ത് ഈ ദിനം പ്രത്യേകം ഓർമ്മിക്കപ്പെടുന്നു. ഭൂമിയിൽ ജീവന് ഭീഷണിയും വംശനാശവും നേരിടുന്ന ജീവജാലങ്ങളെ സംരക്ഷിക്കാം എന്ന സന്ദേശവുമായി ലോക ഭൗമദിനവും ഈ മാസം ആചരിക്കുന്നു. കഠിനമായ വേനലിലൂടെയും ഉഷ്ണത്തിലൂടെയും നമ്മുടെ നാട് കടന്ന് പോവുകയാണ്. ജലാശയങ്ങൾ വറ്റി വരണ്ടു, കുടിവെള്ളക്ഷാമം ചിലയിടങ്ങളിൽ രൂക്ഷമാകുന്നു, സൂര്യാഘാത വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു, വെള്ളം തേടിയെത്തുന്ന വന്യമൃഗങ്ങൾ നാട്ടിൽ സൃഷ്ടിക്കുന്ന അക്രമങ്ങളെപ്പറ്റിയും നാമറിയുന്നു. ഈ പ്രതിസന്ധികളെ നമ്മളൊറ്റക്കെട്ടായി അതിജീവിക്കണം. മഹാപ്രളയത്തെ നേരിട്ട ജനതയെന്ന നിലയിൽ നമുക്കതിനുള്ള കരുത്തുണ്ടെന്നുള്ളത് ഉറപ്പാണ്. മനുഷ്യസമത്വത്തിന്റെയും പ്രകൃതി സ്നേഹത്തിന്റെയും മഹത് പാഠങ്ങൾ പറഞ്ഞുതരുന്ന ഏപ്രിൽ മാസം എല്ലാവർക്കും ശുഭകരമാകട്ടെ.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**നന്മയാണ് ഒരിക്കലും പരാജയപ്പെടാത്ത നിക്ഷേപം**
**– തോറോ**



# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ
# പദ്ധതി ചെലവ്
# 84.74%

**ചെലവ് ശതമാനം കഴിഞ്ഞ 5 വർഷങ്ങളിൽ**

| 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 68.21 | 73.61 | 67.08 | 85.44 | 84.74 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ പദ്ധതി ചെലവ് 84 ശതമാനം കടന്നു (84.74%). ട്രഷറിയിലെ പെൻഡിംഗ് ബില്ലുകൾ കൂടി കണക്കാക്കുമ്പോൾ ഇത് 93 ശതമാനമാകും. ആകെ 6721.91 കോടി രൂപ പദ്ധതി അടങ്കലിൽ 5696.08 കോടിയും ചെലവഴിച്ചു. 89.35 ശതമാനം ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തുകളാണ് പദ്ധതി ചെലവിൽ മുന്നിൽ. ഗ്രാമപഞ്ചായത്തുകൾ 88.56 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 80.64 ശതമാനവും മുനിസിപ്പാലിറ്റികൾ 81.68 ശതമാനവും മുനിസിപ്പൽ കോർപ്പറേഷനകൾ 70.32 ശതമാനവും ചെലവ് രേഖപ്പെടുത്തി. 45 ഗ്രാമപഞ്ചായത്തുകൾ 100 ശതമാനം തുകയും ചെലവഴിച്ചു.

ജില്ലകളിൽ കണ്ണൂർ ജില്ല 88.99 ശതമാനം ചെലവഴിച്ച് മുന്നിലെത്തി. വയനാട്(88.82%), പാലക്കാട്(87.02%) എന്നീ ജില്ലകൾ തൊട്ടുപിന്നിലെത്തി. പൊതുവിഭാഗം ഫണ്ടിന്റെ ചെലവ് 87.97 ശതമാനവും എസ്.സി.പി ഫണ്ടിന്റേത് 82.04 ശതമാനവും റ്റി.എസ്.പി ഫണ്ട് 78.15 ശതമാനവുമാണ്.

**പദ്ധതി ചെലവ് ജില്ല തിരിച്ച് (തുക കോടിയിൽ)**

| ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| കണ്ണൂർ | 400.13 | 356.08 | 88.99 |
| വയനാട് | 227.55 | 202.12 | 88.82 |
| പാലക്കാട് | 628.70 | 547.09 | 87.02 |
| കൊല്ലം | 605.44 | 521.64 | 86.16 |
| പത്തനംതിട്ട | 278.69 | 238.62 | 85.62 |
| എറണാകുളം | 599.60 | 512.21 | 85.42 |
| ആലപ്പുഴ | 431.87 | 368.18 | 85.25 |
| കോഴിക്കോട് | 524.42 | 442.43 | 84.94 |
| മലപ്പുറം | 642.82 | 539.23 | 83.89 |
| തൃശ്ശൂർ | 603.25 | 503.59 | 83.48 |
| ഇടുക്കി | 336.01 | 277.94 | 82.72 |
| കാസർകോട് | 253.35 | 209.29 | 82.61 |
| തിരുവനന്തപുരം | 818.56 | 671.14 | 81.99 |
| കോട്ടയം | 371.53 | 303.52 | 81.70 |
| ആകെ | 6721.91 | 5696.08 | 84.74 |

**വിവിധ വിഭാഗം ചെലവ് തുക കോടിയിൽ**

| വിഭാഗം | ബഡ്ജറ്റ് വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| പൊതു വിഭാഗം | 3785.43 | 3330.01 | 87.97 |
| എസ്.സി.പി | 1289.62 | 1057.69 | 82.04 |
| റ്റി.എഫ്.സി | 1453.62 | 1157.08 | 79.60 |
| റ്റി.എസ്.പി | 193.60 | 151.29 | 78.15 |
| ആകെ | 6721.91 | 5696.07 | 84.74 |

**തദ്ദേശസ്വയംഭരണ സ്ഥാപനതല ചെലവ് (തുക കോടിയിൽ)**

| സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 893.47 | 798.31 | 89.35 |
| ഗ്രാമ പഞ്ചായത്ത് | 3310.44 | 2931.68 | 88.56 |
| മുനിസിപ്പാലിറ്റി | 909.07 | 742.56 | 81.68 |
| ജില്ലാ പഞ്ചായത്ത് | 892.22 | 719.50 | 80.64 |
| കോർപ്പറേഷൻ | 716.72 | 504.02 | 70.32 |

# 509 ഗ്രാമപഞ്ചായത്തുകൾ 100% കെട്ടിടനികുതി പിരിച്ചു

2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ 509 ഗ്രാമപഞ്ചായത്തുകൾ 100% കെട്ടിടനികുതി പിരിച്ചെടുത്തു. നികുതി പിരിവ് ശരാശരി 88 ശതമാനമാണ്. ആകെ ഡിമാന്റ് തുകയായ 528.79 കോടി രൂപയിൽ 464.64 കോടിയും പിരിച്ചെടുത്തു. 51 ഗ്രാമപഞ്ചായത്തുകൾ 99 നും 99.99 നും ഇടയിലും 231 ഗ്രാമപഞ്ചായത്തുകൾ 80 നും 90 നും ഇടയിലും 71 ഗ്രാമപഞ്ചായത്തുകൾ 70 നും 80 നും ഇടയിലും 70 ഗ്രാമപഞ്ചായത്തുകൾ 60 നും 70 നും ഇടയിലും 5 ഗ്രാമപഞ്ചായത്തുകൾ 50 നും 60 നും ഇടയിലും ശതമാനം വസ്തുനികുതി പിരിച്ചെടുത്തു. 2018-19 സാമ്പത്തിക വർഷം 50 ശതമാനം താഴെ വസ്തു നികുതി പിരിച്ചത് 4 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ്. 96.45 % നികുതി പിരിച്ച മലപ്പുറം ജില്ല ഒന്നാമതും 95.81 % നികുതി പിരിച്ചെടുത്ത വയനാട് ജില്ല രണ്ടാം സ്ഥാനത്തും 95.74% വീതം നികുതി പിരിച്ചെടുത്ത കോഴിക്കോട്, കണ്ണൂർ ജില്ലകൾ മൂന്നാം സ്ഥാനത്തും എത്തി.


വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ട് കഴിഞ്ഞ രണ്ടരവർഷത്തിലധികമായി നടത്തിയ നിരന്തരവും ജാഗ്രതയോടുമുള്ള പ്രവർത്തനങ്ങളും ഇടപെടലുകളുമാണ് ഇത് സാധ്യമാക്കിയത്.

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളുടെയും പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ നിരന്തരമായി നടത്തിയ മോണിറ്ററിംഗും അവലോകന യോഗങ്ങളും പഞ്ചായത്തുകൾക്ക് പുതിയ ദിശാബോധം നൽകുന്നതിനും ജീവനക്കാരിൽ അർപ്പണമനോഭാവം വളർത്തുന്നതിനും അതിലൂടെ നികുതിപ്പിരിവ് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനും സഹായകരമായി.

# ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കാത്ത സാഹചര്യമുണ്ടാവരുത്

*306 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടാങ്കറിൽ കുടിവെള്ള വിതരണം തുടങ്ങി.

സംസ്ഥാനത്ത് ചൂട് കനത്ത സാഹചര്യത്തിൽ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കാത്ത സ്ഥിതിയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ചീഫ് സെക്രട്ടറി ടോം ജോസ് ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി. ജില്ലകളിലെ സ്ഥിതിഗതികൾ കളക്ടർമാരുമായി വീഡിയോ കോൺഫറൻസിലൂടെ ചീഫ് സെക്രട്ടറി വിലയിരുത്തി. വാട്ടർ അതോറിറ്റി, ജലസേചന വകുപ്പുകളുടെ എൻജിനീയർമാരെ ഉൾപ്പെടുത്തി ജില്ലകളിൽ പ്രത്യേക ടീം ജില്ലാ കളക്ടർമാർ രൂപീകരിക്കാൻ തീരുമാനമായി.



സംസ്ഥാനത്ത് 306 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടാങ്കറിൽ കുടിവെള്ളം കിയോസ്കുകളിൽ എത്തിച്ച് വിതരണം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 20 പഞ്ചായത്തുകൾ മാത്രമാണ് തനത്/ പ്ലാൻ ഫണ്ടിന്റെ അഭാവത്തിൽ ജില്ലാ ഭരണകൂടത്തോട് സാമ്പത്തിക സഹായം തേടിയിരിക്കുന്നത്. ഇവരുടെ അപേക്ഷ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. സെക്രട്ടറി ടിങ്കു ബിസ്വാൾ, ജലവിഭവ, ദുരന്തനിവാരണ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.


# ആസൂത്രണവും അധികാരവികേന്ദ്രീകരണവും ഗാന്ധിയൻ സമീപനം

അജിത് വെണ്ണിയൂർ

**ഭരണഘടനാ ഭേദഗതിയുടെ ഓർമ്മ പുതുക്കുന്നതിന് ഏപ്രിൽ 24 ദേശീയ പഞ്ചായത്ത് രാജ് ദിനമായി രാജ്യമെങ്ങും ആചരിക്കുന്നു**

അധികാരവികേന്ദ്രീകരണത്തിൽ ഏറ്റവുമധികം അന്വേഷണ-പരീക്ഷണങ്ങൾ നടന്നിട്ടുള്ള രാജ്യമാണ് ഇന്ത്യ. ആ പരമ്പരയിൽ ഏറ്റവുമൊടുവിലത്തേതാണ് എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി. അതിലൂടെ നിലവിൽവന്ന പഞ്ചായത്തീ രാജ് സംവിധാനത്തിൽ നവീനാശയങ്ങൾ കൊണ്ടും അനുകരണീയ മാതൃകകൾകൊണ്ടും ദേശീയ ശ്രദ്ധ നേടിയ കേരളത്തിന്റെ പ്രധാന സംഭാവനകളിലൊന്ന് വികേന്ദ്രീകൃത ആസൂത്രണമാണ്. ഏതൊരു വികസനപ്രവർത്തനത്തിന്റെയും വിജയം അതിന്റെ ആസൂത്രണത്തിലാണെന്നും അതാരംഭിക്കേണ്ടത് ഭരണതലത്തിലെ ഏറ്റവും താഴേതട്ടിലാണെന്നുമുള്ള ഗാന്ധിയൻ പരിപ്രേക്ഷ്യമാണ് അതിന്റെ അടിസ്ഥാനം. പാശ്ചാത്യ ആസൂത്രണ-വികസന സങ്കൽപ്പങ്ങളിൽ നിന്ന് തികച്ചും വിഭിന്നമാണിത്. ചരിത്രപ്രധാനമായ ഭരണഘടനാ ഭേദഗതിയുടെ ഓർമ്മ പുതുക്കുന്നതിന് ഏപ്രിൽ 24 ദേശീയ പഞ്ചായത്ത് രാജ് ദിനമായി രാജ്യമെങ്ങും ആചരിക്കുമ്പോൾ വികേന്ദ്രീകൃതാസൂത്രണത്തെയും വികസനത്തെയും കുറിച്ചുള്ള ഗാന്ധിയൻ സങ്കല്പങ്ങൾക്ക് പ്രസക്തിയേറുന്നു.

അതിസങ്കീർണമായ ഒരു പ്രക്രിയയാണ് ആസൂത്രണം എന്നൊരു ധാരണ ഇന്നും സമൂഹമധ്യത്തിലുണ്ട്. ഇന്ത്യൻ ആസൂത്രണ പ്രക്രിയയുടെ പ്രഥമഘട്ടത്തിൽ തന്നെ ആ ധാരണ തിരുത്തിക്കുറിക്കാൻ






*പ്രൊഫ. ഗുന്നാർ മിർഡാൽ*

പരിശ്രമിച്ച സാമ്പത്തിക വിദഗ്ധനായിരുന്ന ഗാന്ധിയൻ അർഥശാസ്ത്രത്തിന്റെ വ്യാഖ്യാതാവും പ്രഥമ ആസൂത്രണ കമ്മിഷൻ അംഗവുമായിരുന്ന ഡോ. ജെ.സി. കുമരപ്പ. 'സുസ്ഥിരതയുടെ അർത്ഥശാസ്ത്രം' (Economy of Permanence) എന്ന പുസ്തകത്തിൽ (1945) അദ്ദേഹം പറയുന്നു; "സാങ്കേതികവിദഗ്ധർക്കും സാമ്പത്തിക വിശാരദന്മാർക്കും മാത്രം മനസ്സിലാകുന്ന കുഴപ്പം പിടിച്ച എന്തോ ഒന്നാണ് ആസൂത്രണമെന്ന് പൊതുവിലൊരു ധാരണയുണ്ട്. ആസൂത്രണം എന്തെന്നും എന്തിനുവേണ്ടിയെന്നും ഏറ്റവും സാധാരണക്കാരനായ മനുഷ്യനും അറിയാൻ കഴിയണം. അല്ലെങ്കിൽ അതൊരു ജീവനില്ലാത്ത വസ്തുവാണെന്ന് അർഥം. കാര്യങ്ങൾ ശരിയായി മനസ്സിലാക്കി പൂർണമനസ്സോടെ സഹകരിക്കാൻ ജനങ്ങൾ മുന്നോട്ടു വരുന്നില്ലെങ്കിൽ ദേശീയാസൂത്രണം ആ പേരിനർഹമല്ല. മനസ്സിലാകാത്ത പരിപാടിയുടെ നടത്തിപ്പിലുള്ള പങ്കാളിത്തം റഷ്യയിലുണ്ടായതുപോലെ അതിക്രമങ്ങളുടെ അകമ്പടിയില്ലാതെ സാധ്യമാവില്ല. സ്വന്തം താല്പര്യങ്ങൾക്ക് അനുയോജ്യമാണോ പദ്ധതിയും പരിപാടികളുമെന്നറിയാൻ ജനങ്ങൾക്കു കഴിയണം. അവരുടെ അംഗീകാരമുള്ള സഹകരണമാണ് ആവശ്യം".

എന്താണ് ആസൂത്രണം? ഡോ. ജെ. സി.കുമരപ്പയുടെ നിർവചനം ശ്രദ്ധേയമാണ്. "ഒരു വിശിഷ്ടലക്ഷ്യം കൈവരിക്കാനായി പല ഘടകങ്ങളെ കൂട്ടിയിണക്കലാണ് ആസൂത്രണം", അദ്ദേഹം വിശദീകരിക്കുന്നു. "അങ്ങനെ കൂട്ടിയിണക്കേണ്ട ഘടകങ്ങൾ



*ജെ.സി. കുമരപ്പ*

എല്ലാ രാജ്യത്തും ഒരേ മട്ടിലുള്ളതാകണമെന്നില്ല. ഒരു രാജ്യത്തിന്റെ പദ്ധതിയിലുൾപ്പെടുന്ന ഘടകങ്ങളൊക്കെ മറ്റു രാജ്യങ്ങളുടെ പദ്ധതിയിലുണ്ടാവണമെന്നോ മറിച്ചോ ഉള്ള നിലപാട് ശരിയല്ല. ബ്രിട്ടൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളുടെ ചുവടൊപ്പിച്ചുള്ള ആസൂത്രണം നമ്മുടെ ലക്ഷ്യം കൈവരിക്കാൻ സഹായകമായിക്കൊള്ളണമെന്നില്ല എന്ന് ചുരുക്കം".

## ആർക്കു വേണ്ടി ?

ആസൂത്രണം ആർക്കുവേണ്ടി എന്ന കാര്യത്തിൽ മഹാത്മാഗാന്ധിക്ക് അശേഷം സന്ദേഹമുണ്ടായിരുന്നില്ല. ജനങ്ങളുടെയും സമൂഹത്തിന്റെയും യഥാർത്ഥ ആവശ്യങ്ങൾ മുന്നിൽ കണ്ട് ജനങ്ങളെയും സമൂഹത്തെയും ചലനാത്മകമാക്കാൻ കഴിയുന്നതാവണം ഏതൊരു രാജ്യത്തിന്റെയും സമ്പദ്ഘടന. അതിന് സഹായകമായ മാർഗരേഖയാവണം ആസൂത്രണം. അദ്ദേഹം പറഞ്ഞു;

"ആർക്കും ഉണ്ണാനും ഉടുക്കാനും ഇല്ലാത്തതുകൊണ്ടുള്ള വൈഷമ്യം ഉണ്ടാവാത്ത വിധത്തിലായിരിക്കണം ഇന്ത്യയുടെ എന്നല്ല, ലോകത്തിന്റെ തന്നെ സമ്പദ്ഘടന എന്നതാണ് എന്റെ അഭിപ്രായം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഈ രണ്ടാവശ്യങ്ങളും നിലനിർത്താൻ വേണ്ടിടത്തോളം വേല എല്ലാവർക്കും കിട്ടണം. പ്രാഥമിക ജീവിതാവശ്യങ്ങളുടെ ഉല്പാദനോപാധികൾ ബഹുജനങ്ങളുടെ നിയന്ത്രണത്തിൽ ആയിരുന്നാലേ ഈ ആദർശം സാർവത്രികമായി പ്രയോഗത്തിൽ വരികയുള്ളൂ. ദൈവസൃഷ്ടിയായ വെള്ളവും വായുവും പോലെ ഇവ എല്ലാവർക്കും സ്വച്ഛന്ദം ലഭിക്കണം".

## ഹിന്ദ്സ്വരാജും കറാച്ചി പ്രമേയവും

സ്വതന്ത്രഭാരതത്തെക്കുറിച്ചുള്ള തന്റെ സ്വപ്നങ്ങൾ പങ്കുവയ്ക്കുന്ന 'ഹിന്ദ് സ്വരാജ്' എന്ന ലഘുഗ്രന്ഥത്തിലൂടെ 1909 ൽ തന്നെ മഹാത്മാഗാന്ധി ആസൂത്രണത്തിന്റെ അടിക്കല്ല് പാകിയിരുന്നു. അതേക്കുറിച്ച് അദ്ദേഹം പിന്നീട് പറഞ്ഞതെല്ലാം ഹിന്ദ്സ്വരാജിൽ അവതരിപ്പിച്ചതിന്റെ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളുമായിരുന്നു.

ഗാന്ധിയുടെ നേതൃത്വത്തിൽ 1931 ൽ നടന്ന ചരിത്രപ്രസിദ്ധമായ 'കറാച്ചി കോൺഗ്രസ്സ്' ആണ് ഇന്ത്യൻ ആസൂത്രണ രംഗത്ത് ഗൗരവതരമായ ചിന്തകൾക്കും ചർച്ചകൾക്കും തുടക്കം കുറിച്ചത്. അതിന്റെ അടിസ്ഥാനം 'ഹിന്ദ് സ്വരാജ്' തന്നെയായിരുന്നു. രാജ്യത്തിന്റെ വികസനത്തിന് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കാൻ ആ യോഗം തീരുമാനിച്ചു. കറാച്ചി പ്രമേയം ദേശീയാവശ്യങ്ങളുടെ അടിസ്ഥാനരേഖയായത് അങ്ങനെയാണ്.

## പ്രഥമ ആസൂത്രണ കമ്മിഷൻ

1935 ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ നിയമമനുസരിച്ച് നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് മത്സരിക്കുകയും 1937 ൽ മിക്ക പ്രവിശ്യകളിലും അധികാരം ഏറ്റെടുക്കുകയും ചെയ്തതോടെ ആസൂത്രണത്തിന് ഒരു സ്ഥിരം സംവിധാനം എന്ന ആവശ്യം ഉയർന്നു വന്നു. അന്ന് കോൺഗ്രസ് പ്രസിഡന്റായിരുന്ന നേതാജി സുഭാഷ് ചന്ദ്രബോസ് 1939 ൽ ഒരു ദേശീയാസൂത്രണ സമിതിക്ക് രൂപം നല്കി. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവായിരുന്നു ചെയർമാൻ.

ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് അടുക്കുന്തോറും ആസൂത്രണം ഗാന്ധിയൻ സമീപനത്തിൽ നിന്ന് അകലുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. 1936 ൽ സർ എം. വിശ്വേശ്വരയ്യ എഴുതിയ 'ഇന്ത്യക്ക് ഒരു സാമ്പത്തികാസൂത്രണം' എന്ന ഗ്രന്ഥം ആസൂത്രണസമിതിയുടെ മാർഗരേഖയായി മാറുന്നു എന്നു കണ്ട ഗാന്ധി തന്റെ വിയോജനക്കുറിപ്പുകളും കാഴ്ചപ്പാടുകളും ശക്തമായി അവതരിപ്പിച്ചു.

രാജ്യപുരോഗതിക്ക് ത്വരിതഗതിയുള്ള വ്യവസായവല്ക്കരണം അനിവാര്യമാണ് എന്ന 'വിശ്വേശരയ്യ സിദ്ധാന്ത'ത്തോടായി



*കറാച്ചി കോൺഗ്രസ്*

ുന്ന ഗാന്ധിയുടെ പ്രധാന എതിർപ്പ്.

## ഗ്രാമാധിഷ്ഠിത ആസൂത്രണം

1946 ജൂലായ് 31 നും ആഗസ്റ്റ് ഒന്നിനും പൂണെയിൽ നടന്ന പ്രവിശ്യാ മന്ത്രിമാരുടെ ദേശീയ സമ്മേളനം മഹാത്മാഗാന്ധിയുടെ ആമുഖ പ്രഭാഷണത്തോടെയാണ് ആരംഭിച്ചത്. ഗ്രാമാധിഷ്ഠിത ആസൂത്രണം എന്ന ആശയം സ്പഷ്ടമായി അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഉള്ളവനു മാത്രമേ സമൂഹത്തിൽ നിലനില്ക്കാനാവൂ എന്നതാണ് ഇന്നത്തെ ലോകനിയമം. ദരിദ്രരുടെ ചെലവിൽ സമ്പന്നർ തടിച്ചു കൊഴുക്കുന്നു. ആ അവസ്ഥ ഇന്ത്യയിൽ സംഭവിക്കാൻ പാടില്ല. ഏറ്റവും ദുർബലനും നിസ്സഹായനുമായ മനുഷ്യന്റെ ഉന്നമനമായിരിക്കണം വികസനാസൂത്രണത്തിൽ നമ്മുടെ കേന്ദ്ര ലക്ഷ്യം".

പദ്ധതികൾ ഗ്രാമാന്തരീക്ഷത്തിനും ഗ്രാമീണജനതയുടെ പുരോഗതിക്കും അനുയോജ്യമായ രീതിയിൽ പുനഃസംവിധാനം ചെയ്യണമെന്ന് ഗാന്ധി നിഷ്കർഷിച്ചു. ഗ്രാമസമ്പദ്ഘടനയുടെ സംഘടിത വികസനമാകണം ആസൂത്രണത്തിന്റെ മുഖ്യദൗത്യം. തികച്ചും വികേന്ദ്രീകൃതവും ജനാധാരിതവുമായ ഒരു ഗ്രാമ സമ്പദ്-സാമൂഹികഘടനയുടെ രൂപരേഖയാണ് അതിന് അദ്ദേഹം മുന്നോട്ടുവച്ചത്.

കേന്ദ്രീകൃത ഭരണസംവിധാനവും സമ്പത്തിന്റെ കേന്ദ്രീകരണത്തിനിടയാക്കുന്ന യന്ത്രാധിഷ്ഠിത വ്യവസായവല്ക്കരണവും ഇന്ത്യൻ സാമൂഹിക വ്യവസ്ഥയിലുണ്ടാക്കാനിടയുള്ള അപകടങ്ങളെപ്പറ്റി ഗാന്ധി മുന്നറിയിപ്പു നല്കിയിരുന്നു.

സാമ്പത്തികാസൂത്രണത്തിൽ ശ്രദ്ധിക്കേണ്ട അഞ്ചുകാര്യങ്ങൾ അദ്ദേഹം എടുത്തുപറഞ്ഞു:

1. അത് പരമാവധി മനുഷ്യശേഷിയെ ഉപയോഗിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നതാവണം.
2. പ്രകൃതിസമ്പത്തിനെ നശിപ്പിക്കാതെയുള്ള ഉല്പാദനപരമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കണം.
3. സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതാവണം. ആഡംബരങ്ങൾക്കും സുഖഭോഗങ്ങൾക്കുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുമ്പ് സാധാരണക്കാരുടെ അടിസ്ഥാനാവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റിയിരിക്കണം.
4. ഏതുതരം സാമ്പത്തിക പ്രവർത്തനവും സമൂഹത്തിൽ ശാന്തിയും സഹവർത്തിത്തവും നിലനിർത്താൻ ഉതകുന്നതാവണം.
5. ഉപഭോഗവസ്തുക്കളുടെ ഉല്പാദനം ആസൂത്രണം ചെയ്യുമ്പോൾ കേന്ദ്രീകൃത ഉല്പാദന സമ്പ്രദായത്തെ പടിക്കു പുറത്തുനിർത്തണം.

## ജനാധാരിതം, വികേന്ദ്രീകൃതം

ഓരോ ഗ്രാമവും ഓരോ ചെറു സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. അതുകൊണ്ടു തന്നെ വ്യത്യസ്തവും അനുയോജ്യവുമായ പരിഹാരങ്ങൾ രൂപപ്പെടണം. ഒരേതരം പ്രശ്നത്തിനുതന്നെ രണ്ടു ഗ്രാമങ്ങളിൽ സമാനമായ പരിഹാരം അനുയോജ്യമായെന്നു വരില്ല. അതുകൊണ്ടുതന്നെ ആസൂത്രണം തികച്ചും ജനാധാരിതവും വികേന്ദ്രീകൃതവുമാകണം. അല്ലാത്ത പക്ഷം

ആസൂത്രണവും പദ്ധതി നിർണ്ണയവും പാഴ്‌വേലയായിരുന്നുവെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

## 'വില്ലേജ് പ്ലാൻ'

ഗ്രാമത്തെ കേന്ദ്ര ബിന്ദുവാക്കിക്കൊണ്ടുള്ള ആസൂത്രണം മാത്രമേ ഭാരതം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായകമാകൂ എന്ന് ആസൂത്രണ പ്രക്രിയയെക്കുറിച്ച് ആലോചന തുടങ്ങിയ കാലം മുതൽ മഹാത്മാഗാന്ധി വാദിച്ചു. സമഗ്രമായ ഒരു 'വില്ലേജ് പ്ലാൻ' അദ്ദേഹം തയ്യാറാക്കി അവതരിപ്പിച്ചു. 1942 ൽ "ഹരിജൻ വാരിക"യിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിന്റെ ആമുഖത്തിൽ തന്റെ ഗ്രാമ സങ്കല്പം അദ്ദേഹം ഇങ്ങനെ ക്രോഡീകരിച്ചു:



*എം. വിശ്വേശ്വരയ്യ*



*ഡോ. ഇ.എഫ്. ഷുമാക്കർ*

"അതൊരു സമ്പൂർണ്ണ റിപ്പബ്ലിക് ആയിരിക്കും. അടിസ്ഥാന ആവശ്യങ്ങളുടെ കാര്യത്തിൽ അത് അയൽ ഗ്രാമങ്ങളിൽ നിന്ന് സ്വതന്ത്രമായിരിക്കും. അതേസമയം പൊതുവായ കാര്യങ്ങളിൽ മറ്റു ഗ്രാമങ്ങളെ ആശ്രയിക്കാനുള്ള സ്വാതന്ത്ര്യം ഓരോന്നിനും ഉണ്ടായിരിക്കും. ഓരോ ഗ്രാമത്തിനും ആവശ്യമുള്ള ഭക്ഷ്യവിളകൾ, കുടിവെള്ളം, വിശ്രമിക്കാനുള്ള സൗകര്യങ്ങൾ, വിദ്യാലയങ്ങൾ, കലാസാംസ്കാരിക കേന്ദ്രങ്ങൾ, ഗ്രാമസുരക്ഷയ്ക്കുള്ള നിർബന്ധിത സേവന വ്യവസ്ഥകൾ, നിയമനിർമ്മാണത്തിനും നീതി നിർവഹണത്തിനുമുള്ള പഞ്ചായത്ത് ഭരണ സംവിധാനം എന്നിവ ഉറപ്പാക്കും".

കേന്ദ്രീകൃത ഭരണകൂടം ഗ്രാമങ്ങളിൽ നിന്ന് നികുതി പിരിക്കുന്നതും ആ തുക കേന്ദ്രത്തിലിരുന്ന് ഭരിക്കുന്നവർ സ്വയം ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്കായി വകയിരുത്തുന്നതും ഗ്രാമങ്ങളോടുകാട്ടുന്ന "അക്രമ"മായി ഗാന്ധി വിശേഷിപ്പിച്ചു.

ഗ്രാമങ്ങളുടെ ആവശ്യങ്ങളെന്തെന്ന് മനസ്സിലാക്കാനും അതിന് പ്രായോഗികമായ പരിഹാരം ആരായാനും അവ നടപ്പാക്കുന്നതിനുവേണ്ട വിഭവങ്ങൾ സ്വരൂപിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സമ്പൂർണാധികാരം ഉണ്ടായിരിക്കണമെന്ന വിപ്ലവാത്മക ആശയം അദ്ദേഹം അവതരിപ്പിച്ചു.

വികേന്ദ്രീകൃത ഉല്പാദന-വിപണന സംവിധാനത്തിനായി വാദിക്കുമ്പോഴും ദേശീയ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ആധുനിക സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അനിവാര്യമായ കേന്ദ്രീകൃത ഉല്പാദന-വിതരണ സംവിധാനം ആവശ്യമാണെന്ന് ഗാന്ധി വിശദീകരിച്ചിരുന്നു. ഉദാഹരണം: റെയിൽവെ, കമ്പിത്തപാൽ, വ്യോമ ഗതാഗതം, വൈദ്യുതി, പാതകൾ, മോട്ടോർകാർ, ജലവിതരണം.... ഇത്തരം സംരംഭങ്ങൾ പക്ഷെ സേവനാധിഷ്ഠിതമായ ഒരു പരിപാടിക്കു കീഴിൽ സർക്കാർ ഉടമസ്ഥതയിലായിരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

## ഗാന്ധിയൻ സ്വാധീനം പഞ്ചവത്സരപദ്ധതികളിൽ

ഒരു കോളനി വ്യവസ്ഥയിലെ സാമ്പത്തിക സ്ഥിതിയിൽ നിന്ന് രാജ്യത്തെ പുറത്തുകൊണ്ടുവരികയായിരിക്കണം ആസൂത്രണത്തിന്റെ പ്രഥമ ദൗത്യമെന്ന ഗാന്ധിയൻ പരിപ്രേക്ഷ്യം പ്രതിഫലിപ്പിക്കുന്നതാണ് നമ്മുടെ ഒന്നും രണ്ടും പഞ്ചവത്സര പദ്ധതികൾ.

അസമത്വം കുറച്ചുകൊണ്ടുവരാനും പ്രാദേശിക വിഭവങ്ങൾ, മനുഷ്യശേഷി, അറിവുകൾ, കഴിവുകൾ എന്നിവ രാജ്യപുരോഗതിക്ക് പ്രയോജനപ്പെടുത്താനും ഉതകുന്നതാവണം ആസൂത്രണ പ്രക്രിയ എന്ന ഗാന്ധിയുടെ നിർദ്ദേശവും പില്ക്കാല പദ്ധതികളിൽ വിവിധ പരിപാടികളായി ഉൾച്ചേർക്കപ്പെട്ടു.

'ചെറുതത്രെ മനോഹരം' (Small is Beautiful) എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ രചയിതാവായ ഡോ. ഇ.എഫ്. ഷുമാക്കർ ഈ ഗാന്ധിയൻ സമീപനത്തിന്റെ വക്താവാണ്. വൻതോതിലുള്ള ഉല്പാദനം (Mass Production) ലക്ഷങ്ങൾക്ക് പങ്കാളിത്തമുള്ള ഉല്പാദന സമ്പ്രദായമാണ് (Production by the masses) ഇന്ത്യയെപ്പോലുള്ള രാജ്യത്തിനു വേണ്ടതെന്ന് അദ്ദേഹം ആവർത്തിച്ചു പറയുന്നു. അതിന് അനുയോജ്യമായ സാങ്കേതികവിദ്യകളെക്കുറിച്ചും ഷുമാക്കർ വിശകലനം ചെയ്യുന്നു.

"Asian Drama: An enquiry into the poverty of Nations" എന്ന പുസ്തകത്തിൽ പ്രൊഫ. ഗുന്നാർ മിർഡാൽ സാമ്പത്തികാസൂത്രണങ്ങളിൽ ഗ്രാമ-കുടിൽ വ്യവസായങ്ങൾക്ക് മഹാത്മാഗാന്ധി നല്കിയ പ്രാധാന്യത്തെ "ഏറ്റവും യുക്തിസഹവും പ്രായോഗികവുമായ സമീപനം" എന്ന് വിശേഷിപ്പിക്കുകയുണ്ടായി.


1945 ൽ ഗാന്ധിജിയുടെ അവതാരിക യോടുകൂടി പ്രസിദ്ധീകരിച്ച 'ഗാന്ധിയൻ പ്ലാൻ' എന്ന പുസ്തകത്തിൽ ഗാന്ധിയുടെ ട്രസ്റ്റീഷിപ്പ് എന്ന ആശയത്തെ വ്യാഖ്യാനിച്ചുകൊണ്ട് ശ്രീമൻ നാരായൺ സോഷ്യലിസം നടപ്പാക്കുന്നതിന്റെ പ്രഥമ ചുവടുവയ്പായി വികേന്ദ്രീകൃതവികസനാസൂത്രണത്തെ അവതരിപ്പിച്ചു.

സ്വാതന്ത്ര്യലബ്ധികൊണ്ട് എല്ലാമായില്ല എന്ന് ഭരണാധികാരികളെ ഗാന്ധിജി ആവർത്തിച്ചോർമ്മിപ്പിച്ചു. വെടിയേറ്റ് മരിക്കുന്നതിന് ഏതാനും നാൾ മുമ്പ് അദ്ദേഹം എഴുതി: "കേന്ദ്രത്തിലിരിക്കുന്ന പത്തിരുപതുപേർക്ക് യഥാർഥ ജനാധിപത്യം പ്രവർത്തിപ്പിക്കാൻ കഴിയില്ല. അത് ഓരോ ഗ്രാമത്തിലെയും ജനങ്ങൾ അടിത്തട്ടിൽ നിന്ന് മുകളിലേക്ക് പ്രവർത്തിപ്പിക്കേണ്ടതാണ്" (ഹരിജൻ 1948 ജനവരി 18). എന്നാൽ എന്തുകൊണ്ടോ മഹാത്മാഗാന്ധിയുടെ വാക്കുകൾ വേണ്ടത്ര ശ്രദ്ധിക്കാതെ പോയി. വികസനാസൂത്രണവും നിർവ്വഹണവും ആരംഭിക്കേണ്ടത് ഗ്രാമതലത്തിലാവണമെന്ന ആശയം ഏറെ ചർച്ച ചെയ്യപ്പെട്ടുവെങ്കിലും പ്രായോഗിക കാരണങ്ങളാൽ അവ തുടക്കത്തിൽ അവഗണിക്കപ്പെട്ടു. അതിന് രാജ്യം കനത്ത വില നൽകേണ്ടിയും വന്നു.

## പാളിപ്പോയ പരിശ്രമങ്ങൾ

പഞ്ചവൽസര പദ്ധതികളിൽ ജനപങ്കാളിത്തം സാധ്യമാക്കുന്നതിന് ഗ്രാമതലത്തിൽ പല പദ്ധതികൾ കൊണ്ടുവന്നുവെങ്കിലും അവയൊന്നും പ്രായോഗിക തലത്തിലെത്തിയില്ല. അവയൊക്കെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ കൈപ്പിടിയിലൊതുങ്ങിനിന്നു. പ്രശ്നം പഠിക്കാൻ പല കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു.

1957 ൽ ബൽവന്ത്റായ് മേത്ത കമ്മിറ്റി, 1963ൽ സന്താനം കമ്മിറ്റി, 1978 ൽ അശോക്മേത്താ കമ്മിറ്റി, 1985 ൽ ജി.വി.കെ.റാവു കമ്മിറ്റി, 1986 ൽ എൽ.എം.സിങ്‌വി കമ്മിറ്റി എന്നിവയുടെയെല്ലാം റിപ്പോർട്ടുകളിൽ ആശാവഹമായ ഒട്ടേറെ ആശയങ്ങളും നിർദേശങ്ങളും ഉയർന്നുവന്നു. അവയിൽ ചിലത് പ്രാവർത്തികമാക്കാൻ പരിശ്രമങ്ങളുണ്ടായി. എന്നാൽ അപ്പോഴും ഗ്രാമസ്വരാജും പഞ്ചായത്തീരാജും തമ്മിലുള്ള വിടവ്



*ജവഹർലാൽ നെഹ്രു*



*സുഭാഷ് ചന്ദ്രബോസ്*

വർധിച്ചുകൊണ്ടേയിരുന്നു.

1959 ഒക്ടോബർ 2ന് രാജസ്ഥാനിൽ പഞ്ചായത്തീരാജ് സംവിധാനം ഉദ്ഘാടനം ചെയ്യവേ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു "വിപ്ലവാത്മകമായ ചരിത്രസംഭവമായി" അതിനെ വിശേഷിപ്പിച്ചു. മൂന്നു പതിറ്റാണ്ടിനുശേഷം 1990 ജൂൺ 11ന് സംസ്ഥാന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തെ സംബോധന ചെയ്യവെ അന്നത്തെ പ്രധാനമന്ത്രി വി.പി.സിങ് കൂട്ടിച്ചേർത്തു, "സ്വാതന്ത്ര്യം ആരംഭിക്കേണ്ടത് അടിത്തട്ടിൽ നിന്നാണ്. ഓരോ പഞ്ചായത്തും സമ്പൂർണ അധികാരമുള്ള റിപ്പബ്ളിക് ആവണം. അപ്പോൾ മാത്രമേ ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകൂ". രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവവും അധികാരം പങ്കുവയ്ക്കുന്നതിനുള്ള വൈമുഖ്യവുമായിരുന്നു എക്കാലവും തടസ്സമായി നിന്നത്.

ഉള്ളവനു മാത്രമേ സമൂഹത്തിൽ നിലനില്ക്കാനാവൂ എന്നതാണ് ഇന്നത്തെ ലോകനിയമം. ദരിദ്രരുടെ ചെലവിൽ സമ്പന്നർ തടിച്ചു കൊഴുക്കുന്നു. ആ അവസ്ഥ ഇന്ത്യയിൽ സംഭവിക്കാൻ പാടില്ല. ഏറ്റവും ദുർബലനും നിസ്സഹായനുമായ മനുഷ്യന്റെ ഉന്നമനമായിരിക്കണം വികസനാസൂത്രണത്തിൽ നമ്മുടെ കേന്ദ്ര ലക്ഷ്യം.

\- മഹാത്മാഗാന്ധി

പഞ്ചായത്തുകൾക്ക് ഭരണഘടനാപദവി നല്കുന്നതിലൂടെ മാത്രമേ അധികാരവികേന്ദ്രീകരണം സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞ രാഷ്ട്രീയനേതൃത്വം 1992 ൽ അതിന് മുൻകൈയെടുത്തു. 73,74 ഭരണഘടനാഭേദഗതികളിലൂടെ അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യവാക്യവുമായി പുതിയ പഞ്ചായത്തീരാജ് സംവിധാനം രാജ്യമെങ്ങും നിലവിൽ വന്നു. ത്രിതല പഞ്ചായത്ത് സംവിധാനം, വ്യക്തമായി നിർവചിക്കപ്പെട്ട സംവരണവ്യവസ്ഥകൾ, അടിത്തട്ടിലെ ആസൂത്രണത്തിന് ഗ്രാമസഭ, പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അധികാരവും വിഭവങ്ങളും, നഗരഭരണത്തിന് നഗരപാലികാനിയമം തുടങ്ങിയവ ഇച്ഛാശക്തിയുള്ള സംസ്ഥാനങ്ങൾക്ക് അവരുടെ അവസരം ഫലപ്രദമായി ഉപയോഗിക്കാനുതകുന്നതായിരുന്നു ഭരണഘടനാഭേദഗതിയിലൂടെ നടന്ന പുതിയ നിയമനിർമ്മാണം. തിരിഞ്ഞുനോക്കുമ്പോൾ പിന്നെയും ഒരു ചോദ്യം അവശേഷിക്കുന്നു: വികസനാസൂത്രണത്തിൽ മഹാത്മാഗാന്ധി വിഭാവനം ചെയ്ത വികേന്ദ്രീകരണവും ജനപങ്കാളിത്തവും എത്രത്തോളം യാഥാർത്ഥ്യമായി? ഇനി നാം എത്രദൂരം മുന്നോട്ടു പോകേണ്ടതുണ്ട്? □

ഓർമ്മ

# വി.ജെ.തങ്കപ്പൻ

## അധികാരവികേന്ദ്രീകരണത്തിന് കരുത്തുപകർന്ന കർമ്മധീരൻ

എസ്.എം. വിജയാനന്ദ്

അന്തസ്സുറ്റ നിലപാടുകളിലൂടെ, കാപട്യമില്ലാത്ത പെരുമാറ്റത്തിലൂടെ, സത്യസന്ധമായ പൊതുജീവിതത്തിലൂടെ അദ്ദേഹം അടുത്തറിയുന്നവരുടെയെല്ലാം ഹൃദയം കവർന്നു

**അധികാരവികേന്ദ്രീകരണത്തിൽ കേരളത്തെ രാജ്യത്തിന്റെ നെറുകയിലെത്തിച്ച സുപ്രധാന പരിഷ്കാരങ്ങളുടെയും പരീക്ഷണങ്ങളുടെയും അമരക്കാരനായിരുന്ന മുൻ തദ്ദേശഭരണ മന്ത്രി വി.ജെ. തങ്കപ്പന്റെ നിർണായക സംഭാവനകൾ, അദ്ദേഹത്തോടൊപ്പം തദ്ദേശഭരണ മന്ത്രാലയത്തിലും സെൻ കമ്മിറ്റിയിലും ഭരണപരിഷ്ക്കാര കമ്മിറ്റിയിലും ആസൂത്രണബോർഡിലും നിർണായക ചുമതലകൾ നിർവഹിച്ച മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് അനുസ്മരിക്കുന്നു. അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് : അജിത് വെണ്ണിയൂർ**

ഇന്ത്യയിൽ ഇന്ന് ഏറ്റവുമധികം പ്രകീർത്തിക്കപ്പെടുന്ന കേരള മാതൃകകളിലൊന്ന് അധികാരവികേന്ദ്രീകരണത്തിൽ നാം നടത്തിയ നൂതന പരീക്ഷണങ്ങളും കൈവരിച്ച നേട്ടങ്ങളുമാണ്. ആ പ്രക്രിയയിൽ അതുല്യ സംഭാവനകൾ നൽകിയ നേതാവാണ് ഈയിടെ അന്തരിച്ച മുൻമന്ത്രി വി.ജെ.തങ്കപ്പൻ. പ്രതിബദ്ധതയും ദീർഘവീക്ഷണവും കാര്യക്ഷമതയുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര.

ഭരണഘടനാ ഭേദഗതിയിലൂടെ നിലവിലുള്ള പഞ്ചായത്ത് ഭരണസംവിധാനം നിലവിൽവരുന്നതിനും ഏറെ മുൻപുതന്നെ കേരളത്തിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിരുന്നു. അതിൽ ശ്രദ്ധേയമായ ഒന്നാണ് 1991 ൽ പ്രാബല്യത്തിൽവന്ന ജില്ലാ കൗൺസിൽ സംവിധാനം. 1957 ലെ ഇ.എം.എസ് ചെയർമാനായ ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശപ്രകാരം 1958 ൽ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച കേരള പഞ്ചായത്ത് ബിൽ ആൻഡ് ഡിസ്ട്രിക്റ്റ് കൗൺസിൽ ബിൽ എന്ന ആശയം യാഥാർത്ഥ്യമായത് 1991 ൽ നായനാർ മന്ത്രിസഭയിൽ വി.ജെ.തങ്കപ്പൻ തദ്ദേശഭരണ മന്ത്രിയായപ്പോഴാണ്. അന്ന് ഞാൻ കൊല്ലം ജില്ലാ കളക്ടറായിരുന്നു; ആ നിലയിൽ ജില്ലാ കൗൺസിൽ സെക്രട്ടറിയും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കീഴിലായിരുന്നു ആ തസ്തിക. ജില്ലയിൽ സാധാരണജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ജില്ലാ കൗൺസിലിന്റെ കീഴിൽ വിന്യസിച്ചുകൊണ്ടുള്ള ആ ഭരണപരിഷ്ക്കാരം ആയിരുന്നു എന്റെ കാഴ്ചപ്പാടിൽ നമ്മുടെ രാജ്യത്ത് ഇന്നോളമുണ്ടായിട്ടുള്ള അധികാരവികേന്ദ്രീകരണ നടപടികളിൽ ഏറ്റവും വിപ്ലവാത്മകം.

ഇച്ഛാശക്തിയും ആത്മാർത്ഥതയുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമുണ്ടെങ്കിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നത്ര സ്വാതന്ത്ര്യവും അധികാരങ്ങളുമാണ് ജില്ലാ കൗൺസിലുകൾക്ക് ആ നിയമത്തിലൂടെ ലഭിച്ചത്. ഇന്നത്തെ ജില്ലാ പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളുടെ പതിന്മടങ്ങായിരുന്നു അത്. ആ നിയമം നടപ്പാക്കുന്നതിൽ വി.ജെ.തങ്കപ്പൻ കാട്ടിയ താത്പ്പര്യവും ആത്മാർത്ഥതയും ആവേശവും ഞങ്ങളെ അത്ഭുതപ്പെടുത്തിയിരുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, അനിവാര്യമായ ഭരണമാറ്റത്തോടെ മാസങ്ങൾക്കുള്ളിൽ ആ സംവിധാനം അകാലചരമമടഞ്ഞു.

എല്ലാ പഞ്ചായത്തുകളിലും ഗ്രന്ഥശാല, കളിക്കളം, ശിശുമന്ദിരം, ശ്മശാനം, ജലവിതരണപദ്ധതികൾ എന്നിവയുൾപ്പെടുത്തിയുള്ള പതിനൊന്നിന പരിപാടി ഏറ്റവും ഫലപ്രദമായി നടപ്പാക്കിയതും വി.ജെ മന്ത്രിയായിരുന്നപ്പോഴാണ്. പരിമിതമായ തനതുവരുമാനവും വികസന ഗ്രാന്റും മാത്രമുണ്ടായിരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പത്തുലക്ഷം രൂപവീതം ഉപാധിരഹിതഫണ്ട് അനുവദിച്ച് അദ്ദേഹം അവയ്ക്ക് പുതുജീവൻ നൽകി. നെയ്യാറ്റിൻകര മുനിസി

പ്പൽ കൗൺസിൽ അംഗവും ചെയർമാനുമായിരുന്ന അദ്ദേഹത്തിന്റെ പ്രായോഗിക പരിജ്ഞാനവും പ്രതിബദ്ധതയും ഈ നടപടികളിലെല്ലാം തെളിഞ്ഞുനിന്നു. സമ്പൂർണ സാക്ഷരതായജ്ഞം വിജയിപ്പിക്കുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങളെ പൂർണപങ്കാളിയാക്കുന്നതിലും അദ്ദേഹം കാട്ടിയ ശുഷ്ക്കാന്തി അവിസ്മരണീയമാണ്. ഭരണഘടനാ ഭേദഗതിയിലൂടെ രാജ്യത്താകമാനം പുതിയ പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നപ്പോൾ കേരളത്തിൽ ഫലപ്രദമായി അതു നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പശ്ചിമബംഗാൾ ഫിനാൻസ് കമ്മിഷൻ ചെയർമാനായിരുന്ന ഡോ.എസ്.ബി.സെൻ അധ്യക്ഷനും വി.ജെ.തങ്കപ്പൻ ഉപാധ്യക്ഷനുമായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. എം.എൽ.എമാരായ പ്രകാശ് ബാബുവും ടി.കെ.ബാലനും ഡോ.എം.എ. ഉമ്മൻ, ടി.എൻ ജയചന്ദ്രൻ, ഡോ.എം.പി.പരമേശ്വരൻ, പി.കെ.ശിവാനന്ദൻ, കെ.മോഹൻദാസ് എന്നിവരും ഉൾപ്പെട്ട വിദഗ്ധസമിതിയുടെ മെംബർ സെക്രട്ടറി ഈ ലേഖകനായിരുന്നു. കമ്മിറ്റിയുടെ പ്രഥമ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞപ്പോൾ തന്നെ ഡോ.സെൻ അന്തരിച്ചതുകാരണം അതു പിന്നീട് ഫലത്തിൽ വി.ജെ.തങ്കപ്പൻ കമ്മിറ്റിയായി മാറുകയായിരുന്നു. എല്ലാ അംഗങ്ങളുടെയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് വി.ജെ.യുടെ സജീവനേതൃത്വത്തിൽ നടന്ന അത്യന്തം സൂക്ഷ്മതയോടും ഭാവനയോടും കൂടിയ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഫലമാണ് അധികാരവികേന്ദ്രീകരണത്തിൽ ദേശീയമാതൃകയായി മാറിയ വികേന്ദ്രീകൃതാസൂത്രണം അഥവാ ജനകീയാസൂത്രണം. പല കമ്മിറ്റികളുടെയും പ്രവർത്തനം റിപ്പോർട്ട് സമർപ്പണത്തോടെ വിസ്മൃതിയിലാവുന്ന കാഴ്ച യാണ് 36 വർഷത്തെ സേവനത്തിനിടയിൽ എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ സെൻ കമ്മിറ്റി റിപ്പോർട്ട് അതിനൊരപവാദമാണ്. റിപ്പോർട്ടിലെ മുഖ്യശുപാർശകളൊക്കെ സർക്കാർ അംഗീകരിച്ചു എന്നു മാത്രമല്ല, വളരെ കാര്യക്ഷമതയോടെ നടപ്പാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തു.



സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി തുകയുടെ 30-40 ശതമാനം പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് വീതിച്ചുനല്കുകയും അത് വിനിയോഗിക്കുന്നതിന് വിശദമായ മാർഗരേഖകൾ തയ്യാറാക്കുകയും ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിച്ചുനൽകുകയും ചെയ്ത് അർത്ഥവും ആളും അധികാരവും നൽകി വികസനത്തിൽ പരമാവധി ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുതകുന്ന ശുപാർശകളാണ് ആ കമ്മിറ്റി അതീവസൂക്ഷ്മതയോടെ തയ്യാറാക്കിയത്.

കേന്ദ്ര വിവരാവകാശനിയമം നിലവിൽ വരുന്നതിനും വർഷങ്ങൾക്കു മുൻപ്, 1999ൽ രാജ്യത്താദ്യമായി തദ്ദേശഭരണതലത്തിൽ അത് നടപ്പാക്കിയതും അഴിമതി തടയുന്നതിനുള്ള ഓംബുഡ്സ്മാൻ സംവിധാനം ഏർപ്പെടുത്തിയതും ആ കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ്. ഖരമാലിന്യസംസ്ക്കരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഖ്യഉത്തരവാദിത്തമാക്കി നിജപ്പെടുത്തിയതും സർക്കാരിന് മറ്റു പലസംസ്ഥാനങ്ങളിലും നിലവിലുള്ളതുപോലെ പഞ്ചായത്തുകളുടെ പ്രമേയങ്ങളെ റദ്ദുചെയ്യാനോ ഭരണസമിതികളെ പിരിച്ചുവിടാനോ കഴിയാത്ത വിധം ശക്തമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയതും അതിശക്തമായ രാഷ്ട്രീയ സമ്മർദ്ദങ്ങളെ അതിജീവിച്ചായിരുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളെ ശരിയായ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിന് തടസ്സമായി നിന്ന മുപ്പതിൽപ്പരം നിയമങ്ങളെയും ചട്ടങ്ങളെയും 'ഡീസെൻട്രലൈസേഷൻ ഒഫ് പവേഴ്സ്' എന്ന ഒറ്റ നിയമത്തിലൂടെ ഭേദഗതി ചെയ്തതിന്റെ മുഖ്യസൂത്രധാരകൻ വി.ജെ യായിരുന്നു. അതും എനിക്ക് ഒരു പുതിയ പാഠമായിരുന്നു.

1997 ൽ മുഖ്യമന്ത്രി ഇ.കെ. നായനാർ അധ്യക്ഷനായ ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ഉപാധ്യക്ഷൻ എന്ന നിലയിൽ വി.ജെ നൽകിയ സംഭാവനകൾ നിർണായകമാണ്. അതിലെ ഒരു സുപ്രധാന ശുപാർശയാണ് കേരള സിവിൽസർവീസ് രൂപീകരണം. ശക്തമായ പ്രതിരോധം കാരണം ഇരുപതുകൊല്ലം നടപ്പാക്കാൻ കഴിയാതെ പോയ ആ ശുപാർശയാണ് ഇപ്പോൾ പ്രവൃത്തിപഥത്തിലെത്തിയിരിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ പഞ്ചിങ്ങ് നിർബന്ധമാക്കാനുള്ള ശുപാർശയും ആ കമ്മിറ്റിയുടെതാണ്. 2006 ൽ തദ്ദേശഭരണ കൺസൾട്ടേറ്റീവ് കമ്മിറ്റി ചെയർമാനായിരിക്കെ അദ്ദേഹം മുന്നോട്ടുവച്ച ആശയമാണ് ഇപ്പോൾ തദ്ദേശഭരണരംഗത്ത് യാഥാർത്ഥ്യമാകുന്ന 'സിംഗിൾ സർവീസ് സംവി ധാനം. എല്ലാവരുടെയും ആശയങ്ങളെ ഉൾക്കൊള്ളാനും ഉദ്യോഗസ്ഥരെ അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്താനുമുള്ള വി.ജെ.യുടെ കഴിവ് അനിതരസാധാരണമാണ്. ഒരിക്കലും അദ്ദേഹം സഹപ്രവർത്തകരോടും ഉദ്യോഗസ്ഥരോടും അധികാരഭാവം കാട്ടിയിട്ടില്ല. പുതിയ ആശയങ്ങളെയും പ്രായോഗിക നിർദ്ദേശങ്ങളെയും അദ്ദേഹം എന്നും സ്വാഗതം ചെയ്തു. അതു നല്കിയവരെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതേ സമയം അഴിമതിക്കും പക്ഷപാതത്തിനുമെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുകയും ചെയ്തു.

അന്തസ്സുറ്റ നിലപാടുകളിലൂടെ, കാപട്യമില്ലാത്ത പെരുമാറ്റത്തിലൂടെ, സത്യസന്ധമായ പൊതുജീവിതത്തിലൂടെ അദ്ദേഹം അടുത്തറിയുന്നവരുടെയെല്ലാം ഹൃദയം കവർന്നു. വി.ജെ.യെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം എല്ലാ രാഷ്ട്രീയനേതാക്കളും ഭരണകർത്താക്കളും അദ്ദേഹത്തെപ്പോലെയായിരുന്നുവെങ്കിൽ എന്ന് ചിന്തിച്ചുപോയിട്ടുണ്ട്.

□

ക്ഷേമം

# വയോജനസൗഹൃദ പ്രാദേശികഭരണം എന്ത്? എങ്ങനെ?

ഡോ.പീറ്റർ എം.രാജ്

**മുതിർന്ന പൗരരുടെ ജനസംഖ്യ ഇന്ത്യയിൽ 8.6% ശതമാനമാണെങ്കിൽ കേരളത്തിൽ 12.6% ശതമാനമാണ്. 2026-ൽ ഇത് 23% ആകും.**

വയോജനങ്ങൾക്ക് അന്തസ്സും സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന, സ്വസ്ഥവും സംതൃപ്തവുമായ ശേഷജീവിതകാലം പ്രദാനം ചെയ്യുന്ന ഭരണക്രമമാണ് വയോസൗഹൃദ ഭരണം. ലോകമെമ്പാടും വയോജനസംഖ്യയിൽ മാറ്റം വരുന്നതോടൊപ്പം തന്നെ വയോജന വികസന മുൻഗണനകളിലും മാറ്റം വന്നുകൊണ്ടിരിക്കുന്നു. മുതിർന്ന പൗരർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണക്കിലെടുത്തും അവരുടെ അവകാശം ഉറപ്പാക്കുന്നതിനുമായി ഐക്യരാഷ്ട്രസഭ വയോജനങ്ങൾക്കായി അന്താരാഷ്ട്ര അവകാശപത്രികയും ഇന്ത്യ ദേശീയ വയോജന നയവും (നാഷണൽ പോളിസി ഓൺ ഓൾഡർ പേഴ്സൺ - NPOP 1999 & 2011) പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ വയോജന നയത്തിന്റെ ചുവടു പിടിച്ച് 2006 ൽ കേരള സർക്കാർ വയോജനനയം പ്രഖ്യാപിച്ചു. അറുപത് വയസ്സിനുമേൽ പ്രായമുള്ള എല്ലാവരുടെയും താൽപര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി സംസ്ഥാന വയോജന നയം അംഗീകരിക്കുന്നു. മുതിർന്ന പൗരർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തികസ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുകയും അവർക്ക് യോജിക്കുന്ന അവസരങ്ങൾ കണ്ടെത്തി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിലും ശ്രദ്ധചെലുത്തുകയാണ് ഈ നയങ്ങളുടെ കാതൽ.

ഇന്ത്യയിൽ ആനുപാതികമായി ഏറ്റവും കൂടുതൽ വയോജനങ്ങളുള്ളത് കേരളത്തിലാണ്. 60 വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന പൗരരുടെ ജനസംഖ്യ 2011 സെൻസസ് പ്രകാരം ഇന്ത്യയിൽ 8.6% ശതമാനമാണെങ്കിൽ കേരളത്തിൽ 12.6% ശതമാനമാണ്. ഇത് 2026ൽ 23% ആകും എന്ന് കണക്കാക്കപ്പെടുന്നു. മുതിർന്ന പൗരർക്കിടയിൽ വനിതകളാണ് അധികവും. ഇവരിൽ 55 ശതമാനവും വൈധവ്യം ബാധിച്ചവരാണെന്നത് പ്രത്യേകതയാണ്. കേരളത്തിലെ പൊതുജനസംഖ്യാനിരക്ക് വർദ്ധന 1.39 ശതമാനമാണെങ്കിൽ മുതിർന്നവരുടെ വർദ്ധന 3.26 ശതമാനമാണ്. മുതിർന്നവരിൽ തന്നെ അതിവൃദ്ധരുടെ (70 പ്ലസ്സ്) വർദ്ധന നിരക്ക് നവവൃദ്ധരുടേതിന്(60 പ്ലസ്സ്) അപേക്ഷിച്ച് കൂടുതലാണ്. ഇന്ത്യയിലെ വൃദ്ധസദനങ്ങ ളിൽ അഞ്ചിൽ ഒന്ന് കേരളത്തിലാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിലൊട്ടേറെ പോരായ്മകളുണ്ട്. ആരോഗ്യമുള്ളവർക്ക് മാത്രമാണ് ഈ സ്ഥാപനങ്ങളിൽ സാധാരണയായി പ്രവേശനം നൽകുന്നത്. ദീർഘകാല രോഗങ്ങളും മാരകരോഗങ്ങളും പിടിപെട്ട വൃദ്ധരെ ശുശ്രൂഷിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ലഭ്യമല്ല. സാമൂഹ്യ രംഗത്തും ജനസംഖ്യയിലും വന്ന മാറ്റങ്ങൾ വയോജനങ്ങളുടെ സമാധാനപൂർവമുള്ള ജീവിതത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

### വയോജനങ്ങളുടെ തരംതിരിവുകൾ

ദേശീയ വയോജന നയം 1999 പ്രകാരം വയോജനങ്ങളെ പട്ടികയിൽ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് 60 വയസ്സ് കഴിഞ്ഞ എല്ലാവരും ഒരേ വിധത്തിലല്ലെന്നും ഓരോ പ്രായ വിഭാഗങ്ങൾക്കും വ്യത്യസ്തമായ പ്രശ്നങ്ങളും ആവശ്യങ്ങളും ഉണ്ടെന്ന് ബോധ്യപ്പെടുത്തുകയുമാണ്.



### വയോജനങ്ങളുടെ തരം തിരിവുകൾ

| വയോജന വിഭാഗം | പ്രായ വിഭാഗം | ആരോഗ്യ സവിശേഷതകൾ |
|---|---|---|
| യുവ വൃദ്ധർ | 60 - 69 | ഭേദപ്പെട്ട ആരോഗ്യം |
| വൃദ്ധർ | 70 - 79 | വാർദ്ധക്യകാല രോഗങ്ങളും ബലക്ഷയവും |
| വയോവൃദ്ധർ | 80 - 89 | വാർദ്ധക്യകാല രോഗങ്ങളും ബലക്ഷയവും, മറവി പ്രശ്നങ്ങൾ |
| മഹാവൃദ്ധർ | 90 + | സങ്കീർണ്ണമായ ശേഷീശോഷണവും ഓർമ്മക്കുറവും |

## പ്രാദേശിക സർക്കാരുകളും വയോജന വികസനവും

വയോജന വികസന മേഖലയിൽ ഇന്ന് പ്രാദേശിക സർക്കാരുകൾക്ക് ഒട്ടനവധി ഉത്തരവാദിത്തമുണ്ട്. അധികാരവികേന്ദ്രീകരണം നൽകുന്ന അവസരങ്ങൾ പ്രത്യേകിച്ച് പണവും ഉദ്യോഗസ്ഥരെയും എങ്ങനെ വയോജന ശാക്തീകരണത്തിന് കാര്യക്ഷമമായി ഉപയോഗിക്കാം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിന് പഞ്ചായത്തുകളുടെ വിവിധ പ്രവർത്തനങ്ങളിലെ വയോജനങ്ങളുടെ പങ്കാളിത്തം പ്രധാനപ്പെട്ട ഘടകമാണ്. കേരളത്തിലെ ഒട്ടനവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വയോജന ശാക്തീകരണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചു പോരുന്നു. വയോജനക്ഷേമത്തിനായുള്ള നിർബന്ധിത തുക വകയിരുത്തലും വയോജനങ്ങളുടെ തന്നെയുള്ള പങ്കാളിത്ത വേദികളുടെ ശാക്തീകരണവും വയോജനങ്ങൾക്ക് അനുയോജ്യമായ സേവന ശൃംഖല രൂപപെടുത്താൻ സഹായകരമായിട്ടുണ്ട്. ആരോഗ്യ, ഭക്ഷ്യസുരക്ഷ, നിയമ പരിരക്ഷ, സ്വയം തൊഴിൽ, വയോജന അയൽക്കൂട്ടങ്ങൾ, വയോജന ഗ്രാമസഭകൾ എല്ലാം തന്നെ ഇതിന്റെ ഉദാഹരണങ്ങളാണ്.

അങ്കണവാടി, സ്കൂളുകൾ, ആശുപത്രികൾ, മറ്റു ക്ഷേമസ്ഥാപനങ്ങൾ എന്നിവയെ വയോജനസൗഹൃദമാക്കൽ, കാലഘട്ടത്തിനനുയോജ്യമായ വയോജനസൗഹൃദ സേവനസംവിധാനങ്ങൾ ഒരുക്കുക - ഇതിനാവശ്യമായ തുക വകയിരുത്തുക, പാർക്ക്, ലൈബ്രറി തുടങ്ങി വയോജനങ്ങൾ ഒത്തുചേരുന്ന പൊതുഇടങ്ങളെ വയോജനസൗഹൃദമാക്കൽ, വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ ഗ്രാമസഭ, അയൽക്കൂട്ടങ്ങൾ തുടങ്ങിയ വയോ സൗഹൃദ പങ്കാളിത്ത വേദികളെ ശാക്തീകരിക്കൽ, സമ്പൂർണ്ണ വയോജന വിവരശേഖരണം നടത്തൽ, പൊതുസമൂഹത്തിന്റെ മനോഭാവ മാറ്റത്തിനായി ഐ ഇ സി സംവിധാനങ്ങൾ ഒരുക്കൽ എന്നിവ വയോജനസൗഹൃദ ഭരണത്തിന്റെ പൊതു സമീപനമായി കരുതാം.

കേരളത്തിലെ പല തദ്ദേശഭരണസ്ഥാപനങ്ങളും സംസ്ഥാന വയോജന നയത്തിന് അനുസൃതമായി പ്രാദേശിക വയോജന നയങ്ങളും കർമ്മപരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പ്രാദേശിക നയങ്ങളിൽ മാതൃകയാക്കാവുന്ന ഒന്ന് തൂണേരി ബ്ലോക്ക് പഞ്ചായത്ത് 2012-17 വർഷത്തേക്ക് പ്രഖ്യാപിച്ച കർമ്മപരിപാടികളും വയോജനനയവും ആണ്. വയോജനങ്ങളുടെ ക്ഷേമവും അവകാശവും ഉറപ്പുവരുത്തുന്നതിന് കൃത്യവും വ്യക്തവുമായ സ്ഥിതി വിവരകണക്കുകൾ തദ്ദേശസ്ഥാപനങ്ങ



ളിൽ ലഭ്യമായിരിക്കണം. തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ വയോജന പദ്ധതി നടപ്പാക്കാൻ നിയോഗിക്കപ്പെട്ട 'സായൂജ്യ വയോജനസഭ' (മുതിർന്ന പൗരരുടെ അയൽക്കൂട്ടം) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയാണ്. ബ്ലോക്ക് പരിധിയിൽ ആകെയുള്ള 21603 വയോജനങ്ങളിൽ 12453 വയോജനങ്ങൾ സായൂജ്യ വയോജന സഭയിൽ അംഗത്വമെടുത്തിട്ടുണ്ട്.

## പകൽവീട്

ഒരു പ്രദേശത്തെ വയോജനങ്ങൾക്ക് സ്വതന്ത്രമായി ഒത്തുചേരുന്നതിനും വിശ്രമിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും സാധ്യമായ മറ്റു പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കഴിയുംവിധം തദ്ദേശഭരണസ്ഥാപനം ആരംഭിച്ച് നടപ്പാക്കുന്ന സാമൂഹ്യ കേന്ദ്രമാണ് പകൽവീട്. പകൽവീടിന് സ്ഥിരമായി കെട്ടിടം ഇല്ലെങ്കിൽ സ്കൂൾ ക്ലാസ്സ് മുറികളോ, അങ്കണവാടി/ഡേ കെയർ സൗകര്യങ്ങളോ ഉപയോഗപ്പെടുത്താവുന്നതാണ്. കേവലം ഒരു പകൽ വീട് എന്ന നിലയിൽനിന്നും ഒരു റിസോഴ്സ് സെന്റർ എന്ന നിലയിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ചെയ്തതുപോലെ കേന്ദ്രീകൃത പകൽവീടും ഉപപകൽവീടുകളും അങ്കണവാടികളെ കേന്ദ്രീകരിച്ച് വയോജനവേദികളും രൂപീകരിക്കാം. എന്നാൽ വെളിയാമറ്റം ഗ്രാമപഞ്ചായത്ത് പട്ടികവർഗ്ഗ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വ്യക്തമായ വയോജനപ്രശ്നങ്ങൾ സൂക്ഷ്മതലത്തിൽ കണ്ടെത്താൻ വയോജനങ്ങളുടെ പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ഗോത്രമേഖലയിൽ പ്രത്യേകമായി പകൽവീടിന് രൂപം കൊടുക്കുകയുമായിരുന്നു ചെയ്തത്.

മുതിർന്ന പൗരർക്ക് ഒത്തുകൂടുന്നതിനും പരസ്പരം ആശയവിനിമയം നടത്തുന്നതിനും ലഘുവിനോദങ്ങൾക്കും സന്തോഷകരമായ അഭിപ്രായപ്രകടനങ്ങൾക്കുമെല്ലാമായി ഉതകുന്ന അനൗപചാരികമായ പൊതുഇടങ്ങൾ ശാക്തീകരിച്ച് വയോസൗഹൃദമാക്കണം. തദ്ദേശസ്ഥാപനത്തിന്റെ ഓഫീസ് മുതൽ ആശുപത്രികൾ, വിദ്യാലയങ്ങൾ, പൊതുഇടങ്ങൾ എന്നിങ്ങനെ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ളതും സ്വകാര്യ സംരംഭകർ നടത്തുന്ന പൊതുസ്ഥാപനങ്ങളിലും തടസ്സവിമുക്തമായ



പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിരന്തര ഇടപെടൽ നടത്തേണ്ടതാണ്.

## വയോജനസൗഹൃദ ഭരണം : ഇടപെടൽ മേഖലകൾ

വയോജനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലാണ് പ്രാദേശിക സർക്കാരുകൾ നടത്തേണ്ടത്. ഏതെല്ലാം മേഖലകളിലാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇടപെടലുകൾ വേണ്ടിവരുന്നതെന്ന തിട്ടപ്പെടുത്തേണ്ടത് പ്രധാനമാണ്. വയോജനസൗഹൃദ ഇടപെടലുകളെ 12 മേഖലകളായി തരം തിരിക്കാം.

1. ആരോഗ്യപരിചരണം, സേവനം
2. സാമൂഹ്യസുരക്ഷ
3. നിയമസഹായം
4. വയോജന പങ്കാളിത്തം
5. വയോജനസൗഹൃദ ആസൂത്രണം
6. പൊതു ഇടങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ
7. പൊതുപങ്കാളിത്തം
8. കുടുംബശാക്തീകരണം
9. നൈപുണീ നവീകരണം
10. വരുമാനദായക സംവിധാനം
11. സാന്ത്വന പരിചരണം
12. സാമൂഹ്യമനോഭാവമാറ്റ വിനിമയം (BCC IEC)

## വയോജനസൗഹൃദ പ്രാദേശികഭരണം പ്രവർത്തിപഥത്തിലേക്ക്

വയോജനസൗഹൃദ പ്രാദേശികഭരണം ഉറപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ ഇവിടെ പ്രതിപാദിക്കുന്നു.

- വയോസൗഹൃദ തദ്ദേശഭരണം പ്രവർത്തിപഥത്തിലേക്ക് എത്തിക്കുന്നതിന് ഒരു നയമായി ഭരണസമിതി അംഗീകരിക്കുക.
- വയോജനങ്ങളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക.
- തദ്ദേശസർക്കാർ തലത്തിൽ പ്രത്യേക വയോജനഗ്രാമസഭ വിളിച്ചു ചേർക്കുക.
- മുതിർന്ന പൗരർക്കായുള്ള അയൽകൂട്ടങ്ങൾ/ക്ലബ്ബുകൾ എന്നിവ രൂപീകരിക്കുവാൻ നേതൃത്വം നൽകുക.
- വയോസൗഹൃദഭരണം സ്ഥാപിക്കുന്നതിന് പ്രാദേശികതല സഹായസമിതിക്ക് രൂപം നൽകുക.
- അവസ്ഥാ വിശകലനത്തിന്റെയും ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വയോജന കർമ്മപദ്ധതി തയ്യാറാക്കുക.
- വയോസൗഹൃദ ഭരണ പ്രാരംഭ വിളംബരം.
- ബഡ്ജറ്റ് വകയിരുത്തലും വിവിധ സേവനമേഖലകളുടെ സംയോജിത പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തൽ.
- ദൃശ്യതയിലെത്തുന്ന സംയോജിത പ്രോജക്ടുകൾ (അയൽകൂട്ടങ്ങൾ, പകൽവീടുകൾ, വയോസൗഹൃദ പൊതു ഇടങ്ങൾ, സംയോജിത സേവന പ്രോജക്ടുകൾ, ജീവിതശൈലീരോഗപ്രതിരോധം, പങ്കാളിത്തവേദികൾ, യോഗ പരിശീലനങ്ങൾ തുടങ്ങിയവ)
- വയോജനങ്ങൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ്.
- വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനക്ഷമമായ മോണിട്ടറിംഗും വിലയിരുത്തലും.

□

*(ലേഖകൻ കിലയിൽ അസോസിയേറ്റ് പ്രൊഫസറാണ്)*




# വയോജന ക്ഷേമം പകൽവീടുകളിലൂടെ

■ യഹ്യാഖാൻ തലക്കൽ

**മൂപ്പൈനാടിൽ പകൽവീടുകൾ വയോജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ പുതിയ ഉന്മേഷവും ഉൽസാഹവും ഉണർവ്വും ഉണ്ടാക്കിയിട്ടുണ്ട്.**

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്താണ് വയോജന ക്ഷേമ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കേരളത്തിലെ 82 പഞ്ചായത്തുകളിൽ 21 വിഷയങ്ങളിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും കിലയും സംയുക്തമായി നടത്തിയ ക്യാപ്ഡക്ക് പ്രോഗ്രാമിന്റെ പ്രവർത്തനോന്മുഖ പഠന പരിപാടിയുടെ ഭാഗമായാണ് മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് 2010-11 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വയോജന മേഖലയിലെ പ്രശ്നങ്ങളും വിഷയങ്ങളും കൃത്യമായി പഠനം നടത്തി പ്രശ്ന പരിഹാരവും അതിന്റെ സാധ്യതകളും കൃത്യമായി പ്രതിപാദിച്ച് ഒരു പ്രവർത്തനോന്മുഖ കർമ്മപദ്ധതി തയ്യാറാക്കിയത്.

സന്ദീപനം എന്ന പേരിൽ തയ്യാറാക്കിയ കർമ്മപദ്ധതി 12,13 പഞ്ചവത്സര പദ്ധതികളിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തി തുടർച്ചയായി നടത്തിവരുന്നു. ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 9.67% വരുന്ന വയോജനങ്ങൾക്ക് ഗുണം ലഭിക്കുന്നതരത്തിൽ വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. കുടുംബശ്രീ മാതൃകയിൽ വയോജനങ്ങൾക്കിടയിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അംഗൻവാടികൾ കേന്ദ്രീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും ഓരോ അയൽക്കൂട്ടങ്ങൾക്കും അംഗൻവാടി വർക്കർ, അയൽക്കൂട്ടം പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് എടുക്കുകയും ചെയ്തു. കൃത്യമായി മാസാന്ത്യയോഗം ചേരുന്ന 43 വയോജന അയൽക്കൂട്ടങ്ങൾക്ക് വിവിധങ്ങളായ സൂക്ഷ്മ സംരംഭങ്ങൾക്കുവേണ്ടി 10000 രൂപ മുതൽ 50000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകി. ഇവയിൽ അധിക അയൽകൂട്ടങ്ങളും മുട്ടക്കോഴി വളർത്തൽ, ആട്ടവളർത്തൽ, പച്ചക്കറി കൃഷി, ഭക്ഷ്യവിള കൃഷി എന്നിവയാണ് ചെയ്തുവരുന്നത്.

സന്ദീപനം കർമ്മപദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നായിരുന്ന വയോജനങ്ങൾക്കുള്ള പകൽവീടുകൾ വേണമെന്നുള്ളത്. എന്നാൽ എവിടെ,



എങ്ങനെ, ആര് നടപ്പിലാക്കും എന്നത് വലിയ പ്രയാസം സൃഷ്ടിച്ചു. പകൽവീട്ടുകൾ ആരംഭിച്ചാൽ തന്നെ വയോജനങ്ങൾ പകൽവീട്ടുകളിൽ നിത്യേന വരുമോ എന്ന ആശങ്കയും ഉണ്ടായിരുന്നു.

വയോജന ഗ്രാമസഭയും വയോജന ക്ലബ്ബുകളും നിർബന്ധമായും പകൽവീട്ടുകൾ വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2016-17 വാർഷിക പദ്ധതിയിൽ പഞ്ചായത്തിലെ മൂന്നിലധികം വാർഡുകൾ കൂടിച്ചേരുന്ന നെടുങ്കരണ, താഴെഅരപ്പറ്റ, ആനടിക്കാപ്പ് എന്നിവിടങ്ങളിൽ പകൽവീട് ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും പണം വകയിരുത്തുകയും ചെയ്തു.

അഞ്ച് പദ്ധതികളാണ് ആദ്യഘട്ടത്തിൽ തയ്യാറാക്കിയത്. സ്ഥാപനം തുടങ്ങാനുദ്ദേശിച്ച മേഖലകളിൽ സൗജന്യമായോ, ലീസ്സിനോ, വാടകയ്ക്കോ സൗകര്യ പ്രദമായ കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗരഹിതമായിരുന്ന ആനടിക്കാപ്പിലെ സാംസ്കാരിക നിലയവും ഹാരിസൺസ് മലയാളം കമ്പനിയുടെ ഉടമസ്ഥതയിലുള്ള പ്രവർത്തനരഹിതമായ താഴെ അരപ്പറ്റയിലെയും നെടുങ്കരണയിലെയും ബാലവാടി കെട്ടിടങ്ങളും സൗജന്യമായി ഉറപ്പാക്കുകയും അത്യാവശ്യമായ അറ്റകുറ്റ പ്രവർത്തികൾ നടത്തി വെള്ളം, വെളിച്ചം, ശൗചാലയം എന്നിവ സജ്ജമാക്കുകയും ചെയ്തു.

ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നിർവ്വഹണ ചുമതലയുള്ള മൂന്ന് പദ്ധതികളും അലോപ്പതി, ആയുർവ്വേദ ഡോക്ടർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി രണ്ട് പദ്ധതികളുമാണ് ആദ്യ ഘട്ടത്തിൽ പഞ്ചായത്ത് ആരംഭിച്ചത്.

**പകൽവീട്ടുകളിലേക്ക് ഉപകരണങ്ങൾ**

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്ഥാപനത്തിലേക്കാവശ്യമായ മുഴവൻ പാത്രങ്ങൾ, ഗ്യാസ് സ്റ്റൗ, ഗ്യാസ്കണക്ഷൻ എന്നിവ വാങ്ങി.

**പകൽവീട്ടുകളിലേക്ക് ഫർണിച്ചർ**

പകൽവീട്ടുകളിലേക്ക് ആവശ്യമായ ബഞ്ച്, കസേര, മേശ, കട്ടിൽ, അലമാര എന്നിവ വാങ്ങി.

**ദൈനംദിന പ്രവർത്തനങ്ങൾ**

അംഗൻവാടി മാതൃകയിൽ പകൽവീട്ടുകളിലേക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്ന് വാങ്ങുന്നതിനും പകൽവീട് വൃത്തിയായി സൂക്ഷിക്കുന്നതിനും നിത്യേന പകൽവീട്ടുകളിൽ ആവശ്യമായ ഭക്ഷണം പാകം ചെയ്യുന്നതിനും ആസ്തികളുടെ സംരക്ഷണവും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് മാസം 7000 രൂപ നിരക്കിൽ ഓണറേറിയം നൽകി ഒരു കെയർ ടേക്കറെ നിയമിച്ചു.

കെയർടേക്കർ രാവിലെ വയോജനങ്ങൾക്ക് ചായയും സ്നാക്സും (ബിസ്കറ്റ്/റസ്ക്/ബ്രഡ്) ഉച്ചഭക്ഷണവും നൽകും. കഴിയുന്നത്ര അംഗങ്ങൾ സഹകരിച്ചാണ് ഉച്ചഭക്ഷണം തയ്യാറാക്കുന്നത്. വൈകിട്ട് കട്ടൻചായ കൂടി കുടിച്ച് ഓരോ അംഗവും പകൽവീട്ടിൽ നിന്നും വീടുകളിലേക്ക് മടങ്ങും. ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി, സാമൂഹ്യസുരക്ഷിതത്വ വർക്കിംഗ് ഗ്രൂപ്പ്, വയോജന സംഘടനാ പ്രതിനിധികൾ ഉൾപ്പടെയുള്ള 7 അംഗ മോണിറ്ററിംഗ് സമിതി ഈ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

**മെഡിക്കൽ ക്യാമ്പ്**

രണ്ട് മാസത്തിലൊരിക്കൽ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പകൽവീട്ടുകൾ സന്ദർശിക്കുകയും ആവശ്യമായ പരിശോധനയും ചികിത്സയും മരുന്നും നൽകിവരുന്നു.

**ആയുർവ്വേദ മെഡിക്കൽക്യാമ്പ്**

മാസത്തിൽ ഒരുതവണ ആയുർവ്വേദ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പകൽവീട്ടുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് ആവശ്യമായ പരിശോധനയും ചികിത്സയും മരുന്നും വിതരണം ചെയ്യുന്നു.

കുട്ടികൾ ഉല്ലാസയാത്രയ്ക്കു പോകുന്ന ആവേശത്തോടെയാണ് അന്തേവാസികൾ പകൽവീട്ടുകളിൽ വന്ന് പോകുന്നത്. ഒറ്റയ്ക്ക് വരുന്നവരും മക്കളോ, കുടുംബാംഗങ്ങളോ കൊണ്ട് വരുന്നവരും കൊണ്ട് പോകുന്നവരുമൊക്കെയുണ്ട് ഇവരുടെയിടയിൽ.

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് തോട്ടം മേഖലയാണ്. അതിനാൽ തന്നെ വയോജനങ്ങളിലധികം പേരും എസ്റ്റേറ്റുകളിൽ 55 വയസ്സ് വരെ ഒന്നിച്ച് തൊഴിലെടുത്തവരാണ്. തോട്ടങ്ങളിൽ നിന്നും പിരിഞ്ഞതിന് ശേഷം പകൽവീട്ടുകൾ ഇവർക്ക് വലിയ മാനസിക ഉല്ലാസമാണ് നൽകുന്നത്. അതിനാൽ തന്നെ ഇവർ ഗ്രാമസഭകളിലും മറ്റ് വികസന കാര്യങ്ങളിലും വളരെ സജീവമാണ്. ഒരു പ്രായം ചെന്നയാൾ വീട്ടിലുണ്ടെങ്കിൽ ഒരാൾ കൂടി വീട്ടിലിരിക്കേണ്ടതായ സാഹചര്യമായിരുന്നു. എന്നാൽ കുട്ടികൾ വിദ്യാലയത്തിലേക്കിറങ്ങുന്നതിനോടൊപ്പം വീട്ടിലെ എല്ലാവർക്കും തൊഴിലിന് പോകാനുള്ള അവസരം ലഭിക്കുന്ന സാഹചര്യമുണ്ടായത് ഇവരുടെ കുടുംബത്തിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് വഴിവെച്ചു. കൂടാതെ വയോജനങ്ങളുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പിനും പകൽവീട് വലിയ പങ്കാളിത്തം വഹിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തോളമായി മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ 3 പകൽവീട്ടുകളിലായി നൂറ്റിയിരുപതോളം പേർ നിത്യേന വന്ന് പോവുന്നു.

പകൽവീട്ടുകൾ വയോജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ പുതിയ ഉന്മേഷവും ഉൽസാഹവും ഉണർവ്വും ഉണ്ടാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് ഒത്തുകൂടാനും അറിവും അനുഭവങ്ങളും പങ്കുവെയ്ക്കാനും ഊർജ്ജ്വസ്വലമായ ജീവിതം നയിക്കാനും പകൽവീട്ടുകൾ വർദ്ധിച്ച സൗകര്യങ്ങളോടെ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നു. □

*(ലേഖകൻ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ്.)*

**പരിസ്ഥിതി**



# ഇനിയും മരിക്കാത്ത ഭൂമി

■ **ഡോ. ഡി. പത്മലാൽ**

ഏപ്രിൽ 22 - ലോക ഭൗമദിനം. ഈ വർഷത്തെ ഭൗമദിനാചരണ സന്ദേശം ''Protect our species'' (രക്ഷിക്കാം നമ്മുടെ സ്പീഷീസുകളെ) എന്നതാണ്

പാരിസ്ഥിതിക വിഷയങ്ങൾ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ കൊണ്ടു വന്ന് വേണ്ടവിധം ചർച്ചയ്ക്കുവിധേയമാക്കുകയും വിവിധ തലങ്ങളിൽ ബോധവൽക്കരണം നടത്തുകയും ശാശ്വതപരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1970-ൽ ഏപ്രിൽ മാസം 22-ാം തീയതി അമേരിക്കൻ സെനറ്ററായ ഗേലോർഡ് നെൽസൻ (Gaylord Nelson) തുടക്കം കുറിച്ച ഭൗമദിനാചരണം പിന്നീട് ലോക ജനത ഏറ്റെടുക്കുകയായിരുന്നു. ഇക്കൊല്ലത്തേത് ഭൗമാചരണത്തിന്റെ 49-ാം വാർഷികമാണ്. ഇക്കഴിഞ്ഞ 48 വർഷത്തെ ഭൗമാചരണപ്രവർത്തനങ്ങൾ കൊണ്ടുതന്നെ പലവിധ നേട്ടങ്ങളും കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഓരോ വർഷവും പാരിസ്ഥിതിക പ്രാധാന്യമേറെയുള്ളതും വളരെ വ്യത്യസ്തങ്ങളുമായ വിഷയങ്ങളിലൂന്നിയാകും ഭൗമാചരണ പ്രവർത്തനങ്ങൾ ലോകമെമ്പാടും നടക്കുക. കഴിഞ്ഞ വർഷത്തെ വിഷയം "പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക" എന്നതായിരുന്നു. ഈ വിഷയം ലോകമെമ്പാടും ഒട്ടേറെ ചർച്ചകൾക്കും സംവാദങ്ങൾക്കും തുടക്കമിട്ടു എന്നു മാത്രമല്ല പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പൊരുതാൻ മാനവരാശിയെ സജ്ജമാക്കുകയും ചെയ്തു. ഈ വർഷത്തെ ഭൗമദിനാചരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന വിഷയം "പ്രൊട്ടക്ട് ഔർ സ്പീഷീസ്" (രക്ഷിക്കാം നമ്മുടെ സ്പീഷീസുകളെ) എന്നതാണ്. ആഗോള വികസനത്തിന്റെ പാതയിൽ മുന്നേറികൊണ്ടിരിക്കുന്ന ഇക്കാലത്ത്, ആവാസ വ്യവസ്ഥകളെയും ജീവജാലങ്ങളെയും സംരക്ഷിച്ച് നിലനിർത്തി ശാശ്വത വികസനം സാധ്യമാക്കാൻ ഈ ഭൗമദിന സന്ദേശവും

ഓരോ വർഷവും പാരിസ്ഥിതിക പ്രാധാന്യമേറെയുള്ളതും വളരെ വ്യത്യസ്തങ്ങളുമായ വിഷയങ്ങളിലൂന്നിയാകും ഭൗമാചരണ പ്രവർത്തനങ്ങൾ ലോകമെമ്പാടും നടക്കുക. കഴിഞ്ഞ വർഷത്തെ വിഷയം ''പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക'' എന്നതായിരുന്നു.

ചർച്ചകളും തുടർപ്രവർത്തനങ്ങളുമൊക്കെ നമ്മെ ഏറെ സഹായിക്കുമെന്നതിൽ രണ്ടു പക്ഷമില്ല.

പ്രകൃതിയുടെ വരദാനമാണ് ദശലക്ഷ കണക്കിന് വരുന്ന ജീവജാതികൾ അഥവാ സ്പീഷീസുകൾ. ദുഃഖകരമെന്ന് പറയട്ടെ ദുരമൂത്ത മനുഷ്യന്റെ പ്രവർത്തനങ്ങൾമൂലം ഒട്ടേറെ ജീവജാലങ്ങൾക്ക് വംശനാശം സംഭവിക്കുകയോ അവ സർവ്വനാശത്തിന്റെ പിടിയിലമരുകയോ ചെയ്തിട്ടുണ്ട്. വനനശീകരണം, പാരിസ്ഥിതികാപക്ഷയം, വേട്ടയാടൽ, അശാസ്ത്രീയമായ കൃഷിരീതികൾ, അപകടകരമായ രീതിയിലുള്ള കീടനാശിനികളുടെ പ്രയോഗം, മലിനീകരണം, കാലാവസ്ഥാവ്യതിയാനം എന്നിവയൊക്കെയാണ് ജീവജാലങ്ങൾ ഇന്ന് നേരിടുന്ന പ്രതിസന്ധികൾക്ക് കാരണം.

**പരിണാമശ്രേണിയിലെ അവസാന കണ്ണികളിലൊന്നും ബുദ്ധിശക്തിയുടെ കാര്യത്തിൽ മറ്റു ജീവികളെക്കാൾ ഏറെ മുന്നിൽ നിൽക്കുന്നവനുമായ മനുഷ്യൻ പിറന്നതിന് ശേഷമുള്ള കാലം ഭൂമിയുടെയും മറ്റു ജീവജാലങ്ങളുടെയും കഷ്ടകാലം തന്നെയാണ്.**


*ട്രൈലോബൈറ്റുകൾ*

എല്ലാ ജീവജാലങ്ങൾക്കും ഒരു നിയോഗമുണ്ട് എന്ന കാര്യം പലപ്പോഴും സൗകര്യപൂർവ്വം മറച്ച് പിടിച്ചു കൊണ്ടാണ് നമ്മുടെ പ്രവർത്തനങ്ങളെല്ലാം. ഒരു ജീവിക്കു പകരം വയ്ക്കാൻ മറ്റൊരു ജീവിക്കു കഴിയില്ല എന്നതാണ് പരമമായ സത്യം. അതുകൊണ്ടു തന്നെ തന്നിലർപ്പിതമായ കർമ്മം നിവേറ്റാനാകാതെ ഒരു ജീവവിഭാഗം വംശനാശത്തിന് വിധേയമായാൽ ആഹാരശൃംഖലക്രമമനുസരിച്ച് പ്രവർത്തിച്ച് വരുന്ന ജീവന്റെ കണ്ണികളുടെ ശ്രേണിയിൽ ഉലച്ചിൽ തട്ടുകയും അത് ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുകയും ചെയ്യുമെന്നത് തർക്കമറ്റ കാര്യമാണ്. ഒരു പക്ഷെ പുനഃക്രമീകരണം സാധ്യമാകാൻ നൂറ്റാണ്ടുകൾ തന്നെ വേണ്ടി വന്നേക്കാം. ശരിയായ രീതിയിൽ ബോധവൽക്കരണവും ഇടപെടലുകളും നടത്തിയാൽ മനുഷ്യപ്രവർത്തനങ്ങൾ മൂലമുള്ള ജൈവ ശോഷണത്തിന് ഒരു പരിധിവരെയെങ്കിലും തടയിടാനാകും.

## ജീവന്റെ ഉൽപത്തി പരിണാമങ്ങൾ

സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിൽ നിന്നും ഭൂമിയെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളിൽ പ്രധാനിയാണ് ജീവന്റെ സാന്നിദ്ധ്യവും വൈവിധ്യവും. ഏകദേശം 4500 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് പിറന്ന് വീണ ഈ ഭൂമിയിൽ ജീവന്റെ ആദ്യകണങ്ങൾ ഉരുത്തിരിഞ്ഞത് 3000 ദശലക്ഷം വർഷങ്ങൾക്ക് മുമ്പാണെന്നാണ് ചില പഠനങ്ങൾ വെളിവാക്കുന്നത്. പിന്നീട് സൈനോബാക്ടീരിയ വിഭാഗത്തിൽപെടുന്ന സൂക്ഷ്മ സസ്യങ്ങളുടെ പ്രകാശ സംശ്ലേഷണത്താൽ പ്രാണവായുവായ ഓക്സിജൻ വൻതോതിൽ അന്തരീക്ഷത്തിലേക്കെത്തിച്ചേരുകയും ഭൂമിയിൽ വൈവിധ്യങ്ങളായ ജീവജാലങ്ങൾ ഉടലെടുക്കാൻ അത് കാരണമാകുകയും ചെയ്തുവെന്ന് ഈ രംഗത്തെ ഗവേഷകർ കരുതുന്നു. എന്നാൽ ശരിയായ ലക്ഷണങ്ങളോടുകൂടിയ ജീവികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്, ഏകദേശം 600 ദശലക്ഷം വർഷത്തോളം പ്രായമുള്ള പാലിയോസോയിക് ശിലാപാളികളിലാണ്. ഇന്നത്തെ പാറ്റയും തുമ്പികളും മുൾപ്പെടുന്നതും പാലിയോസോയിക് കാലഘട്ടത്തിൽ മാത്രം ഈ ഭൂമുഖത്ത് വ്യാപരിച്ചിരുന്നതുമായ കടൽജീവികളായ ട്രൈലോബൈറ്റുകൾ (Trilobites) ലക്ഷണമൊത്ത ആദ്യകാല ജീവികളാണ്. മൽസ്യങ്ങൾ ഈ ഭൂമുഖത്ത് പ്രത്യക്ഷമായത് ഏകദേശം 400 ദശലക്ഷം വർഷങ്ങൾക്കു മുമ്പാണ്. ഉരഗങ്ങളിലെ ഭീമൻമാരായ ഡിനോസറുകൾ ഭൂമി അടക്കിവാണിരുന്നത് 130-200 ദശലക്ഷം വർഷങ്ങൾക്കിടയിലാണ്. സസ്തനികൾ ആവിർഭവിച്ചത് 60 ദശലക്ഷം വർഷങ്ങൾക്കു മുമ്പാണെന്നതാണ് മറ്റൊരു കണ്ടെത്തൽ. പരിണാമശ്രേണിയിലെ അവസാന കണ്ണികളിലൊന്നും ബുദ്ധിശക്തിയുടെ കാര്യത്തിൽ മറ്റു ജീവികളെക്കാൾ ഏറെ മുന്നിൽ നിൽക്കുന്നവനുമായ മനുഷ്യൻ പിറന്നതിന് ശേഷമുള്ള കാലം ഭൂമിയുടെയും മറ്റു ജീവജാലങ്ങളുടെയും കഷ്ടകാലം തന്നെയാണ്. ജീവജാലങ്ങളുടെ ഇനിയൊരു കൂട്ടവംശനാശം ഉണ്ടാകുന്നുവെങ്കിൽ അതിന് കാരണം ദുരമൂത്ത മനുഷ്യന്റെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും. ദീർഘദർശിയും സാമൂഹിക പരിഷ്ക്കർത്താവും മഹജ്ഞാനിയുമായ ശ്രീനാരായണ ഗുരുദേവൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് പറഞ്ഞവാക്കുകൾ ഇന്ന് എത്രമാത്രം പ്രസക്തമാണെന്നോർക്കുക. പ്രത്യേകിച്ചും പ്രൊട്ടക്ട് ഔർ സ്പീഷീസ്" എന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് ഇത്തവണത്തെ ലോകഭൗമ ദിനം നാം ആചരിക്കുമ്പോൾ.

"ഒടുങ്ങാത്ത ആവശ്യങ്ങൾ മനുഷ്യർക്കല്ലാതെ മറ്റൊരു മൃഗത്തിനുമില്ല. അവൻ ഭൂമുഖത്തെല്ലാം സംഹാരതാണ്ഡവം ചെയ്തു നടക്കുന്നു. മരങ്ങളെല്ലാം വെട്ടി നശിപ്പിക്കുന്നു. പച്ചനിറഞ്ഞ പ്രകൃതിയെ വികൃതമാക്കി



പ്രത്യേകിച്ചും ലോകത്തിലെ തന്നെ ജൈവവൈവിധ്യ കലവറയായ സഹ്യാദ്രിയുടെ കുടക്കീഴിൽ നിലനിൽക്കുന്ന ദൈവത്തിന്റെ ഈ സ്വന്തം നാട്ടിൽ. കേരളത്തിലെ സസ്യജാലങ്ങളുടെ ഒരു കണക്കെടുപ്പ് നടത്തിയാൽ നമുക്ക് കണ്ടെത്താനാകുന്നത് 866 തരം ആൽഗകളും 4800 തരം ഫംഗസ്സുകളും 520 തരം ലൈക്കനുകളും 350 തരം ബ്രയോഫൈറ്റുകളും 4968 തരം സപുഷ്പികളായ സസ്യങ്ങളുമുണ്ടെന്നാണ്. മനുഷ്യന്റെ ഇടപെടലുകളും ആവാസ വ്യവസ്ഥയുടെ അപക്ഷയവുമാണ് ജീവജാലങ്ങളെ വംശനാശത്തിലേക്ക് തള്ളിവിട്ടന്ന ഘടകങ്ങളിൽ ചിലത്. അപകടകരമാംവിധം മാറിക്കൊണ്ടിരിക്കുന്നതും ഭൂമിയുടെ അവയവങ്ങളായി പ്രവർത്തിക്കേണ്ടതുമായ കേരളത്തിലെ നൈസർഗ്ഗിക ആവാസവ്യവസ്ഥകളിൽ പലതിനും ഇന്ന് ജീവനെ അതിന്റെ ആഹാരശൃംഖലാക്രമമനുസരിച്ച് നിലനിർത്താനാകുന്നില്ല എന്നതാണ് ഞെട്ടിപ്പിക്കുന്ന ഒരു വസ്തുത. പ്രകൃതി കനിഞ്ഞുനൽകിയ കുന്നുകളും താഴ്‌വരകളും പുഴകളും തണ്ണീർത്തടങ്ങളുമൊക്കെ നിലനിൽപ്പിനായുള്ള ബദ്ധപ്പാടിലാണ്. അതതുപ്രദേശത്തെ കാലാവസ്ഥയിൽ അവശ്യമായ അനുപാതത്തിൽ മാറ്റങ്ങൾ വരുത്തി സസ്യ-ജന്തുജാലങ്ങളെ പരിപോഷിപ്പിച്ച് നിലനിർത്തുന്നതിൽ ആവാസ വ്യവസ്ഥകൾക്കെല്ലാം അതീവ പ്രാധാന്യമാണുള്ളത്. അതുകൊണ്ടുതന്നെ ആവാസ വ്യവസ്ഥകളെ വേണ്ട രീതിയിൽ പരിപോഷിപ്പിച്ച് അതിലെ ജീവജാതികളെയെല്ലാം സംരക്ഷിച്ച്, ജൈവവൈവിദ്ധ്യം കാത്തു സൂക്ഷിച്ചുകൊണ്ടുള്ള വികസനമാതൃകകളാണ് കേരളത്തിന് വേണ്ടത്. ഈ ലോകഭൗമദിനവും "പ്രൊട്ടക്റ്റ് ഔർ സ്പീഷിസ്" എന്ന സന്ദേശവും ചർച്ചകളും തുടർപ്രവർത്ത നങ്ങളുമെല്ലാം കേരളത്തെ ശാശ്വതവികസനത്തിലേക്ക് നയിക്കാൻ ഏറെ സഹായകമാകും എന്ന് നമുക്ക് കരുതാം. ☐

*(ലേഖകൻ തിരുവനന്തപുരം ദേശീയ ഭൗമശാസ്ത്രപഠന കേന്ദ്രത്തിൽ ശാസ്ത്രജ്ഞനാണ്.)*

ശൂന്യതയിലാഴ്ത്തുന്നു. അതിനു പകരം പുക നിറഞ്ഞ പട്ടണങ്ങൾ മെനഞ്ഞുകൂട്ടുന്നു. അവനൊരു വ്യവസ്ഥിതിയുമില്ല".

ഇന്ന് ജീവജാതികളുടെ സംരക്ഷണത്തിനായി ലോകമെമ്പാടും ഭൗമദിന സന്ദേശമുൾകൊണ്ടുകൊണ്ട് പ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളും നടത്തേണ്ട അവസ്ഥയിലാണ് നാമേവരും. അത്രത്തോളമായിരിക്കുന്നു ദുരമൂത്ത മനുഷ്യന്റെ സംഹാരതാണ്ഡവങ്ങൾ.

ലോകത്താകമാനം പത്ത് ദശലക്ഷത്തോളം ജീവജാതികൾ (സ്പീഷിസുകൾ) ഉണ്ടെന്നാണ് കണക്കുകൾ പറയുന്നത്. എന്നാൽ നാളിതുവരെ കണ്ടെത്താനായതും പഠനങ്ങൾക്ക് വിധേയമാക്കിയതും വെറും 1.3 ദശലക്ഷം സ്പീഷിസുകൾ മാത്രം. ഫോസിൽ റിക്കാർഡുകളിൽ കാണുന്നതാകട്ടെ 2.5 ലക്ഷത്തോളം സ്പീഷിസുകൾ മാത്രം. ലോകത്താകമാനമുള്ള മഴക്കാടുകളിലാണ് ജീവസാന്നിദ്ധ്യവും വൈവിധ്യവും ഏറെയുള്ളത്. ഭൂമിയുടെ കരഭാഗത്തിന്റെ ഏഴ് ശതമാനം മാത്രമേ മഴക്കാടുകളുള്ളുവെങ്കിലും ഇന്ന് കണ്ടെത്തിയിട്ടുള്ള സ്പീഷിസുകളുടെ പകുതിയോളവും കണ്ടുവരുന്നത് മഴക്കാടുകളിലാണ്. വനനശീകരണവും വേട്ടയാടലും, മനുഷ്യന്റെ മറ്റു ഇടപെടലുകളുംമൂലം ഒട്ടനവധി സ്പീഷിസുകൾ ഈ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുവെന്ന് കണക്കുകൾ വെളിവാക്കുന്നു. ഇന്ത്യയിലാകമാനം ഒന്നേകാൽ ലക്ഷത്തിലധികം സ്പീഷിസുകൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 70 ശതമാനത്തിലധികവും കീടങ്ങളുടെയും ഫംഗസുകളുടെയും സപുഷ്പികളായ സസ്യങ്ങളുടെയും വിഭാഗത്തിൽപ്പെടുന്നതാണ്. ജൈവവൈവിധ്യശോഷണമാണ് നാം ഇന്ന് നേരിടുന്ന ഭീഷണികളിലൊന്ന്.

## കേരളത്തിന്റെ ജൈവവൈവിധ്യവും ഭീഷണികളും

വികസനത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന കേരളത്തിൽ പരിസ്ഥിതി സംരക്ഷണം സാധ്യമാക്കുകയെന്നത് ഒരു വെല്ലുവിളി തന്നെയാണ്. എന്നാൽ പരിസ്ഥിതിയും ജീവജാലങ്ങളുടെ സംരക്ഷണവും കൂടി കണക്കിലെടുത്തു കൊണ്ടുള്ള വികസനം മാത്രമേ ശാശ്വതമാകുകയുള്ളൂ.

**ദീർഘദർശിയും സാമൂഹിക പരിഷ്ക്കർത്താവും മഹാജ്ഞാനിയുമായ ശ്രീനാരായണ ഗുരുദേവൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് പറഞ്ഞ വാക്കുകൾ ഇന്ന് എത്രമാത്രം പ്രസക്തമാണെന്നോർക്കുക.**

ചോദ്യോത്തരം

# ക്ഷേമപെൻഷൻ സംശയവും മറുപടിയും


ക്ഷേമപെൻഷൻ ഗുണഭോക്താക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി.

**മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റുന്ന വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ അനുവദിക്കുമോ?**

വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള പൊതു മാന ദണ്ഡങ്ങൾ എന്തെല്ലാമാണ്?**

- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്.
- സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷണർ (സർവ്വീസിൽ ഇരുന്ന ആളുടെ) ആയിരിക്കരുത്.
- ആദായനികുതിദായകർ ആയിരിക്കരുത്.
- അപേക്ഷകന്റെയോ കുടുംബത്തിന്റെയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്. (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)
- 1000 സിസി യിൽ കൂടുതൽ എൻജിൻ ശേഷിയുള്ള ടാക്സി അല്ലാത്ത വാഹനം സ്വന്തമായുള്ളവർ, ബസ്സ്, ലോറി, ട്രക്ക്, വാൻ എന്നിവ സ്വന്തമായുള്ളവർ അർഹരല്ല. അംബാസിഡർ കാർ സ്വന്തമായുള്ളവർ അർഹരാണ്.



**1200 ചതുരശ്ര അടിയിൽ കൂടുതൽ വീടുള്ളവർക്ക് പെൻഷന് അർഹത ഉണ്ടോ ?**

ഉണ്ട്.

**നിലവിൽ സോഫ്റ്റ്‌വെയറിൽ രണ്ട് പെൻഷൻ നൽകുന്നതിനുള്ള സംവിധാനം ഉണ്ടോ?**

അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി 2 പെൻഷൻ അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ട്.

**തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ വാങ്ങുന്ന ഒരു ഗുണഭോക്താവിന് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടോ?**

ഉണ്ട്. 600 രൂപ നിരക്കിൽ.

**ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് മറ്റൊരു പെൻഷന് കൂടി അർഹത ഉണ്ടോ?**

2000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ട്. 2000 രൂപയ്ക്ക് മുകളിൽ ആണ് ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നതെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹത ഉള്ളൂ.

**തനതു ഫണ്ടിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്ന ഇ.പി.എഫ്. പെൻഷൻ ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷന് (വികലാംഗ പെൻഷൻ ഉൾപ്പെടെ) കൂടി അർഹത ഉണ്ടോ ?**

മൂന്നാമതൊരു പെൻഷന് അർഹത ഇല്ല.

**രണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവിനെ പ്രത്യേകമായി (രണ്ടായി) സസ്പെൻഡ് ചെയ്യേണ്ടത് ഉണ്ടോ ?**

ഇല്ല. രണ്ട് പെൻഷനിൽ ഏതെങ്കിലും ഒരെണ്ണം സസ്പെൻഡ് ചെയ്താൽ മതി, രണ്ടാമത്തെ പെൻഷൻ സസ്പെൻഡ് ആകുന്നതായിരിക്കും. ( രണ്ട് പെൻഷനും അർഹതയുണ്ട് എന്ന രീതിയിൽ രേഖപ്പെടുത്തപ്പെട്ട പുതിയ അപേക്ഷകൾക്ക് മാത്രം)

അതായത് ആധാർ സാധൂകരണം പൂർത്തീകരിച്ച് രണ്ട് പെൻഷനുകൾ തമ്മിൽ സംയോജിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രം ബാധകം.

**രണ്ട് പെൻഷൻ കൈപ്പറ്റുന്ന (സാമൂഹ്യ സുരക്ഷാ പെൻഷൻ) ഗുണഭോക്താവിനെ പ്രത്യേകം (രണ്ടായി) റിവോക്ക് ചെയ്യേണ്ടതുണ്ടോ?**

രണ്ട് പെൻഷൻ ഗുണഭോക്താവിനെയും പ്രത്യേകം പ്രത്യേകമായി റിവോക് ചെയ്യേണ്ടതാണ്.

**രണ്ട് പെൻഷൻ (സാമൂഹ്യ സുരക്ഷാ പെൻഷൻ) ഗുണഭോക്താവിനെ ട്രാൻസ്ഫർ ഔട്ട് ചെയ്യുന്നതിന് പ്രത്യേകം അപേക്ഷ പരിഗണിക്കേണ്ടത് ഉണ്ടോ?**

വേണ്ട, ഒരു ഗുണഭോക്താവിനെ ട്രാൻസ്ഫർ ഔട്ട് ചെയ്താൽ രണ്ട് പെൻഷനും ട്രാൻസ്ഫർ ഔട്ടിൽ പ്രതിഫലിക്കും. (നിലവിൽ രണ്ട് പെൻഷനും ആക്റ്റീവ് & ഡിജിറ്റലി സൈൻഡ് ആയിരിക്കണം)

ആധാർ സാധൂകരണം പൂർത്തീകരിച്ച് രണ്ട് പെൻഷനുകൾ തമ്മിൽ സംയോജിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രം ബാധകം.

**രണ്ട് പെൻഷൻ (സാമൂഹ്യ സുരക്ഷാ പെൻഷൻ) ഗുണഭോക്താവിനെ ട്രാൻസ്ഫർ ഇൻ എൻട്രിയിൽ അപേക്ഷ പ്രത്യേകം പരിഗണിക്കേണ്ടത് ഉണ്ടോ ?**

ഉണ്ട്, രണ്ട് അപേക്ഷകളായിത്തന്നെ പരിഗണിച്ചു തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**ഒന്നാമത്തെ ആധാർ സാധൂകരണം നടത്തിയിട്ടില്ല എങ്കിൽ പുതിയ പെൻഷൻ എൻട്രി അനുവദിക്കുമോ ?**

രണ്ടാമത്തെ പെൻഷൻ എൻട്രിക്കുള്ള ആധാർ സാധൂകരണം നടത്തുമ്പോൾ അത് ഒന്നാമത്തെ പെൻഷൻ ഐഡിയിലേക്കും കൂടി ഉൾപ്പെടുത്താനുള്ള സമ്മതപത്രം ഉൾകൊള്ളിച്ചിട്ടുണ്ട്.

**ഫെബ്രുവരി 6ന് മുന്നേ രണ്ട് പെൻഷൻ ലഭ്യമായിരിക്കുകയും എന്നാൽ നിലവിൽ ഒരു ഗുണഭോക്താവ് suspend ആയിരിക്കുന്നതുമായ pension ID യെ revoke ചെയ്യുവാൻ സാധിക്കുമോ ?**

സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി Revoke അനുവദിച്ചു നൽകിയിട്ടുണ്ട്. ക്ഷേമനിധി ഗുണഭോക്താക്കളുടെ ഇപ്രകാരമുള്ള രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ റിവോക്ക് ചെയ്യുന്നതിന് ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ എന്ന് മുതലാണ് അർഹതയുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സാമൂഹ്യ സുരക്ഷാ പെൻഷൻ റിവോക്ക് ചെയ്യാൻ കഴിയുന്നതല്ല.

**വിധവാ പെൻഷൻ ഗുണഭോക്താക്കൾ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ എന്നിവർ പുനർവിവാഹിതരല്ല എന്ന സാക്ഷ്യപത്രം എപ്പോഴാണ് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ ഓഫീസിൽ സമർപ്പിക്കേണ്ടത് ?**



ഡിസംബർ മാസം.

**മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ ജീവിച്ചിരുന്ന കാലയളവിലെ കുടിശ്ശിക പെൻഷൻ തുക അനന്തരാവകാശികൾക്ക് ലഭിക്കുമോ?**

ഇല്ല.

**പുനർവിവാഹിതരല്ല എന്ന സാക്ഷ്യപത്രം നൽകാൻ കഴിയുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണ്?**

ഗസറ്റഡ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ ഇവരിൽ ആരെങ്കിലും.

## ക്ഷേമപെൻഷൻ – സർക്കാർ ഉത്തരവുകൾ

സ.ഉ.(എംഎസ്)നം 241/2018/ധന തീയതി:- 06/07/2018

സ.ഉ.(എംഎസ്)നം 278/2018/ധന തീയതി:- 03/08/2018

സ.ഉ.(എംഎസ്)നം 500/2018/ധന തീയതി:- 22/12/2018

സ.ഉ.(എംഎസ്)നം 93/2019/ധന തീയതി:- 21/02/2019

**ഗുണഭോക്താവ് ജീവിച്ചിരിപ്പുണ്ട് എന്ന സാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ് / മസ്റ്ററിംഗ്) എല്ലാ വർഷവും പ്രാദേശിക സർക്കാരിൽ സമർപ്പിക്കേണ്ടത് എപ്പോഴാണ് ?**

ഡിസംബർ മാസം.

**ഓൺലൈൻ ആയി മസ്റ്ററിംഗ്/ലൈഫ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്താൻ കഴിയാത്ത ഗുണഭോക്താക്കൾ എന്താണ് ചെയ്യേണ്ടത് ?**

ഓൺലൈൻ മസ്റ്ററിംഗ് നടത്താൻ കഴിയാത്ത ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നും വാങ്ങി ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ സമർപ്പിക്കാവുന്നതാണ്. പ്രാദേശിക സർക്കാർ സെക്രട്ടറി പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മസ്റ്ററിംഗ് നടത്തുന്നതാണ്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത് ?**

വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത പക്ഷം ആധാർ രേഖ ഉപയോഗിച്ച് വയസ്സ് രേഖപ്പെടുത്തേണ്ടതാണ്. ആധാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കിടപ്പ് രോഗികൾ, 80 വയസ്സ് കഴിഞ്ഞവർ തുടങ്ങിയവർക്ക് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് വയസ്സ് തെളിയിക്കുന്നതിനുള്ള മറ്റ് രേഖകൾ ഇല്ലെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മാത്രം ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വയസ്സ് നിർണ്ണയിച്ച് പെൻഷൻ അനുവദിക്കാവുന്നതാണ്.

**സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷ നൽകുന്ന തീയതി മുതൽ പെൻഷൻ അനുവദിക്കുമോ ?**

ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് വിവരം പെൻഷൻ വെബ് സൈറ്റിൽ രേഖപ്പെടുത്തി ഡിജിറ്റൽ സൈൻ ചെയ്യുന്ന തീയതി മുതൽ മാത്രമാണ് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുക.

**സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള സംവിധാനം വ്യക്തമാക്കാമോ ?**

2018 ഏപ്രിൽ മുതലുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുള്ളത് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി മുഖാന്തരമാണ്. പ്രസ്തുത കാലയളവ് മുതലുള്ള തുക തിരികെ ഒടുക്കേണ്ടത് താഴെ പറയുന്ന അക്കൗണ്ടിലേക്കാണ്.

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
അക്കൗണ്ട് നമ്പർ - 001101023000269
ഐ.എഫ്.എസ് കോഡ് - IBKL046KS01
ബാങ്കിന്റെ പേര് - കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്,
ഹെഡ് ഓഫീസ് ശാഖ, തിരുവനന്തപുരം.

2018 മാർച്ച് വരെയുള്ള പെൻഷൻ തുക പഞ്ചായത്ത് ഡയറക്ടർ ആണ് വിതരണം ചെയ്തിട്ടുള്ളത് എന്നതിനാൽ ആ കാലയളവിലെ തുക പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തിരികെ ഒടുക്കേണ്ടത്.

അക്കൗണ്ട് ഹോൾഡർ - പഞ്ചായത്ത് ഡയറക്ടർ
അക്കൗണ്ട് നമ്പർ - 67234515304
ഐ.എഫ്.എസ് കോഡ് - SBIN0070028
ബാങ്കിന്റെ പേര്- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം സിറ്റി ബ്രാഞ്ച്.

ഒരു ഗുണഭോക്താവിന്റെ വ്യത്യസ്തമായ രണ്ട് കാലയളവുകളിലെ പെൻഷൻ തുക തിരികെ ഒടുക്കേണ്ടതായി വരുന്ന പക്ഷം പ്രസ്തുത തുകകൾ അപ്രകാരം വ്യത്യസ്തമായ അക്കൗണ്ടുകളിൽ തന്നെ പ്രത്യേകമായി തിരികെ ഒടുക്കേണ്ടതാണ്. തുക തിരികെ ഒടുക്കുന്നതിന് സെക്രട്ടറിമാർ തിരികെ ഒടുക്കേണ്ട തുകയുടെ വിശദാംശങ്ങൾ, അക്കൗണ്ട് നമ്പർ എന്നിവ ഉൾപ്പെടുത്തിയ പ്രത്യേക നിർദ്ദേശം കത്തായി ബന്ധപ്പെട്ട ബാങ്ക് അധികൃതർക്ക് നൽകേണ്ടതാണ്.

തുക തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ (തുക, ഒടുക്കിയ തീയതി, ബാങ്കിന്റെ പേര്, ട്രാൻസാക്ഷൻ നമ്പർ, ഗുണഭോക്താവിന്റെ പേര്, അക്കൗണ്ട് നമ്പർ, പെൻഷൻ ഐഡി എന്നിവ) പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന ഡിബിറ്റി സെല്ലിലേക്ക് ഇ-മെയിൽ (dbtcell2017@gmail.com) മുഖാന്തരം അയച്ചു നൽകേണ്ടതാണ്.

സഹകരണ ബാങ്കുകൾ മുഖാന്തരം നേരിട്ട് വിതരണം ചെയ്യുന്ന പെൻഷൻ തുകയിൽ വിതരണം ചെയ്യപ്പെടാതെ വരുന്ന തുക അതാത് ബാങ്കുകൾ നേരിട്ട് (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൗണ്ട് നമ്പർ - 001101023000269 ഐ.എഫ്.എസ് കോഡ്- IBKL046KS01 - കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക്, ഹെഡ് ഓഫീസ് ശാഖ, തിരുവനന്തപുരം) അക്കൗണ്ടിലാണ് ഒടുക്കുന്നത് എന്നതിനാൽ പ്രാദേശിക സർക്കാരുകൾ പ്രത്യേകിച്ച് നടപടികൾ സ്വീകരിക്കേണ്ടതില്ല.

☐

*(തയ്യാറാക്കിയത്:
സതീഷ് കുമാർ ജി.
സീനിയർ ക്ലർക്ക്, ഡി.ബി.റ്റി. സെൽ
പഞ്ചായത്ത് ഡയറക്ടറേറ്റ്, ഫോൺ: 0471-2786302)*

**ജീവിതം**

# ഭരണഘടനാശില്പിക്ക് പ്രണാമം

**രാജേഷ് കെ. എരുമേലി**

ഏപ്രിൽ 14 അംബേദ്കർ ജയന്തി. ലോകം കണ്ട ചിന്തകരിൽ ഒരാളെന്നും ആധുനിക ഇന്ത്യയുടെ രാഷ്ട്രശിൽപി എന്നുമാണ് അംബേദ്കറെ ഇന്ന് ലോകം വിലയിരുത്തുന്നത്.

ബുദ്ധനുശേഷം ഇന്ത്യ കണ്ട മഹാനായ ചിന്തകനായിരുന്നു ഡോ.ബി.ആർ.അംബേദ്കർ. ഇന്ത്യൻ സമൂഹത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും അതിന് അനുസൃതമായ രീതിയിൽ ഒരു ഭരണഘടനയെ നിർമ്മിച്ചെടുക്കാൻ പ്രധാന പങ്ക് വഹിച്ച വ്യക്തിയുമാണ് അംബേദ്കർ. ദുരിതപൂർണ്ണമായ ജീവിത സാഹചര്യങ്ങളെ തരണം ചെയ്താണ് അംബേദ്കർ ലോകം അറിയപ്പെടുന്ന വ്യക്തിയായി മാറിയത്. ഇന്ത്യയിൽ നിലിനിന്നിരുന്ന ജാതിവ്യവസ്ഥ മനുഷ്യനെ വേർതിരിക്കുന്ന മുഖ്യമായ ഘടകമാണെന്ന് തന്റെ ജീവിതാനുഭവങ്ങളിൽനിന്നു തന്നെ അംബേദ്കർ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടു ജാതിവ്യവസ്ഥയ്ക്കെതിരായ നിലപാട് എക്കാലവും അംബേദ്കർ സ്വീകരിച്ചിരുന്നു. ആധുനിക ഇന്ത്യയെ നിർമ്മിച്ചെടുക്കുന്നതിൽ ജാതിപരമായ വേർതിരുവുകൾ തടസമാകും എന്ന തിരിച്ചറിവാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കാൻ അദ്ദേഹത്തിന് പ്രേരകമായത്. പഠിക്കുക, സംഘടിക്കുക, പോരാടുക എന്നീ മുദ്രാവാക്യങ്ങളാണ് അംബേദ്കർ മുന്നോട്ടുവെച്ചത്. ബുദ്ധന്റെയും പാശ്ചാത്യ ചിന്തകരുടെയും ആശയങ്ങളിൽനിന്നാണ് അംബേദ്കർ പുതിയ കാഴ്ചപ്പാട് രൂപപ്പെടുത്തിയെടുത്തത്. ഇന്ത്യൻ ഭരണ വ്യവസ്ഥയെ നിർമ്മിച്ചെടുത്ത രാഷ്ട്ര മീമാംസകനായിരുന്നു അംബേദ്കർ എന്നു പറയാം.

ഇന്നത്തെ മധ്യപ്രദേശിലെ ഇന്തോറിനു തെക്കുള്ള മഹു എന്ന സ്ഥലത്ത് റാംജി സക്പാലിന്റെയും ഭീമാഭായിയുടെയും പതിനാലാമത്തെ മകനായി 1891 ഏപ്രിൽ



14നാണ് അംബേദ്കർ ജനിച്ചത്. രണ്ടു വയസു തികഞ്ഞപ്പോൾ അംബേദ്കറിന്റെ കുടുംബം ദപോളിയിലേക്ക് താമസം മാറ്റി. തുടർന്ന് 1904 വരെ സത്താറയിൽ താമസിച്ചു. ഇവിടെ താമസിക്കുന്ന ഘട്ടത്തിലാണ് ജാതിവ്യവസ്ഥയുടെ ക്രൂരതകൾ അംബേദ്കർ അനുഭവിച്ചു തുടങ്ങുന്നത്. മിലിട്ടറി സ്കൂളിലാണ് പഠിച്ചതെങ്കിലും അവിടെയും ജാതീയമായ വിവേചനങ്ങൾ നിലനിന്നിരുന്നു. എല്ലാ കുട്ടികൾക്കുമൊപ്പം ബഞ്ചിലിരുന്ന് പഠിക്കാൻ കഴിയാതിരുന്ന അംബേദ്കർ വീട്ടിൽനിന്നുകൊണ്ടു വരുന്ന ചാക്കിലിരുന്നായിരുന്നു പഠിച്ചിരുന്നത്. സ്കൂളിലെ ടാപ്പിൽനിന്ന് വെള്ളം കുടിക്കാൻപോലും അനുവാദം നൽകിയിരുന്നില്ല. ഇത്തരത്തിലുള്ള നിരവധി അനുഭവങ്ങൾ അംബേദ്കറിന്റെ സ്കൂൾ പഠന കാലത്ത് ഉണ്ടാകുന്നുണ്ട്. ഇവിടുത്തെ പഠനത്തിന് ശേഷം അംബേദ്കർക്ക് മികച്ച വിദ്യാഭ്യാസം നൽകണമെന്ന ഉദ്ദേശത്തോടെ 1904ൽ കുടുംബം ഇന്നത്തെ മുംബൈയിലേക്ക് സ്ഥലം മാറി.

ബ്രിട്ടീഷ് മാനേജ്മെന്റിന്റെ കീഴിലുള്ള എൽഫിസ്റ്റൺ ഹൈസ്കൂളിൽ പഠിക്കുമ്പോഴും ജാതീപരമായ വേർതിരിവിന്റെ അനുഭവങ്ങൾ അംബേദ്കർക്ക് നേരിടേണ്ടി വന്നു. 1913 ജൂലൈ 10ന് അംബേദ്കർ കൊളംബിയ സർവകലാശാലയിൽ ഉപരി പഠനത്തിന് ചേർന്നു. അവിടുത്തെ പഠിത്തം അംബേദ്കർക്ക് പുതിയൊരു ലോകം തുറന്നു നൽകി. സ്വാതന്ത്ര്യത്തിന്റെ വിശാലഭൂമികയെന്തെന്ന് അദ്ദേഹം അതിലൂടെ തിരിച്ചറിയുകയായിരുന്നു. കൊളംബിയയിൽനിന്ന് എം എ ബിരുദം നേടിയ അംബേദ്കർ അവിടെ പഠിക്കുമ്പോഴാണ് ലാലാ ലജപത് റായിയെ പരിചയപ്പെടുന്നത്. 1916ൽ അദ്ദേഹത്തിന് കൊളംബിയ യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകി. 'ഇന്ത്യയുടെ ദേശീയ ഓഹരി: ചരിത്രവും വിശകലനാത്മകവുമായൊരു പഠനം' എന്ന പ്രബന്ധമാണ് അംബേദ്കർ അവിടെ അവതരിപ്പിച്ചത്. ഇത് പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കൊളംബിയയിലെ പഠനത്തിനു ശേഷം ബോംബെയിൽ മടങ്ങിയെത്തിയ അംബേദ്കർ ബറോഡയിൽ മിലിട്ടറി സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പഠിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും പഠിക്കാനുള്ള അനുമതി വാങ്ങി ജോലിയിൽ പ്രവേശിക്കുകയായിരുന്നു.

**ലോകം കണ്ട ഏറ്റവും മികച്ച ഭരണഘടന രൂപപ്പെടുത്തുന്നതിൽ അംബേദ്കർ വലിയ പങ്കാണ് വഹിച്ചത്. സാമൂഹിക രാഷ്ട്രീയ പ്രവർത്തനത്തിനിടയിലും നിരവധി പുസ്തകങ്ങൾ എഴുതാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.**

മിലിട്ടറി സെക്രട്ടറിയുടെ ജോലി രാജിവെച്ചതോടെ സാമ്പത്തിക പ്രതിസന്ധിയിലായ അംബേദ്കർ എഴുത്തിലേക്ക് കടന്നു. ബർട്രാന്റ് റസലിന്റെ റീ കൺസ്ട്രക്ഷൻ ഓഫ് സൊസൈറ്റി എന്ന പുസ്തകത്തിന് റിവ്യൂ എഴുതിക്കൊണ്ടാണ് ബൗദ്ധിക രംഗത്തേക്ക് വരുന്നത്. ഇതിനിടയിൽ അധ:സ്ഥിത സമൂഹത്തിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടത്താൻ അംബേദ്കർ സമയം കണ്ടെത്തി.

1920 ഓടെ ലണ്ടനിലെത്തിയ അംബേദ്കർ അവിടെ പഠനം ആരംഭിച്ചു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്നും ഡോക്ടർ ഓഫ് സയൻസ് ബിരുദവും ഗ്രേസ് ഇന്നിൽനിന്നും നിയമബിരുദവും കരസ്ഥമാക്കി. 1923ൽ ബോംബെയിൽ തിരിച്ചെത്തിയതോടെയാണ് അംബേദ്കറുടെ സാമൂഹിക പ്രവർത്തനത്തിന്റെ തീഷ്ണമായ ഘട്ടം ആരംഭിക്കുന്നത്. 1923ൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. അധഃസ്ഥിത സമൂഹത്തിനുവേണ്ടിയുള്ള കൂടുതൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് ഈ കാലഘട്ടത്തിലാണ്.

1927 ജനവരി ഒന്നിന് കോറഗണിലെ ചരിത്രപ്രസിദ്ധമായ യുദ്ധസ്മാരകത്തിൽ സംഘടിപ്പിച്ച അധ:സ്ഥിതരുടെ മഹാസമ്മേളനം ഉദ്ഘാടനം ചെയ്തത് അംബേദ്കറാണ്. 1926ൽ സൗത്ത്ബോറ കമ്മീഷന് മുമ്പാകെ അയിത്തജാതിക്കാരുടെ സാമൂഹിക രാഷ്ട്രീയ അവകാശങ്ങൾ കാണിച്ചുകൊണ്ടുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിലും 1919ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് അനുസരിച്ചും അംബേദ്കറുടെ സാമൂഹിക പ്രവർത്തനങ്ങളും പരിഗണിച്ച് 1926 ഡിസംബറിൽ അദ്ദേഹത്തെ ബോംബെ നിയമനിർമ്മാണ സഭയിലേക്ക് നാമനിർദേശം ചെയ്തു. അംബേദ്കർ അവിടെ നടത്തിയ പ്രസംഗങ്ങൾ ചരിത്രപ്രസിദ്ധമായിരുന്നു. ചൗദാർ കുളത്തിൽനിന്നും വെള്ളം കോരുന്നതിനെതിരെ മഹദ് മുനിസിപ്പാലിറ്റി പ്രമേയം പാസാക്കിയപ്പോൾ അതിനെതിരായ സമ്മേളനത്തെ അഭിസംബോധന ചെയ്തത് അംബേദ്കറായിരുന്നു. തുടർന്നുള്ള അംബേദ്കറുടെ ജീവിതം നിരവധിയായ പ്രവർത്തനങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഗാന്ധിജിയെ കണ്ടുമുട്ടുന്നതും രാഷ്ട്രീയ പ്രവർത്തനത്തിൽ വ്യാപൃതനാകുന്നതും അംബേദ്കറുടെ ജീവിതത്തെ മാറ്റിമറിച്ചു.

1946 ഡിസംബർ ആറിന് പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യയോഗം നടന്നു. ഈ യോഗത്തിൽ അംബേദ്കർ നടത്തിയ പ്രസംഗം ചരിത്രപ്രസിദ്ധമായിരുന്നു. സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും സന്ദേശമാണ് ഈ പ്രസംഗത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചത്. ഇതേതുടർന്ന് ഭരണഘടനാ ഉപസമിതിയിലേക്കും ന്യൂനപക്ഷാവകാശ ഉപസമിതിയിലേക്കും അംബേദ്കറെ തിരഞ്ഞെടുത്തു. ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ നെഹ്റു ആദ്യ നിയമമന്ത്രിയായി അംബേദ്കറെ മന്ത്രിസഭയിൽ ഉൾപ്പെടുത്തി. തുടർന്ന് അംബേദ്കറെ ഭരണഘടനാ നിർമ്മാണ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുത്തതോടെ ചരിത്രം മറ്റൊരു ഘട്ടത്തിലേക്ക് കടക്കുകയായിരുന്നു.

1948 നവംബർ നാലിന് കരട് ഭരണഘടനാ ചർച്ച ചെയ്യുന്നതിനുള്ള പ്രമേയം അംബേദ്കർ ഭരണഘടനാ നിർമ്മാണ സഭയിൽ അവതരിപ്പിച്ചു. തുടർന്ന് ഇന്ത്യയുടെ ഐക്യത്തെയും സൗഹാർദ്ദത്തെയും ഊട്ടിയുറപ്പിക്കുന്ന ഇന്ത്യൻ ഭരണഘടന രൂപം കൊണ്ടു. ലോകം കണ്ട ഏറ്റവും മികച്ച ഭരണഘടന രൂപപ്പെടുത്തുന്നതിൽ അംബേദ്കർ വലിയ പങ്കാണ് വഹിച്ചത്. സാമൂഹിക രാഷ്ട്രീയ പ്രവർത്തനത്തിനിടയിലും നിരവധി പുസ്തകങ്ങൾ എഴുതാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ജാതി ഉന്മൂലനം, ബുദ്ധനും ബുദ്ധധർമ്മവും അംബേദ്കറുടെ പ്രധാന കൃതികളാണ്. 1956 ഡിസംബർ ആറിന് അംബേദ്കർ ലോകത്തോട് വിടപറഞ്ഞു. ലോകം കണ്ട ചിന്തകരിൽ ഒരാളെന്നും ആധുനിക ഇന്ത്യയുടെ രാഷ്ട്രശിൽപിയെന്നുമാണ് അംബേദ്കറെ ഇന്ന് ലോകം വിലയിരുത്തുന്നത്. □

# വേനൽക്കാല രോഗപ്രതിരോധം വേണം കരുതൽ

ഡോ. ചിന്ത എസ്.

**മുമ്പുണ്ടാകാത്ത വിധം കൊടുംചൂട് കുറച്ചുദിവസം കൂടി തുടരാനുള്ള സാധ്യത പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യകാര്യങ്ങളിൽ പ്രത്യേക മുൻകരുതലുകൾ എടുക്കേണ്ടിയിരിക്കുന്നു.**

ഇത്തവണത്തെ വേനൽ, പതിവിനെക്കാൾ കടുത്തിരിക്കുന്നു. കൊടും ചൂടിനെ നേരിടാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പ്രതിരോധ, ദുരന്തനിവാരണ പ്രവർത്തന ങ്ങളുടെ ഏകോപനത്തിനായി ജില്ലകളിൽ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു തുടങ്ങി. ചൂടു കൂടുവാനുള്ള സാധ്യത കണക്കിലെടുത്ത് ജാഗ്രതാമുന്നറിയിപ്പ് നല്കിയിരിക്കുന്നു. സംസ്ഥാനത്ത് ദിനം പ്രതി നൂറോളം ആളുകൾ സൂര്യതാപമേറ്റും പൊള്ളലേറ്റും ചികിത്സതേടുന്നു. ഇതിനകം പത്തോളം ആളുകൾക്ക് സൂര്യാഘാതം ഉണ്ടാവുകയും നാലു പേർ മരിക്കുകയും ചെയ്തു. ഇതിനു പുറമേ വേനലിൽ പതിവായി കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളും തലപൊക്കി തുടങ്ങി. മുമ്പുണ്ടാകാത്ത വിധം കൊടുംചൂട് കുറച്ചുദിവസം കൂടി തുടരാനുള്ള സാധ്യത പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യകാര്യങ്ങളിൽ പ്രത്യേക മുൻകരുതലുകൾ എടുക്കേണ്ടിയിരിക്കുന്നു.

ചൂടു കൂടുന്നതിനാൽ ഉണ്ടാകുന്ന പൊള്ളൽ, സൂര്യതാപം, സൂര്യാഘാതം വരെയുള്ള ശാരീരികാസ്വാസ്ഥ്യങ്ങൾ, ഭക്ഷ്യവിഷബാധ, ജലദൗർലഭ്യം കാരണം കൂടാൻ സാധ്യതയുള്ള വയറിളക്കം, മഞ്ഞപിത്തം, കോളറ, ടൈഫോയ്ഡ് (Typhoid) പോലുള്ള ജലജന്യരോഗങ്ങൾ, വേനൽക്കാലത്ത് കണ്ടുവരുന്ന ചിക്കൻപോക്സ്, മീസെൽസ് (measles), മംപ്സ് (mumps), ചെങ്കണ്ണ് തുടങ്ങിയ പകർച്ചവ്യാധികൾ, ചൂടും വിയർപ്പിനാലും ഉണ്ടാകുന്ന ത്വക്ക് രോഗങ്ങൾ, വേനൽ മഴയെത്തുടർന്ന് കൊതുകുശല്യം കൂടുന്നതിനാൽ ഉണ്ടാകുന്ന ഡെങ്കി പനി, ചിക്കുൻഗുനിയ മുതലായ കൊതുകുജന്യ രോഗങ്ങൾ, ഇവയൊക്കെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണം എന്ന് നോക്കാം.

## ചൂടുകൂടുന്നതിനാലുള്ള ശാരീരികാസ്വാസ്ഥ്യങ്ങൾ (Heatstress)

അന്തരീക്ഷ ഊഷ്മാവ് കൂടുന്നതിനാൽ പലതരം ശാരീരികാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെടാം. അമിതമായി ശരീരത്തിലേല്ക്കുന്ന ചൂടിനെ സ്വാഭാവികമായി പ്രതിരോധിക്കാൻ ശരീരത്തിന് കഴിയാതെ വരുന്നു. സൂര്യനിൽ നിന്ന് നേരിട്ട് പതിക്കുന്ന ചൂട്, അല്ലെങ്കിൽ ചൂട് കൂടിയ മുറികളിൽ/വാഹനങ്ങളിൽ അധികനേരം ചിലവഴിക്കുക, കഠിനാധ്വാനം ചെയ്യുക, അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അംശം (humidity) കൂടുക, ഇവയൊക്കെ ഇതിനു കാരണമാകാം. വെയിലിൽ പണിയെടുക്കേണ്ടി വരുന്നവർ, ഗർഭിണികൾ, പ്രായമായവർ, മറ്റു ദീർഘ



# സൂര്യാഘാതത്തിന് ഹോമിയോയിൽ ചികിത്സ


സൂര്യാഘാതം മൂലമുണ്ടാകുന്ന ഗുരുതരമല്ലാത്ത രോഗലക്ഷണങ്ങൾക്ക് ഹോമിയോ സ്ഥാപനങ്ങളിൽ പ്രതിവിധി ലഭ്യമാണെന്ന് ഡയറക്ടർ കെ. ജമുന അറിയിച്ചു. ചൂടുകുരു, സൂര്യതാപം മൂലമുള്ള ലഘുവായ പൊള്ളൽ, കരുവാളിപ്പ് എന്നിവയ്ക്ക് മരുന്നുകൾ ഹോമിയോ ആശുപത്രികളിൽ നിന്നും ലഭിക്കും.

സൂര്യനിൽ നിന്നുള്ള വികിരണങ്ങൾ ഏൽക്കുമ്പോൾ ശരീരകോശങ്ങൾ ക്രമാതീതമായി നശിക്കും. നിർജ്ജലീകരണം, ചൂടുകുരു/വെപ്പ് (മിലിയേരിയ) എന്നിവയ്ക്ക് ഇത് കാരണമാകും. നിർജ്ജലീകരണം തടയാൻ ഒരു ദിവസം കുറഞ്ഞത് മൂന്നുലിറ്റർ വെള്ളമെങ്കിലും കുടിക്കണം. മദ്യം, ചായ, കാപ്പി, കോളകൾ തുടങ്ങിയവ ഉപേക്ഷിക്കണം. പഴങ്ങളും പച്ചക്കറികളും ഉപയോഗിക്കുക. ഉപ്പിട്ട നാരങ്ങാവെള്ളം, ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, പനംനൊങ്ക് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഇളം നിറത്തിലുള്ള അയഞ്ഞ പരുത്തി വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് ചൂടിനെ പ്രതിരോധിക്കും.

സൂര്യാഘാതം മൂലം പൊള്ളലേറ്റ ഭാഗത്ത് നീറ്റലും വേദനയും പുകച്ചിലും ഉണ്ടാകും. തൊലി ചുവക്കുന്നതോടൊപ്പം വേദന അനുഭവപ്പെടുന്നതും സൂര്യാഘാതത്തിന്റെ ലക്ഷണങ്ങളാണ്. ചിലരിൽ പനി, ഛർദ്ദി, കുളിര് എന്നിവയും കാണാറുണ്ട്. ശരീരം തണുപ്പിക്കുകയാണ് പ്രാഥമിക ചികിത്സയിൽ പ്രധാനം. തണുത്ത വെള്ളം കൊണ്ട് ദേഹമാസകലം തുടയ്ക്കണം തുടർന്ന രോഗിയെ എത്രയും വേഗം ആശുപത്രിയിൽ എത്തിച്ച് വിദഗ്ധ ചികിത്സയ്ക്ക് വിധേയമാക്കണം.

സ്ഥായി രോഗങ്ങൾ ഉള്ളവർ, മദ്യപാനികൾ എന്നിവർക്ക് അപകട സാധ്യത കൂടുതൽ ആണ്.

പൊള്ളൽ (Sunburn/ heatrash) ആണ് ഏറ്റവും കൂടുതൽ കണ്ടുവരുന്ന പ്രശ്നം. തലവേദനയും പേശികളുടെ വലിവും വേദനയും മറ്റു പ്രധാനപെട്ട ലക്ഷണങ്ങളാണ്. വിയർപ്പിലൂടെ ജലാംശവും ലവണങ്ങളും നഷ്ടപ്പെടുന്നതാണ് ഇതിനു കാരണം. ശരീരം ഉയർന്ന ചൂടിനെ പ്രതിരോധിക്കാൻ ആശക്തമാകുന്നതോടെ സുര്യതാപത്തിന്റെ (Heat exhaustion) ലക്ഷണങ്ങൾ കാണിക്കുന്നു. ക്ഷീണം, ചർദ്ദി, തലകറക്കം, ദാഹം, അമിതമായി വിയർക്കുക, നാഡിയിടിപ്പു കൂടുക, രക്തസമ്മർദ്ദം കുറയുക ഇവയാണ് ലക്ഷണങ്ങൾ. ഇതിലും അപകടം പിടിച്ച സ്ഥിതിയാണ് സൂര്യാഘാതം ( Heat stroke). മരണസാധ്യത ഈ ഘട്ടത്തിൽ നിലനില്ക്കുന്നു. ബോധ ക്ഷയം, ജന്നി, തൊലിപ്പുറം ചൂടായി വരണ്ടു ചുമക്കുക ഇവയാണ് സൂര്യാഘാതത്തിന്റെ പ്രധാന ലക്ഷണങ്ങൾ.


മീസെൽസ്


മംപ്സ്

മേല്പറഞ്ഞ ഏതെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ വ്യക്തിയെ തണലിലേക്ക് മാറ്റുകയും വസ്ത്രങ്ങൾ അയച്ചു വായു സഞ്ചാരത്തിന് അവസരം നല്കുകയും തണുത്ത വെള്ളം ഒഴിച്ചു കൊടുക്കുകയും നനഞ്ഞ തുണി പുതച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്. ബോധമുണ്ടെങ്കിൽ കുടിക്കാൻ ധാരാളം വെള്ളം കൊടുക്കുക. സൂര്യാഘാതത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ആശുപത്രിയിൽ എത്തിക്കണം.

## പ്രതിരോധമാർഗ്ഗങ്ങൾ

വീടുകളിൽ ലഭ്യമായ എല്ലാ പാനീയങ്ങളും (മോര്,നാരങ്ങാവെള്ളം, കരിക്കിൻവെള്ളം, കഞ്ഞിവെള്ളം, തിളപ്പിച്ചാറ്റിയ വെള്ളം) ധാരാളമായി ഉപയോഗിക്കുക. ദിവസേന 12-15 ഗ്ലാസ്സോളം വെള്ളം കുടിക്കുക. കൈയിൽ കുപ്പിവെള്ളം കരുതാൻ ശ്രദ്ധിക്കുക. വെറും വെള്ളത്തെക്കാൾ ലവണങ്ങൾ (ഉപ്പ്, പഞ്ചസാര) അടങ്ങിയ വെള്ളം ആണ് അഭികാമ്യം. പഞ്ചസാര കൂടുതൽ അടങ്ങിയ പാനീയങ്ങൾ ഒഴിവാക്കുക. മദ്യപാനം ഒഴിവാക്കുക. തീരെ ക്ഷീണിക്കുന്നവർക്ക് ORS ഉത്തമം ആണ്.

നേരിട്ട് സൂര്യരശ്മി ഏല്ക്കുന്നത് കഴിവതും ഒഴിവാക്കുക. ഉച്ചയ്ക്ക് 11 മണി മുതൽ 3 മണി വരെയുള്ള സമയം വെയിലത്ത് പണിയെടുക്കാതിരിക്കുക. ഇതിനായി ജോലി സമയം ക്രമീകരിക്കുക.

ഇളം നിറമുള്ള അയഞ്ഞ പരുത്തിവസ്ത്രങ്ങൾ ധരിക്കാൻ ശ്രദ്ധിക്കുക.


രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ ഇവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അടഞ്ഞ വാഹനങ്ങളിൽ കുട്ടികളെ ഇരുത്തിയിട്ട് പോകുന്നത് അപകടം ഉണ്ടാക്കും.

## വയറിളക്കരോഗങ്ങൾ

ജലക്ഷാമംമൂലം ഭക്ഷണശുചിത്വവും വ്യക്തിശുചിത്വവും പാലിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കാനും കഴിയാതെ വരുന്നു. ജല ലഭ്യത കുറയുമ്പോൾ പല കച്ചവടക്കാരും അനാരോഗ്യകരമായ പ്രവണതകൾ നടപ്പാക്കുന്നു. മാത്രവുമല്ല ചൂട്



ചിക്കൻപോക്സ്



ചെങ്കണ്ണ്

കൂടുന്നതിനാൽ പതിവിൽ കൂടുതൽ ആളുകൾ കടകളിൽ നിന്നുള്ള ശീതള പാനീയങ്ങൾ ഉപയോഗിക്കുന്നു. പലപ്പോഴും കച്ചവടക്കാർ പാനീയങ്ങളിൽ വാണിജ്യാവശ്യത്തിനുത്പാദിപ്പിക്കുന്ന മലിനമായ ഐസ്കട്ടകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. വീട്ടിൽതന്നെയാണെങ്കിലും അന്തരീക്ഷത്തിലെ ഉഷ്മാവ് കൂടുതലായതിനാൽ ഭക്ഷണപദാർത്ഥങ്ങൾ പെട്ടെന്ന് കേടാകുന്നതു മൂലം ഭക്ഷ്യവിഷബാധയ്ക്കുള്ള സാധ്യത കൂടുന്നു. ഇവയൊക്കെ കാരണം വയറിളക്ക രോഗങ്ങൾ വേനൽക്കാലത്ത് കൂടുതലായി കണ്ടുവരുന്നു. കൂടാതെ ഇക്കൂട്ടത്തിൽപ്പെട്ട മഞ്ഞപിത്തം (Hepatitis A), ടൈഫോയ്ഡ് (Typhoid), കോളറ തുടങ്ങിയ ജലജന്യരോഗങ്ങളുടെ ഭീഷണിയും നിലനില്ക്കുന്നു.

## പ്രതിരോധമാർഗ്ഗങ്ങൾ

ഭക്ഷണം നല്ലവണ്ണം പാചകം ചെയ്തു തന്നെ കഴിക്കണം. ഫ്രിഡ്ജിൽ വയ്ക്കാൻ ഉദ്ദേശിക്കുന്ന ഭക്ഷണം പാചകം ചെയ്തു അധികം കാലതാമസം കൂടാതെ തന്നെ വൃത്തിയോടുകൂടി ഫ്രിഡ്ജിലേക്ക് വയ്ക്കുക. പിന്നീട് കഴിക്കുവാൻ എടുക്കുമ്പോൾ നല്ലവണ്ണം ചൂടാക്കിയിട്ടു മാത്രം കഴിക്കുക.

കൈകഴുകുന്നതിലും പാത്രങ്ങളും പച്ചക്കറി, പഴങ്ങൾ, മാംസം മുതലായവ കഴുകുന്നതിലും പ്രത്യേകം ശ്രദ്ധ പാലിക്കണം.

കഴിവതും വീട്ടിൽ നിന്ന് തന്നെയുള്ള തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക. പുറത്തുനിന്നുള്ള പാനീയങ്ങൾ കുടിക്കുന്നതിനു മുമ്പ് ശുദ്ധത ഉറപ്പാക്കുക .

## വേനൽക്കാലത്തെ മറ്റു പകർച്ചവ്യാധികൾ

ചിക്കൻപോക്സ്, മീസിൽസ് (measles), മംപ്സ് (mumps), ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങൾ ഈ കാലാവസ്ഥയിൽ പെട്ടെന്ന് പടർന്നുപിടിക്കുന്നു. വൈറസുകൾക്കും മറ്റു രോഗാണുക്കൾക്കും അനുയോജ്യമായ സാഹചര്യമാണ് ചൂട് കാലാവസ്ഥ ഒരുക്കുന്നത്. രോഗം വന്നാൽ ചികിത്സിക്കുക, പടരാൻ സാധ്യതയുള്ളതിനാൽ മുൻകരുതലെടുക്കുക, വ്യക്തിശുചിത്വം പാലിക്കുക. വേണ്ട സമയങ്ങളിൽ ഡോക്ടർ നിർദ്ദേശിക്കുന്ന പ്രകാരം ഉള്ള പ്രതിരോധ കുത്തിവെയ്പുകൾ എടുക്കുന്നതും ഉചിതമായ പ്രതിരോധ മാർഗ്ഗമാണ്. ഇത്തരം വൈറൽ രോഗങ്ങളൊക്കെയും സങ്കീർണ്ണതകൾ ഇല്ലാതെ തനിയെ ഭേദമാകുന്നവയാണെങ്കിലും പ്രായമായവർ, ഗർഭിണികൾ, മറ്റു രോഗങ്ങളുള്ളവർ എന്നിവരിൽ സങ്കീർണ്ണതകൾ ഉണ്ടാക്കാം എന്നുള്ളതുകൊണ്ടുതന്നെ ഇക്കൂട്ടർക്ക് പ്രത്യേകം ശ്രദ്ധ നല്കണം. വിയർപ്പും ചൂടും കാരണം തൊലിപ്പുറത്ത് പൂപ്പൽബാധ പോലുള്ള പ്രശ്നങ്ങൾ വരാതിരിക്കാൻ വ്യക്തിശുചിത്വം പാലിക്കുക.



## മഴക്കാലപൂർവ്വ ശുചീകരണം

വേനൽമഴയോട് കൂടി കൊതുകുശല്യം കൂടാതിരിക്കാൻ പരിസരശുചിത്വം പാലിക്കുക എന്ന സ്ഥിരം മന്ത്രം തന്നെയാണ് രക്ഷ. മാത്രവുമല്ല മഴക്കാലത്ത് പകർച്ചവ്യാധികൾ തടയാനായി ഇപ്പോഴേ പരിസരം വൃത്തിയാക്കി കൊതുക് വളരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. ഡെങ്കി, ചിക്കൻഗുനിയ മുതലായ കൊതുകജന്യരോഗങ്ങളാൽ വലയാത്ത ഒരു നല്ല മഴക്കാലത്തെ നമുക്ക് വരവേല്ക്കാം. □

*(ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്.)*

# കില ന്യൂസ്



*ഭക്ഷ്യ ധാന്യങ്ങളുടെ ഇനങ്ങൾ കുറയുന്നതു സംബന്ധിച്ച് കൈനകരി ഗ്രാമപഞ്ചായത്തിൽ കർഷകരുമായി ഫോക്കസ് ഗ്രൂപ്പ് സംഘടിപ്പിച്ച ചർച്ച*

## ജൈവവൈവിധ്യം നിലനിർത്താൻ കിലയുടെ ഇടപെടൽ

ഇന്ത്യയിലെ കാർഷിക ജൈവവൈവിധ്യം കുറയുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടന കേരളം, പഞ്ചാബ്, മിസോറാം എന്നീ സംസ്ഥാനങ്ങളിൽ കാര്യശേഷിവികസന പരിപാടിക്കു രൂപം നൽകി.കേരളത്തിൽ കിലയും കേരള സംസ്ഥാന ജൈവവൈവിധ്യബോർഡും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസും സംയുക്തമായാണ് ഇതു പ്രാവർത്തികമാക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംസ്ഥാനതലത്തിലും ആലപ്പുഴയിൽ ജില്ലാതല കൂടിയാലോചനാ ശില്പശാലയും സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സംസ്ഥാനതല ശില്പശാലയിൽ ആമുഖ പ്രഭാഷണം നടത്തി. ജില്ലാതല ശില്പശാലയിൽ ഭക്ഷ്യ-കാർഷിക സംഘടനയുടെ പ്രതിനിധികളായ ശാലിനി ഭൂട്ടാനി, സീമാഭട്ട് എന്നിവർ സംബന്ധിച്ചു.

തുടർന്ന് കൈനകരി ഗ്രാമപഞ്ചായത്തിൽ കർഷകരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചു. ഭക്ഷ്യധാന്യങ്ങളുടെ ഇനങ്ങൾ കുറയുന്നതു സംബന്ധിച്ച വിഷയങ്ങളായിരുന്നു മുഖ്യ ചർച്ച. മനുഷ്യൻ ആഹാരമാക്കുന്ന ധാന്യങ്ങളുടെ എണ്ണം കുറയുന്നതുമൂലം ലോകം ഭക്ഷ്യ പ്രതിസന്ധിയിലേക്കു നീങ്ങുന്ന സാഹചര്യത്തിലാണ് ഭക്ഷ്യ-കാർഷിക സംഘടനയുടെ പഠനസംഘമെത്തിയത്. ആലപ്പുഴ ജില്ലയിലാണ് ആദ്യം പഠനം നടത്തുന്നത്. കുട്ടനാട്ടിലെ കർഷകർ, കൃഷി വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, കൺവീനർമാർ, കൃഷി ഓഫീസർ, പൊതുപ്രവർത്തകർ എന്നിവരിൽനിന്നു വിവരങ്ങൾ ശേഖരിച്ചു. കിലയാണ് പഠനസംഘത്തിനു നേതൃത്വം നൽകിയത്. കില, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്നിവയുടെ സംയുക്ത കാര്യശേഷി വികസനപരിപാടിക്കു ഭക്ഷ്യ-കാർഷിക സംഘടന പിന്തുണ നൽകുന്നു.

## ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾ: രണ്ടാംഘട്ട പരിശീലനം തുടങ്ങി

ഗ്രാമപഞ്ചായത്തുകളിൽനിന്നു നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും സംബന്ധിച്ച് എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള രണ്ടാംഘട്ട ദ്വിദിന പരിശീലന പരിപാടി തുടങ്ങി. ഫെബ്രുവരി 5നു തുടങ്ങിയ പരിശീലനപരിപാടി സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിലാണ് സംഘടിപ്പിക്കുന്നത്. നൽകുന്ന സേവനങ്ങൾ ഒരേ രീതിയിൽ എല്ലാ സ്ഥലത്തും സമയബന്ധിതമായി ലഭ്യമാക്കുവാൻ പരിശീലനപരിപാടി ലക്ഷ്യമിടുന്നു. തുടർന്ന് പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിനു ഉദ്ദേശിക്കുന്നുണ്ട്. സേവനങ്ങൾ അവകാശങ്ങളായി മാറുന്ന ഈ കാലഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്ന ഈ പരിശീലനം വലിയൊരു ബഹുജന വിദ്യാഭ്യാസ പരിപാടിയാണ്.

2018 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച പരിശീലനത്തിന്റെ ആദ്യഘട്ടം മൂന്നു കേന്ദ്രങ്ങളിലായി പൂർത്തിയാക്കി. കിലക്കു പുറമെ പത്തനംതിട്ടയും കോഴിക്കോടുമായിരുന്നു മറ്റു പരിശീലനകേന്ദ്രങ്ങൾ. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക്, രജിസ്ട്രേഷൻ, ലൈസൻസ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന

രണ്ടു ക്ലർക്കുമാർ എന്നിവരടങ്ങിയ അഞ്ചുപേരുടെ ഒരു ടീമാണ് പരിശീലനത്തിൽ പങ്കെടുത്തത്.


മഹാരാഷ്ട്രയിൽനിന്നുള്ള ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

## മഹാരാഷ്ട്രയിലെ ജനപ്രതിനിധികൾ കിലയിൽ

മഹാരാഷ്ട്രയിലെ ഔറംഗബാദ് ഡിവിഷനിൽപെട്ട ഏഴു ജില്ലകളിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിലെത്തി. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാപഞ്ചായത്ത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസർമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. കേരളത്തിലെ അധികാരവികേന്ദ്രീകരണവും പങ്കാളിത്ത ആസൂത്രണവും മറ്റും പഠിക്കുകയാണ് ഇവരുടെ ലക്ഷ്യം. മഹാരാഷ്ട്ര സർക്കാരിന്റെ പൂനയിലെ പരിശീലനകേന്ദ്രമായ യശ്വന്തറാവു ചവാൻ അക്കാദമി ഓഫ് ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷനിലെ ഉദ്യോഗസ്ഥരും 40 അംഗ സംഘത്തിലുണ്ടായിരുന്നു.

## നഗരസഭാ സെക്രട്ടറിമാർക്കു പ്രീ സർവീസ് പരിശീലനം

പുതിയതായി നിയമനം ലഭിച്ച നഗരസഭാ സെക്രട്ടറിമാർക്ക് ഒരു മാസത്തെ പ്രീ സർവീസ് പരിശീലനം കിലയിൽ സംഘടിപ്പിച്ചു. നഗരഭരണവൽക്കരണം, നഗരവികസനം, നഗരഭരണചരിത്രം, കേരള മുനിസിപ്പൽ നിയമങ്ങളും ഭരണഘടനാ വ്യവസ്ഥകളും, വാർഡ്സഭകളും വാർഡ് കമ്മിറ്റികളും, വിഭവസ്രോതസ്സുകൾ, നഗരസഭാ സെക്രട്ടറിയുടെ ചുമതലകൾ, നികുതിനിർണ്ണയാധികാരം, വികേന്ദ്രീകൃതാസൂത്രണം, മുനിസിപ്പൽ എസ്റ്റാബ്ലിഷ്മെന്റ്, ബജറ്റ്, അക്കൗണ്ടിംഗ്, മാലിന്യപരിപാലനം, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, സിവിൽ രജിസ്ട്രേഷൻ, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി തുടങ്ങി ഒട്ടേറെ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു പരിശീലനം.


പുതിയതായി നിയമനം ലഭിച്ച നഗരസഭ സെക്രട്ടറിമാർക്കു കിലയിൽ സംഘടിപ്പിച്ച ഒരു മാസത്തെ പ്രീ സർവീസ് പരിശീലനം

## പക്ഷിനിരീക്ഷണത്തിൽ ജീവനക്കാർക്കു പരിശീലനം

കില കാമ്പസിൽ ആരംഭിച്ച പക്ഷിനിരീക്ഷണ പരിപാടിക്കായി കില ജീവനക്കാർക്കു പരിശീലനം നൽകി. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിലെ ഇക്കോളജിസ്റ്റ് പാടിക് ഡേവിഡ് പക്ഷിനിരീക്ഷണം എന്തിന് എങ്ങനെ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. സെക്ഷൻ ഓഫീസർ കെ.കെ. ബാബു അദ്ധ്യക്ഷനായിരുന്നു. ഇന്ത്യയിൽ 1268 ഇനം പക്ഷികളെ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ 500 ൽ പരം ഇനങ്ങൾ കേരളത്തിലാണെന്നും പാടിക് ഡേവിഡ് പറഞ്ഞു.

കില കാമ്പസിൽ ഇതുവരെ 64ഇനം പക്ഷികളെയാണ് കണ്ടെത്തിയിട്ടുള്ളത്. പരിശീലനക്ലാസ്സിനുശേഷം ഡേവിഡിന്റെ നേതൃത്വത്തിൽ പക്ഷിനിരീക്ഷണത്തിനുള്ള പ്രായോഗിക പരിശീലനവും നൽകി.

## കിലയിൽ ഫിറ്റ്നെസ് സെന്റർ

കിലയിൽ പരിശീലനത്തിനെത്തുന്നവരുടെയും കില ജീവനക്കാരുടെയും ആരോഗ്യപരിപാലനത്തിനു ഫിറ്റ്നെസ് സെന്റർ ആരംഭിച്ചു. രാവിലെയും വൈകുന്നേരവും 5 മുതൽ 8 വരെയാണ് പ്രവർത്തനസമയം.

## ജനപ്രതിനിധികൾക്കു ഡിപ്ലോമ കോഴ്സ്

ബാലസൗഹൃദ തദ്ദേശഭരണത്തിൽ ജനപ്രതിനിധികൾക്കുള്ള ആറുമാസത്തെ ഡിപ്ലോമ കോഴ്സിനു കിലയിൽ തുടക്കമായി.

കുട്ടികളുടെ അവകാശങ്ങളും അതിന്റെ പ്രായോഗികതകളും എല്ലാ മേഖലയിലും ഉറപ്പുവരുത്താൻ ജനപ്രതിനിധികളെ പ്രാപ്തരാക്കുകയാണ് കോഴ്സിന്റെ ലക്ഷ്യം.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും 45 ജനപ്രതിനിധികളാണ് കോഴ്സിൽ ചേർന്നിട്ടുള്ളത്.

# വാർത്തകൾ വിശേഷങ്ങൾ

## അനധികൃത ബോർഡ് നീക്കൽ: പുരോഗതി വിലയിരുത്താൻ നോഡൽ ഓഫീസറെ നിയമിച്ചു

* പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാം

ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ/കൊടികൾ എന്നിവ നീക്കുന്നത് വിലയിരുത്താനുള്ള നോഡൽ ഓഫീസറായി കൊല്ലം നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ചുമതലയാണ് നൽകിയിട്ടുള്ളത്.

കൊല്ലം നഗരകാര്യ മേഖലാ ജോയന്റ് ഡയറക്ടർ ഇൻ ചാർജ് വി.ആർ. രാജുവാണ് നോഡൽ ഓഫീസർ. (ഫോൺ: 0474 2748812, മൊബൈൽ/വാട്ട്സ്ആപ്പ്: 9447413433, ഇ-മെയിൽ: duarklm@gmail.com.sI.kn. അശോക്കുമാർ (സീനിയർ സൂപ്രണ്ട്) ഫോൺ: 8289892896, വി.ജി. അജയ് (ജൂനിയർ സൂപ്രണ്ട്) ഫോൺ: 9400516953 എന്നിവരാണ് അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ.

പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും നോഡൽ ഓഫീസർക്ക് നൽകാം.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് – ഭേദഗതികൾ കർശനമായി നടപ്പിലാക്കണം

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൻറെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്ത്/മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ കർശനമായി നടപ്പിലാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ 75/ ആർഡി/3/2019 തസ്വഭവ, തീയതി 29/ 3/2019)

## ലൈസൻസ് – പുതിയ പേര് ഉപയോഗിക്കണം

1996 ലെ കേരള പഞ്ചായത്ത് രാജ് ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്ന് മാറ്റി 31 /10 /2017 തീയതിയിലെ സ ഉ (പി) നമ്പർ 80 /2017/ തസ്വഭവ പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ഭേദഗതി വരുത്തിയ ചട്ടങ്ങളുടെ പേര് തന്നെ ഉപയോഗിക്കണമെന്ന് കർശനമായ നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ 75/ ആർഡി/3/2019 തസ്വഭവ, തീയതി 29/ 3/2019)

## ഐടി ഉപകരണങ്ങൾ സർക്കാർ പോർട്ടലിലൂടെ മാത്രം വാങ്ങണം

സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിവിധ കമ്മീഷനുകൾ/ യൂണിവേഴ്സിറ്റികൾ/ കമ്പനി ബോർഡ് കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൻറെ പോർട്ടലിലൂടെ (www.cprc.kerala.gov.in) മാത്രമേ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ മുതലായ ഐടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന നിഷ്കർഷിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ ഐ.റ്റി.സെൽ-1/26/2019/വിസവ, തീയതി 18/3/2019)

## എസ്സി/ എസ്ടി കോളനികളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി

ജലദൗർലഭ്യം അനുഭവപ്പെടുന്ന എസ്സി/ എസ്ടി/മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവിടുത്തെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി 500/ 1000 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും അതിലേക്ക് ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(സാധാ) നമ്പർ 800 /2019 തസ്വഭവ,തീയതി 04/04/2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**



# കണിക്കൊന്ന പൂക്കുന്ന കാലം

പ്രശാന്ത് സി.

**ഐതിഹ്യങ്ങൾക്കും വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമപ്പുറം, നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് വിഷു.**

ചുട്ടുപൊള്ളുന്ന മീനച്ചൂടിലും കണ്ണിന് കുളിർമഴയായി നാടെങ്ങും വിടർന്നു നിൽക്കുന്ന സ്വർണവർണകർണികാരങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് വിഷു എന്ന മഹോത്സവത്തെയാണ്.

'പൊലിക പൊലിക ദൈവമേ തൻ നെൽ പൊലിക' എന്ന പുള്ളുവപ്പാട്ടിന്റെ ഈരടികൾക്കൊപ്പം വിഷുക്കണിയും വിഷുക്കൈനീട്ടവും വിഷുഫലവും വിഷുപ്പക്ഷിയും ഗൃഹാതുരതയുടെ ഉണർത്തുപാട്ടായി മലയാളി മനസ്സിൽ ഉയരുന്ന നാൾ കൂടിയാണ് വിഷു.

കേരളത്തിന്റെ കാർഷികോത്സവമായ വിഷു ആഘോഷിക്കുന്നത് മലയാളമാസം മേടം ഒന്നിനാണ്. കേരളത്തിൽ മാത്രമല്ല, ഭാരതത്തിലെ മറ്റു സ്ഥലങ്ങളിലും പല പേരുകളിൽ വിഷു ആഘോഷിക്കാറുണ്ട്. ആസാമിൽ ബിഹു, ബീഹാറിൽ ബൈഹാഗ്, പഞ്ചാബിൽ വൈശാഖി, തമിഴ്നാട്ടിൽ പുത്താണ്ട്, കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും ഉഗാദി എന്നിങ്ങനെ വ്യത്യസ്ത

പേരുകളിലാണ് നമ്മുടെ വിഷു ആഘോഷിക്കപ്പെടുന്നത്. കാലഗണനാ നിർണയത്തിനായി ഭാരതത്തിൽ മുൻപ് നിലവിലിരുന്ന പഞ്ചാംഗ പ്രകാരമുള്ള വർഷാരംഭമാണ് ഈ ദിനം. സംഘ കൃതിയായ പതിറ്റുപ്പത്തിൽ വിഷുവിനെക്കുറിച്ചുള്ള പരാമർശമുള്ളതിനാൽ സംഘകാലത്തിനും മുമ്പേ തന്നെ ഈ ആഘോഷം നിലനിന്നിരുന്നുവെന്ന് അനുമാനിക്കാം.

വിഷു എന്ന വാക്കിന്റെയർത്ഥം തുല്യാവസ്ഥയോടു കൂടിയത് എന്നാണ്. അതായത് രാത്രിയും പകലും തുല്യമായ ദിവസം. ഇങ്ങനെ ദിനരാത്രങ്ങൾ തുല്യമായ രണ്ടു ദിവസങ്ങളാണുള്ളത്. മേടം ഒന്നും തുലാം ഒന്നും. ആദ്യത്തേത് മേടവിഷുവും രണ്ടാമത്തേത് തുലാം വിഷുവും. ജ്യോതിശാസ്ത്ര പ്രകാരം, തുല്യതയാർന്ന ഈ രാപ്പകലുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഒരു രാശിയിൽ നിന്ന് അടുത്ത രാശിയിലേക്കുള്ള സൂര്യന്റെ സഞ്ചാരമാണ് സംക്രാന്തി. സൂര്യൻ മീനം രാശിയിൽ നിന്ന് മേട രാശിയിലേക്കു പ്രവേശിക്കുന്ന ദിവസമാണ് മേടവിഷു.

സൂര്യസഞ്ചാരവുമായി ബന്ധപ്പെട്ട ശാസ്ത്രീയ നിഗമനങ്ങൾ മുന്നിൽ നിൽക്കുമ്പോൾത്തന്നെ വിഷുവിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾക്കും കുറവില്ല. ശ്രീകൃഷ്ണൻ നരകാസുരനെ നിഗ്രഹിച്ച ദിവസമാണ് വിഷുവായി ആഘോഷിക്കുന്നതെന്നതാണ് അവയിൽ പ്രധാനം. കൊട്ടാരത്തിനുള്ളിൽ വെയിൽ തട്ടിയത് ഇഷ്ടപ്പെടാത്ത രാവണൻ സൂര്യനെ നേരെ ഉദിക്കാൻ അനുവദിച്ചില്ലെന്നും രാമൻ രാവണനെ വധിച്ച ശേഷം സൂര്യൻ നേരെ ഉദിച്ച ദിവസമാണ് വിഷുവായി ആഘോഷിക്കുന്നതെന്നും മറ്റൊരൈതിഹ്യവും പ്രചാരത്തിലുണ്ട്. സൂര്യസഞ്ചാരവുമായി ബന്ധപ്പെട്ടതിനാൽ രണ്ടാമത്തെ കഥയ്ക്ക് കൂടുതൽ സാംഗത്യമുണ്ട്.

ബുദ്ധമത ദർശനങ്ങളുമായി ഇഴുകിച്ചേർന്ന നമ്മുടെ ഓണത്തിന്റെ ആചാരരീതികളുമായി പൊരുത്തപ്പെടുന്നതല്ല വിഷുവിന്റെ ആചാരാനുഷ്ഠാനങ്ങൾ. നായാട്ടു നടത്തി ഉപജീവനം കഴിച്ചിരുന്ന ആദി ദ്രാവിഡരുടെ രീതികളുമായി ഇതിന് സാമ്യമുണ്ട്. അതിനാൽ ഓണത്തേക്കാൾ പഴക്കമുള്ള ആഘോഷമാണ് വിഷുവെന്ന് നമുക്ക് അനുമാനിക്കാം.

കേരളത്തിന്റെ പ്രധാനപ്പെട്ട കാർഷികോത്സവങ്ങളാണ് വിഷുവും ഓണവും. ഓണം വിരിപ്പു കൃഷിയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ, വേനൽക്കാല പച്ചക്കറികളുമായി ബന്ധപ്പെട്ടതാണ് വിഷു. വിഷുവിന്റെ ആചാരങ്ങളും വ്യത്യസ്തമാണ്. അവയിൽ പ്രധാനപ്പെട്ടത് വിഷുക്കൈനീട്ടം, വിഷു സദ്യ, വിഷുക്കണി തുടങ്ങിയവയാണ്.

**ആ മഹാ ആഘോഷത്തിന്റെ വരവറിയിച്ചു കൊണ്ട്, കാലം തെറ്റി പൂത്തുലഞ്ഞു നിൽക്കുന്ന കണിക്കൊന്നകൾ നമ്മളോടു പറയാതെ പറയുന്നതും അതു തന്നെയാണ്. വിഷുക്കാലം വരവായി.**

കുടുംബത്തിലെ ഗൃഹനായികയ്ക്കാണ് വിഷുക്കണി ഒരുക്കുവാനും അത് കാണിക്കാനുമുള്ള ചുമതല. തേച്ചൊരുക്കിയ ഓട്ടുരുളിയിലാണ് കണിവിഭവങ്ങൾ ഒരുക്കുന്നത്. ഉരുളിയിൽ അരിയും നെല്ലും പാതി നിറച്ച്, കണിവെള്ളരിയും കണിക്കൊന്നയും പഴുത്ത അടയ്ക്കയും വെറ്റിലയും നാളികേര പാതിയും അലക്കിയ മുണ്ടും പൊന്നും വാൽക്കണ്ണാടിയും കിഴക്കോട്ടു തിരിയിട്ട് കത്തിച്ച നിലവിളക്കും ശ്രീകൃഷ്ണ വിഗ്രഹവും വച്ചാണ് വിഷുക്കണി ഒരുക്കുന്നത്.

ഗ്രന്ഥം, വെള്ളിപ്പണം, ചക്ക, മാങ്ങ മുതലായവയും കണിയായി വയ്ക്കാറുണ്ട്. കണി ഒരുക്കി ഉറങ്ങാൻ കിടക്കുന്ന സ്ത്രീ, അതിരാവിലെ എണീറ്റ് കണി കണ്ട്, കുടുംബാംഗങ്ങളെ ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തി പുറകിൽ നിന്ന് കണ്ണുപൊത്തിപ്പിടിച്ചു കൊണ്ടുവന്ന് കണി കാണിക്കും. പുതിയൊരാണ്ടിലേക്കുള്ള മിഴി തുറക്കലാണ് ഈ ചടങ്ങ്.

കണി കണ്ടതിനു ശേഷം കുടുംബാംഗങ്ങൾക്ക് ഗൃഹനാഥൻ നൽകുന്ന സമ്മാനമാണ് വിഷുക്കൈനീട്ടം. സമ്പൽ സമൃദ്ധിയും ഐശ്വര്യവും വർഷം മുഴുവനും എന്ന അനുഗ്രഹത്തോടെയാണ് കൈനീട്ടം നൽകുന്നത്. പണിക്കർ (കണിയാൻ) വീടുകളിൽ വന്ന് വിഷുഫലം പറയുന്ന രീതി പണ്ടുകാലത്ത് സാർവ്വത്രികമായിരുന്നു. കാലാവസ്ഥയുമായി ബന്ധപ്പെടുത്തി കാർഷിക വൃത്തിയിൽ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളാവും ഇതിൽ പ്രധാനം.

വിഷു ആഘോഷിക്കുന്നത് ചക്കക്കാലത്തായതു കൊണ്ടാകാം വിഷു സദ്യയിൽ ചക്കയ്ക്ക് സുപ്രധാന സ്ഥാനമാണുള്ളത്. ഗൃഹനാഥൻ വരിക്കച്ചക്ക വെട്ടിക്കൊണ്ടാണ് മുൻ കാലങ്ങളിൽ വിഷു ആഘോഷത്തിന് തുടക്കം കുറിച്ചിരുന്നത്. ഇതിനെ പനസം വെട്ടൽ എന്നാണ് വിളിച്ചിരുന്നത്. ചക്ക എരിശ്ശേരി, ചക്ക വറുത്തത് തുടങ്ങിയവ വിഷു വിഭവങ്ങളിൽ പ്രധാനമാണ്. ഉച്ചയ്ക്കുള്ള വിഭവസമൃദ്ധമായ സദ്യയിൽ മാമ്പഴപ്പുളിശ്ശേരിയും ചക്ക പ്രഥമനും നിർബന്ധമായും ഉണ്ടായിരിക്കണം എന്നാണ് പറയാറുള്ളത്. ഇത് ഓണസദ്യയിൽ നിന്ന് വിഷു സദ്യയെ വ്യത്യസ്തമാക്കുന്നു.

കൃഷിയുമായി ബന്ധപ്പെട്ട ചടങ്ങുകളും സജീവമാണ്. വിഷു സദ്യയ്ക്കു മുമ്പായി, കന്നുകാലികളെ കുളിപ്പിച്ച് കുറി തൊട്ട് കൊന്നപ്പൂങ്കുലകൾ കൊണ്ടലങ്കരിച്ച് കൃഷിസ്ഥലത്തെത്തിച്ച് ആദ്യമായി നിലം ഉഴുതുമറിച്ച് വിത്തിടുന്നു. ഇതിനെ ചാലിടീൽ എന്നാണ് പറയുന്നത്. സദ്യ കഴിഞ്ഞുള്ള ചടങ്ങാണ് കൈക്കോട്ടുചാൽ. കഴുകി, കുറി തൊട്ട്, കൊന്നപ്പൂക്കൾ കൊണ്ടലങ്കരിച്ച കൈക്കോട്ടു കൊണ്ട് വീടിന്റെ കിഴക്കുപടിഞ്ഞാറ് ഭാഗം കൊത്തിക്കിളിക്കുന്ന ചടങ്ങിനെ കൈക്കോട്ടുചാൽ എന്നാണു പറയുന്നത്. കൊത്തിക്കിളച്ച സ്ഥലത്ത് പച്ചക്കറിവിത്തുകളും നവധാന്യങ്ങളും ഒന്നിച്ചു നടുന്നു. പറമ്പുകൃഷിയുടെ തുടക്കത്തിന്റെ സൂചനയാണിത്.

ഐതിഹ്യങ്ങൾക്കും വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമപ്പുറം, നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് വിഷു. ആ മഹാ ആഘോഷത്തിന്റെ വരവറിയിച്ചു കൊണ്ട്, കാലം തെറ്റി പൂത്തുലഞ്ഞു നിൽക്കുന്ന കണിക്കൊന്നകൾ നമ്മളോടു പറയാതെ പറയുന്നതും അതുതന്നെയാണ് - വിഷുക്കാലം വരവായി.

☐

*(ലേഖകൻ*
*റൂറൽ ഇൻഫർമേഷൻ ബ്യൂറോയിൽ*
*കാമ്പയിൻ ആഫീസറാണ്.*
*9526982621, 8848162038)*

കവർ സ്റ്റോറി



# വീണ്ടും വിഷു വരവായി

ഡോ. വിളക്കുടി രാജേന്ദ്രൻ

വിഷുദർശനവും കൈനീട്ടവും വിഷു ഫലവും തുടർന്നുള്ള ഒരു വർഷക്കാലത്തെ അനുഭവത്തിന്റെ നാന്ദിക്കുറിക്കുമെന്നാണ് വിശ്വാസം. .

കേരളീയരുടെ കാർഷികോത്സവമാണ് വിഷു. 'വിസൂയതേ ഇതി വിഷു' എന്ന് ധാത്വർത്ഥം. 'സൂ' എന്നാൽ പ്രസവിക്കുക, ഉത്പാദിപ്പിക്കുക. അതായത് ഉത്പാദിപ്പിക്കുകയാൽ വിഷു. കാർഷികോത്പന്നങ്ങളുമായുള്ള ബന്ധമാണല്ലോ ഇത് സൂചിപ്പിക്കുന്നത്. ഈ ഉർവരതാസങ്കല്പത്തിന്റെ പ്രതീകമായാണ് വിഷുക്കണിയായി കാർഷികവിഭവങ്ങൾ ഒരുക്കിവയ്ക്കുന്നത്. ഓണം കഴിഞ്ഞാൽ ഇത്രയേറെ ജനകീയമായ കാർഷികാടിത്തറയുള്ള മറ്റൊരു ആഘോഷവേള മലയാളികൾക്കില്ല.

*'വന്നുവോണം കഴിഞ്ഞു വിഷുവെന്നും*
*വന്നില്ലല്ലോ തിരുവാതിരയെന്നും'*
*(പൂന്താനം – ജ്ഞാനപ്പാന)*

ചിന്തിച്ച് സ്വപ്നങ്ങളിൽ മുഴുകുന്നവരാണ് പ്രായഭേദമെന്യേ, ജാതിമതഭേദമെന്യേ എല്ലാ മലയാളികളും.

വിഷുവിനെപ്പറ്റി പാടാത്ത മലയാളകവിതകളില്ല. മീനമാസക്കാറ്റിന്റെ ഒടുവിൽ വന്നെത്തുന്ന വിഷു സ്വർണനിറമാർന്ന കൊന്നപ്പൂക്കളുടെ ഉത്സവകാലമാണ്.

*'ആറ്റവക്കിൽ പൂനിലാവിൽ*
*പൊന്നണിയും കൊന്നേ*
*നീട്ടുമോ കൈനീട്ടമൊന്നു*
*മാമലമകളേ'*
*(പി. കുഞ്ഞിരാമൻനായർ)*

പച്ചിലച്ചാർത്തിലൊളിച്ച വിഷുപ്പക്ഷിയുടെ പാട്ടുകേട്ട് കവി ആനന്ദാനുഭൂതിയിൽ ലയിക്കുന്നു. വിഷുവാഘോഷത്തോടൊപ്പം നമ്മുടെ മനസ്സിലേക്കോടിയെത്തുന്ന കവിതയാണ് വൈലോപ്പിള്ളിയുടെ 'വിഷുക്കണി' (കയ്പവല്ലരി). ഒരു കണികാണലിന്റെ മധുരസ്മരണയോടൊപ്പം ഇന്നലെകളുടെ സൗവർണദീപ്തിയിൽ ആറാടിനിൽക്കുന്ന കവിചിത്തം ഗ്രാമനന്മകളുടെ മടിത്തട്ടിൽ 'കണിവെള്ളരിക്ക'പോൽ വിശ്രാന്തി തേടുന്ന ചിത്രം നമ്മുടെ മനസ്സിൽ പതിഞ്ഞുകിടപ്പാണല്ലോ.

*"ഏത് ധൂസര സങ്കൽപത്തിൽ വളർന്നാലും*
*ഏത് യന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും*
*മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും*
*മണവും മമതയും ഇത്തിരി കൊന്നപ്പൂവും ...."*

എന്നത് മലയാളികളുടെ മുഴുവൻ പ്രാർത്ഥനയാണ്.

*'തുമ്പ പൂത്താൽ ഓണം*
*കൊന്ന പൂത്താൽ വിഷു'*

എന്നാണ് ചൊല്ല്. വിഷുവിന്റെ വരവറിയിച്ചുകൊണ്ട് നിറയെ പൂത്തുനിൽക്കുന്ന കണിക്കൊന്നകൾ കേരളീയ പ്രകൃതിയുടെ വരദാനമാണ്. വിഷുപക്ഷിയുടെ പാട്ടിലൂടെ വിഷുവിനെപ്പറ്റി ഗൃഹാതുരത്വം പകരുന്ന ഓർമകൾ അയവിറക്കുന്നവരാണ് മലയാളികൾ. ബാല്യസ്മൃതികളുടെ നഷ്ടലഹരികളെപ്പറ്റിപ്പറയുമ്പോൾ വിഷുവും വിഷുക്കണിയും വിഷുക്കൈനീട്ടവുമാണ് ആദ്യം ഓർമ്മയിലെത്തുക. മനോഹരമായ വർണസങ്ക



ല്പങ്ങൾ ചേർന്നതാണ് ഓണമെങ്കിലും 'വിഷുക്കൈനീട്ട'ത്തിന്റെ മധുരസ്മൃതികൾ അതിനില്ലല്ലോ.

വസന്തോൽസവമായ വിഷു കേരളീയർക്ക് നവവത്സരപ്പിറവികൂടിയാണ്. മേടം ഒന്നിനാണ് വിഷു ആഘോഷിക്കുന്നത്. സൂര്യൻ ഒരു രാശിയിൽ നിന്ന് മറ്റൊരു രാശിയിലേക്കു നീങ്ങാനുള്ള സമയം 18 നാഴികയിൽ കുറവാണെങ്കിൽ മേടം 1-നു വിഷു. 18 നാഴികയിൽ കൂടുതലാണെങ്കിൽ മേടം 2-നു വിഷു. ഈ വർഷം മേടം ഒന്നിനാണ് വിഷു. 'വിഷവം' എന്നാണ് ജ്യോതിശാസ്ത്രത്തിലെ പേര്. കേരളത്തിൽ സൂര്യപ്രകാശം ലംബമായി പതിക്കുന്നതിനാൽ ശക്തമായ ചൂടിന്റെ നാളുകൾ കൂടിയാണിത്. ഏപ്രിൽ മധ്യം മുതലുള്ള ദിവസങ്ങളിൽ നമുക്ക് വേനൽമഴ ലഭിക്കുന്നതിനു കാരണവും മറ്റൊന്നല്ല. 'വിത്തും കൈക്കോട്ടും' പാടി വിഷുപ്പക്ഷി കർഷകമനസ്സുകളെ തൊട്ടുണർത്തുന്നതും കൃഷിയിടങ്ങൾ സജീവമാകുന്നതും ഇതോടെയാണ്.

പ്രാചീനകാലം മുതൽ തന്നെ കേരളീയർ വിഷു ആഘോഷിച്ചിരുന്നു. വിഷു സംബന്ധിച്ച ആദ്യപരാമർശം ഭാസ്കരരവിവർമ്മയുടെ (പത്താം നൂറ്റാണ്ട്) തൃക്കൊടിത്താനം ശാസനത്തിൽ കാണാം. 'നന്താവിളക്കു ചെലുത്തുമവർ ചിത്തിരേ വിഴവിനു പാതിയട്ടക്കടവിയർ. നിൻ പാതിയുമപ്പിയൈ വിഴവിതി കൈയട്ടക്കടവിയാര്'. (നന്താവിളക്കിന് ചെലവു നടത്തേണ്ടവർ ചിത്തിരവിഷു (മേടവിഷു) വിന് പകുതി അടച്ചിരിക്കണം. ശേഷം പകുതി അൽപ്പശിവിഷുവിന് (തുലാവിഷു) മുമ്പ് അടച്ചിരിക്കണം.) എന്നാണ് പരാമർശം.

വിഷുദർശനവും കൈനീട്ടവും വിഷുഫലവും തുടർന്നുള്ള ഒരു വർഷക്കാലത്തെ അനുഭവത്തിന്റെ നാന്ദിക്കുറിക്കുമെന്നാണ് വിശ്വാസം. .

ക്ഷേത്രങ്ങളിലും കണികാണൽ ഒരു മുഖ്യചടങ്ങാണ്. കണികണ്ട് കൊടികയറി ഉത്സവം ആരംഭിക്കുന്ന ക്ഷേത്രങ്ങൾ അനവധിയാണ്. ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ വിഷുവിന് നടതുറന്ന് പ്രത്യേക പൂജയുണ്ട്. കുളത്തൂപ്പുഴ ശാസ്താക്ഷേത്രത്തിൽ മേടവിഷുദർശനം പ്രധാനമാണ്. ചെറുകുന്ന് അന്നപൂർണേശ്വരി ക്ഷേത്രം, തിരുവങ്ങാട് ശ്രീരാമക്ഷേത്രം എന്നിവടങ്ങളിലെ വിഷുവിളക്കുത്സവം പ്രസിദ്ധമാണ്.

വിഷുദിവസം തമ്പുരാൻ (ഭൂഉടമ) ചെറുമക്കൾക്ക് (കൃഷിപ്പണിക്കാർ) നെല്ല്, അരി, തേങ്ങ, എണ്ണ മുതലായവ നൽകിയിരുന്നു. അവ വാങ്ങുന്നവർ തമ്പുരാന്റെ (ജൻമി) കീഴിൽ ഒരു വർഷം മുഴുവൻ കൃഷിപ്പണി ചെയ്യാൻ ബാധ്യസ്ഥരായിരുന്നു. 'വിഷുവെടുക്കുക' എന്നാണ് ഈ വ്യവസ്ഥ അറിയപ്പെട്ടിരുന്നത്.

'വിഷുവിൽ പിന്നെ വേനലില്ല' എന്നൊരു ചൊല്ലുണ്ട്. അതായത് വിഷുകഴിഞ്ഞാൽ മഴക്കാലം തുടങ്ങുമെന്നർത്ഥം. അതോടെ കൃഷിപ്പണികൾ ആരംഭിക്കും. മേടപ്പത്തിന് തെങ്ങുൾപ്പെടെയുള്ള വൃക്ഷങ്ങളുടെ തൈകൾ നടുന്നത് നാട്ടുവഴക്കമാണല്ലോ. ചിലേടത്ത് വിഷുവാഘോഷത്തോടനുബന്ധിച്ച് പടക്കം പൊട്ടിക്കുന്ന പതിവുണ്ട്. കാർഷികവിഭവങ്ങളെല്ലാം ചേർത്തുള്ള വിഭവസമൃദ്ധമായ സദ്യഒരുക്കലും പതിവാണ്. വിഷുക്കഞ്ഞിയും മധുരപലഹാരമായ വിഷുക്കട്ടയും വിഷുദിനത്തിൽ സ്വാദ് പകരുന്നു. കണിക്കണ്ടശേഷം ചന്ദനം തൊട്ടുവിച്ച് നാളികേരം ഉരുട്ടി അതിന്റെ കണ്ണ് ഏതു ദിശയിലേക്കാണ് എന്നു നോക്കി കണിഫലം പറയാറുണ്ട്. നാളികേരത്തിന്റെ കണ്ണ് കിഴക്കോട്ടാണെങ്കിൽ ഫലം ഉത്തമമെന്നും തെക്കോട്ടാണെങ്കിൽ അധമമാണെന്നുമത്രേ സങ്കല്പം.

വിഷുസംക്രാന്തി ദിവസം ഗൃഹപരിസരത്തെ ചപ്പുചവറുകളെല്ലാം ഉത്തു തീയിടാറുണ്ട്. ലങ്കാനഗരം തീയിട്ടു നശിപ്പിച്ചതിന്റെ

അതിരാവിലെ
അമ്മ വിളിച്ചുണർത്തി
കണ്ണുപൊത്തി പൂജാ മുറിയിൽ
ഒരുക്കിയിട്ടുള്ള കണികാണാൻ
കൊണ്ടുപോകുന്നതും
നിറദീപപ്രഭയിൽ
കൃഷ്ണവിഗ്രഹത്തോടൊപ്പം
ആ കാഴ്ചയിൽ മനസ്സ്
ആഹ്ലാദഭരിതമാവുന്നതും
വിസ്മരിക്കാനാവില്ല.



പ്രതീകമായാണ് ഈ പ്രവൃത്തിയെന്ന് ഐതിഹ്യം പറയുന്നു.

ലോഗന്റെ 'മലബാർ മാന്വ'ലിൽ (1887) വിഷുവിന്റെ പ്രാധാന്യത്തെപ്പറ്റി സൂചനയുണ്ട്. കീഴാളൻമാർ മേലാളൻമാരെ കാണുന്ന രണ്ടു വേളകളിൽ ഒന്നായിരുന്നു വിഷുദിനം. മറ്റൊരു വേള ഓണമായിരുന്നു. 'വെച്ചുകാണൽ' എന്നായിരുന്നു ഇതിന്റെ പേര്. 'വിഷുപുലർച്ചയ്ക്ക് കണികാണുന്നതെന്തോ അതനുസരിച്ചായിരിക്കും അന്നു തുടങ്ങുന്ന മുഴുവൻ വർഷത്തെയും അയാളുടെ ഭാഗധേയമെന്ന അന്ധവിശ്വാസത്തിൽ മുറുകെപിടിച്ചു കഴിയുന്നവരാണ് മലയാളികൾ. ദുർനിമിത്തങ്ങളൊന്നും കണ്ണിൽപ്പെടാതിരിക്കാനും സമൃദ്ധിയുടെയും സൗഭാഗ്യത്തിന്റേതുമായ ദിവസങ്ങളാണ് വരാനിരിക്കുന്നതെന്ന് ഉറപ്പുവരുത്താനും മുൻകൂട്ടി വിഷുക്കണി ഒരുക്കുന്നത് അതുകൊണ്ടാണ്. വിഷുക്കണി ഒരുക്കുന്നതിന് താൽക്കാലികമായ പുരകൾ കെട്ടിയുണ്ടാക്കുന്ന പതിവും ദുർലഭമല്ല.' (ലോഗൻ. പു. 166) ഇതൊക്കെ ഇന്നലെകളുടെ കഥ. ഇന്നോ?

തൊട്ടടുത്ത ഫ്ലാറ്റിനരുകിൽ ഈ കൊടും വേനലിലും നിറയെപൂച്ചൂടി നിൽക്കുന്ന കണിക്കൊന്ന പ്രകൃതിയുടെ കാലഭേദം സൂചിപ്പിക്കുന്നു. ഈ കൊന്നയുടെ പൂവിതിർത്ത ശാഖകൾ അരിയോരണി പന്തലായി കനകകാന്തിയാർന്നു നിൽക്കുന്ന കാഴ്ച ചേതോഹരമാണ്. ഇക്കുറി, നേരത്തെ പുഷ്പാഭരണം ചാർത്തിയ ഈ കൊന്നയിൽ വിഷുപ്പക്ഷികൾ ചേക്കേറിയിരിക്കുന്നതും കാണാം.

ഗൃഹാതുരത്വം ഉണർത്തുന്ന അനുഭവം വിഷുക്കാലത്തേതുപോലെ മറ്റൊന്ന് ഉണ്ടെന്നു തോന്നുന്നില്ല. അതിരാവിലെ അമ്മ വിളിച്ചുണർത്തി കണ്ണുപൊത്തി പൂജാ മുറിയിൽ ഒരുക്കിയിട്ടുള്ള കണികാണാൻ കൊണ്ടുപോകുന്നതും നിറദീപപ്രഭയിൽ കൃഷ്ണവിഗ്രഹത്തോടൊപ്പം ആ കാഴ്ചയിൽ മനസ്സ് ആഹ്ലാദഭരിതമാവുന്നതും വിസ്മരിക്കാനാവില്ല.

സ്വന്തം പുരയിടത്തിലെ കൊന്നമരത്തിൽകയറി പൂങ്കുലകൾ ഒടിച്ച്, കായ്കനികൾ ശേഖരിച്ച് കണിയൊരുക്കാൻ അമ്മയെ സഹായിച്ചിരുന്ന നാളുകളും ഓർമ്മയിലേക്കെത്തുന്നു. കൈനീട്ടം കിട്ടിയ കൊച്ചുകൊച്ചു നാണയങ്ങൾ ആരും അപഹരിച്ചെടുക്കാതെ വഞ്ചി യിൽ സൂക്ഷിക്കുകയും ഇടയ്ക്കെല്ലാം അതെടുത്ത് കുലുക്കി സുരക്ഷിതത്വം ഉറപ്പാക്കുകയും തൊട്ടടുത്ത കാവിലെ പൂരത്തിന് ആ പുത്തൻ നാണയങ്ങൾ ഒന്നൊഴിയാതെ ചെലവഴിക്കുകയും ചെയ്ത നാളുകൾ മനസ്സിൽ മധുരം നിറയ്ക്കുന്നു.

ഇപ്പോൾ നഗരത്തിൽ മിക്കയിടത്തും വിഷുത്തലേന്ന് കണിയൊരുക്കാനുള്ള പായ്ക്കറ്റുകൾ കിട്ടും. പാകമാകാത്ത കശുവണ്ടികളോടു ചേർന്ന കശുമാവിൻകുലകളും ആഞ്ഞിലിച്ചക്കയും അഞ്ചാറ് കൊന്നപ്പൂക്കളും നിറഞ്ഞ ആ പായ്ക്കറ്റുകളിലൂടെയായാലും വിഷു ഇന്നും ഒരു യാഥാർത്ഥ്യമാകുന്നു. നാളത്തെ പ്രതീക്ഷയാകുന്നു. മഹാകവി വൈലോപ്പിള്ളി പാടിയതുപോലെ 'ഗ്രാമത്തിന്റെ വെളിച്ചവും മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും' എന്നും മനസ്സിലുണ്ടാവട്ടെ എന്നാവും ഈ ദിനത്തിൽ ഓരോ മലയാളിയുടെയും പ്രാർത്ഥന.

❑

*(ലേഖകൻ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
മുൻ അസിസ്റ്റന്റ് ഡയറക്ടറാണ്.)*

സിനിമ

# തമിഴ് സിനിമ തീർക്കുന്ന അത്ഭുതങ്ങൾ അവസാനിക്കുന്നില്ല

എൻ.പി മുരളീകൃഷ്ണൻ

**ഉള്ളടക്കത്തിലും പരിചരണത്തിലും സമകാലീനതയോട് സത്യസന്ധത പുലർത്തുകയും ഇതര ഇന്ത്യൻ പ്രാദേശിക ഭാഷാ ചിത്രങ്ങളെ മറികടക്കാനും തമിഴ് സിനിമയ്ക്കായി.**

നാടകീയ, രാജാപ്പാട്ട് ആവിഷ്കാരങ്ങളിലും വീരേതിഹാസങ്ങളിലും താര ശരീരത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച പോന്ന തമിഴ് സിനിമയുടെ വേറിട്ട ശൈലി കെ.ബാലചന്ദറിലും ഭാരതീരാജയിലും ബാലു മഹേന്ദ്രയിലും മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നു. സാധാരണ ജീവിതത്തിൽ അസാധ്യമായ കാര്യങ്ങൾ വെള്ളിത്തിരയിൽ ചെയ്തുപോരുന്ന വീര നായകന്മാരായിരുന്നു എക്കാലത്തും തമിഴ് ആസ്വാദവൃന്ദത്തെ തൃപ്തിപ്പെടുത്തിയിരുന്നത്. സ്വാഭാവികമായും അവരിൽ അത്തരമൊരു കാഴ്ചശീലവും ബോധവും ഉടലെടുക്കുകയും ചെയ്തു.

മലയാള സിനിമ പല കാലങ്ങളിലായി പരീക്ഷണ, സമാന്തര സിനിമകൾക്കു പിറകേ പോയപ്പോഴും ഇതിൽ നിന്ന് വിട്ടുനിൽക്കുന്നതായിരുന്നു തമിഴ് സിനിമയുടെ ശീലം. തൊള്ളായിരത്തി എഴുപതുകളിലും എൺപതുകളുടെ തുടക്കത്തിലും മലയാള സിനിമയിൽ ഉടലെടുത്ത നവ തരംഗത്തെ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും അതിനെ മാതൃകയാക്കുകയും ചെയ്ത ഒരു തലമുറ രണ്ടായിരത്തിനു ശേഷമാണ് തമിഴ് സിനിമയിൽ രൂപപ്പെട്ടത്. ശെൽവരാഘവൻ, ചേരൻ, ബാല, സമുദ്രക്കനി, ശശികുമാർ, വസന്തബാലൻ, അമീർ സുൽത്താൻ, മിഷ്കിൻ, വെട്രിമാരൻ തുടങ്ങി വലിയൊരു നിര സംവിധായകരാണ് ഈ നിരയിലുണ്ടായിരുന്നത്. നിലനിൽക്കുന്ന കാഴ്ചശീലത്തിന് മാറ്റം വേണമെന്ന ചിന്ത ഉടലെടുത്തതോടെ വേറിട്ട സൃഷ്ടികളുമുണ്ടായി. അങ്ങനെയാണ് പുതിയ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ സുബ്രഹ്മണ്യപുരം, നാടോടികൾ, പരുത്തിവീരൻ, വെണ്ണിലാ കബഡിക്കുഴു തുടങ്ങിയ പുതിയ ചലച്ചിത്ര ഭാഷ സംസാരിക്കുന്ന സിനിമകൾ തമിഴിൽ സൃഷ്ടിക്കപ്പെട്ടത്. 2000 മുതൽ 2010 വരെ ഒറ്റയ്ക്കും തെറ്റയ്ക്കും നിർമ്മിക്കപ്പെട്ട ഇത്തരം സിനിമകൾക്ക് സജീവമായ തുടർച്ച ഉണ്ടായത് 2015 ഓടെയാണ്.

## പുതിയ ചിന്താധാരകൾ വരുന്നു

ഒരു വശത്ത് സൂപ്പർ താരങ്ങളുടെ മാസ് മസാല ചിത്രങ്ങൾ സ്ഥിരം ചേരുവകൾ ചേർത്ത് ശരാശരി ആസ്വാദകരെ തൃപ്തിപ്പെടുത്തി സൃഷ്ടിക്കപ്പെട്ടു കൊണ്ടേയിരിക്കുമ്പോഴാണ് മറുവശത്ത് തമിഴ് സിനിമയെ നിലവാരത്തിൽ ഇന്ത്യൻ സിനിമയിൽ ഏറ്റവും ഉന്നതിയിൽ പ്രതിഷ്ഠിക്കുന്ന സിനിമകളുമുണ്ടായത്. എല്ലാത്തരം സിനിമകളെയും ഉൾക്കൊള്ളാനുള്ള ഇടവും കാണികളും തമിഴ് സിനിമാ ഇൻഡസ്ട്രിയിൽ ഉണ്ടായി എന്നതാണ് ശ്രദ്ധേയമായ വസ്തുത. തമിഴ് ഗ്രാമങ്ങളിലെ നിറമില്ലാത്ത ജീവിതങ്ങളും ജാതിയുടെ പേരിൽ നിലനിൽക്കുന്ന വേർതിരിവുകളും സംഘർഷങ്ങളും അധികാരത്തിന്റെ ഇടപെടലുകളും സാമൂഹിക സംഭവങ്ങളോടുള്ള പ്രതികരണവും തികഞ്ഞ സാമൂഹിക ബോധവും പ്രകടിപ്പിക്കുന്നവയായിരുന്നു തമിഴ് നവ സംവിധായകരിൽ നിന്ന് ഉണ്ടായ ഇത്തരം സിനിമകൾ.

കാർത്തിക് സുബ്ബരാജ് (ജിഗർതണ്ട, ഇരൈവി), നളൻ കുമരസ്വാമി (സൂതുകവ്വും) ത്യാഗരാജൻ കുമാരരാജ (ആരണ്യകാണ്ഡം), പാ രഞ്ജിത് (അട്ടക്കത്തി, മദ്രാസ്), വെട്രിമാരൻ (വിസാരണൈ, ആടുകളം), ലെനിൻ ഭാരതി (മെർക്കു തൊടർച്ചി മലൈ), രാംകുമാർ (രാക്ഷസൻ), അറിവഴകൻ (കുറ്റം 23), വിജയ് മിൽട്ടൺ (ഗോലിസോഡ, കടുഗ്), ഗണേഷ് (എട്ട് തോട്ടകൾ), സുരേഷ് സങ്കയ്യ (ഒരു കിടായിൻ കരുണൈ മനു), രാജുമുരുഗൻ (ജോക്കർ), എം. മണികണ്ഠൻ (കാക്കമുട്ടൈ, കുട്രമേ തണ്ടനൈ), അശ്വനി അയ്യർ തിവാരി (അമ്മ കണക്ക്), വിജയ് കുമാർ (ഉറയടി), എസ്.യു. അരുൺകുമാർ (പന്നയാരും പദ്മിനിയും) തുടങ്ങിയ സിനിമകളിലൂടെ പുതുതലമുറ ചലച്ചിത്രകാരൻമാർ മുഖ്യധാരാ ചലച്ചിത്ര ഭാഷയുടെ പൊതുരീതികളെ പാടേ മാറ്റിപ്പണിതു. ഉള്ളടക്കത്തിലും പരിചരണത്തിലും സമകാലീനതയോട് സത്യസന്ധത പുലർത്തുകയും ഇതര ഇന്ത്യൻ പ്രാദേശിക ഭാഷാ ചിത്രങ്ങളെ മറികടക്കാനും ഇതോടെ തമിഴ് സിനിമയ്ക്കായി.

## പരിയേറും പെരുമാളിന്റെ അംബേദ്കർ മുഖം

പുതിയ ചിന്താധാരയിൽ സജീവമായി ചർച്ച ചെയ്യപ്പെട്ട ചില സിനിമകളിലേക്ക് സഞ്ചരിക്കുമ്പോൾ അവ തമിഴ് ജീവിതവുമായും തമിഴൻ എന്ന വികാരവുമായും ഏറ്റവുമടുത്ത് നിൽക്കുന്നവയാണെന്ന് കാണാം. പാ രഞ്ജിത് നിർമ്മിച്ച് മാരി സെൽവരാജ് സംവിധാനം ചെയ്ത് കഴിഞ്ഞ വർഷം തമിഴിൽ ഏറ്റവുമധികം നിരൂപക പ്രശംസ നേടിയ 'പരിയേറും പെരുമാൾ' സമൂഹത്തിൽ നിലനിൽക്കുന്ന ജാതീതയിലേക്ക് മറയില്ലാതെ ക്യാമറ വയ്ക്കുകയാണ്. തമിഴ്നാട്ടിൽ ചിലയിടങ്ങളിൽ ഇപ്പൊഴും ഹോട്ടലുകളിൽ ദളിതർക്ക് ഡിസ്പോസിബിൾ ഗ്ലാസിൽ ചായ നൽകുന്നുണ്ട്. കുപ്പിഗ്ലാസുകളാണെങ്കിൽ ഇതിനടിയിൽ നിറങ്ങൾ കൊണ്ട് പ്രത്യേക അടയാളംവെച്ചാണ് ദളിതർക്കും ഉയർന്ന ജാതിയിൽപ്പെട്ടവർക്കും ചായ നൽകുന്നത്. പരിയേറും പെരുമാളിന്റെ അവസാന ഷോട്ട് ഇങ്ങനെയുള്ള രണ്ടു ഗ്ലാസുകളിലാണ് ചെന്നു നിൽക്കുന്നത്.



കാർത്തിക് സുബ്ബരാജ്



മാരി സെൽവരാജ്

ഒരേ തെരുവിൽ രണ്ടു ബാലവാടികൾ നിലനിൽക്കുന്ന ഗ്രാമങ്ങൾ. അതിലൊന്ന് ദളിത് കുട്ടികൾക്കു മാത്രമുള്ളത്. സ്കൂളുകളിൽ ദളിതർ പാചകം ചെയ്ത ഭക്ഷണം കഴിക്കാൻ കൂട്ടാക്കാത്ത ഉയർന്ന ജാതിയിലെ കുട്ടികൾ, ദളിതർക്കും ഉയർന്ന ജാതിയിൽപ്പെട്ടവർക്കും വെവ്വേറെ ശ്മശാനങ്ങൾ, മൃതദേഹം കൊണ്ടുപോകാൻ പ്രത്യേകം വഴികൾ, ദളിതരുടെ മുടി വെട്ടാൻ പല ബാർബർമാരും മടികാട്ടുന്നു, ദളിതർക്ക് പ്രവേശനം നിഷേധിക്കുന്ന ക്ഷേത്രങ്ങൾ, നാട്ടുകൂട്ടത്തിന്റെ കല്പനകൾ, ഊരുവിലക്ക്... തമിഴ് ഉൾഗ്രാമങ്ങളിലൂടെ സഞ്ചരിച്ചാൽ മനസ്സിലാകുന്ന യാഥാർഥ്യങ്ങളാണിത്.

ഞാൻ ആരാണ്? നിങ്ങളും ഞാനും തമ്മിലുള്ള വ്യത്യാസമെന്താണ്? എന്തു കൊണ്ടാണ് എപ്പൊഴും എല്ലായിടത്തും നിങ്ങൾ മുന്നിലും ഞങ്ങൾ പിന്നിലുമാകുന്നത്? എന്തിനാണ് നിങ്ങൾ ഞങ്ങളെയിങ്ങനെ വേട്ടയാടുന്നത്?.. കാലങ്ങളായി ഓരോ കീഴ്ജാതിക്കാരനും ചോദിച്ചുകൊണ്ടേയിരിക്കുന്ന ചോദ്യങ്ങളാണ് പരിയേറും പെരുമാളും ആവർത്തിക്കുന്നത്. അത് വ്യക്തമാക്കുന്നത് ഈ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാൻ ഇതുവരെ ഇന്ത്യൻ സമൂഹത്തിനായിട്ടില്ല എന്നതാണ്.

2013ൽ പുറത്തിറങ്ങിയ നാഗ്രാജ് മഞ്ജുളെയുടെ മറാത്തി സിനിമ 'ഫാൻട്രി'ക്കു ശേഷം ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയെ ഉള്ളോടെ തുറന്നുകാട്ടുകയാണ് പരിയേറും പെരുമാൾ.

തമിഴ്നാട്ടിലെ തിരുനെൽവേലിക്കും തിരുച്ചെന്തൂരിനും ഇടയിലുള്ള പുളിയങ്കുളം ഗ്രാമമാണ് സിനിമയുടെ പശ്ചാത്തലം. കീഴ്ജാതിക്കാർ കൂട്ടത്തോടെ കാർഷിക ജീവിതവും നായാട്ടും കബഡി കളിയുമെല്ലാമായി കഴിഞ്ഞുകൂടുന്ന ഗ്രാമം. മേൽജാതിക്കാർ പുളിയങ്കുളം ഗ്രാമവാസികളെ അടുപ്പിക്കാറില്ല. പുളിയങ്കുളത്തു നിന്നാണെന്നറിഞ്ഞാൽ ബസ്സിൽ അടുത്ത സീറ്റിൽ പോലും ഇരിക്കില്ല. സ്വന്തം ഗ്രാമത്തിന്റെ അതിർത്തിവരെ പുളിയങ്കുളത്തുകാർ സന്തോഷവാന്മാരാണെങ്കിലും പുറത്ത് പൊലിസിൽ നിന്നും ഉയർന്ന ജാതിക്കാരിൽ നിന്നും അവർക്ക് നിരന്തരം മാനസിക, ശാരീരിക പീഢനം അനുഭവിക്കേണ്ടി വരുന്നുണ്ട്. ഈ സാഹചര്യങ്ങൾ കണ്ടുമടുത്താണ് പരിയൻ അംബേദ്ക



പരിയേറും പെരുമാൾ എന്ന ചിത്രത്തിൽ നിന്നും



*വടചെന്നൈ എന്ന ചിത്രത്തിൽ ധനുഷ്*

റിനെ പോലെ ഒരാളായിത്തീരാൻ ആഗ്രഹിക്കുന്നത്. കീഴ്ജാതിക്കാരുടെ പ്രശ്നങ്ങളിൽ അവർക്കു തുണയാകാനാണ് പരിയൻ വക്കീൽ പഠനത്തിനു പഠിക്കുന്നത്. അവിടെയും അവന് നേരിടേണ്ടി വരുന്നത് ജാതി പീഢനമാണ്. എന്നാൽ 'എന്തുകൊണ്ട് ഞാൻ, നീ' എന്ന വിവേചനം എന്നു ചോദിച്ച് അവൻ അതിനോട് കലഹിക്കുകയും മറികടക്കുകയും ചെയ്യുന്നുണ്ട്. ജാതി ഇവിടെത്തന്നെയുണ്ട്, എല്ലാവരിലും എങ്ങും പോകാതെ. അത് ഏറ്റവും നന്നായി തിരിച്ചറിയുന്നത് കീഴ്ജാതിക്കാർക്കാണ് എന്നു പറഞ്ഞാണ് പരിയേറും പെരുമാൾ അവസാനിക്കുന്നത്.

## വടചെന്നൈ എന്ന പിരീഡ് സിനിമ

തമിഴ് ഗ്രാമങ്ങളിലെയും ചെറുപട്ടണങ്ങളിലെയും ഗുണ്ടാജീവിതവും തലമുറകളിലേക്ക് നീണ്ടുപോകുന്ന കുടിപ്പകയുമാണ് വെടിമാരന്റെ വടചെന്നൈയിൽ വിഷയമാകുന്നത്. 2012 ജൂണിലും ഓഗസ്റ്റിലുമായി റിലീസ് ചെയ്ത അനുരാഗ് കശ്യപിന്റെ ഗാങ്സ് ഓഫ് വസേപൂർ സീക്വൻസിനു ശേഷം തലമുറകളിലേക്ക് നീണ്ടുപോകുന്ന കുടിപ്പകയും സംഘർഷവും അതിജീവനവും പ്രമേയമാക്കുന്ന ഇന്ത്യൻ പിരീഡ് മൂവിയാണ് വടചെന്നൈ. തമിഴിലെ ഗാങ്സ് ഓഫ് വസേപൂർ എന്നു പറയാം. ഗാങ്സ് ഓഫ് വസേപൂരിന് 1940 മുതൽക്ക് തൊണ്ണൂറുകൾ വരെയുള്ള ദീർഘകാല കുടിപ്പകയുടെ കഥയാണ് പറയാനുള്ളതെങ്കിൽ തൊള്ളായിരത്തി എൺപതുകൾ മുതൽക്കാണ് വടചെന്നൈയിലെ മനുഷ്യരുടെ കഥ തുടങ്ങുന്നത്. പിരീഡ് ഗാങ്സ്റ്റർ എന്നതിനൊപ്പം തികഞ്ഞ സാമൂഹികതയും രാഷ്ട്രീയബോധവും പുലർത്തുന്ന സിനിമ എന്ന തരത്തിലാണ് വടചെന്നൈ വേറിട്ടു നിൽക്കുന്നത്. തീരദേശ ജനതയുടെ ചേരിജീവിതം, ജനിച്ച മണ്ണിലെ നിലനിൽപ്പ്, വീട്, അതിജീവനം, രാഷ്ട്രീയ, കോർപ്പറേറ്റ്, ഗുണ്ട ഇടപെടൽ, ചൂഷണം അതിനെതിരെയുള്ള ചെറുത്തുനിൽപ്പ് ഇവയെല്ലാം കടന്നുവരുമ്പോൾ ഗാങ്സ്റ്റർ ജോണർ എന്നതിൽ നിന്ന് ഒരു തികഞ്ഞ തമിഴ് മനിതർ സിനിമയായി വടചെന്നൈ വളരുന്നു.

മൂന്ന് ഭാഗങ്ങളുള്ള സിനിമ എന്ന നിലയിൽ കഥാപാത്രങ്ങളുടെ വിശദാംശങ്ങളിലേക്കും സംഭവ പരമ്പരകളിലേക്കും കടന്നു ചെന്നുള്ള ആഖ്യാനമാണ് വടചെന്നൈയുടേത്.

വെടിമാരന്റെ മുൻസിനിമകളായ 'ആടുകള'ത്തിലെ കോഴിപ്പോരും നാട്ടിൻപുറവും, 'വിസാരണൈ'യിലെ ലോക്കപ്പും സാധാരണക്കാരന്റെ നിസ്സഹായാവസ്ഥയും വടചെന്നൈയിലേക്കെത്തുമ്പോൾ കുടിപ്പകയും ജയിൽജീവിതത്തിന്റെ വേറിട്ട കാഴ്ചകളും ഇൻഡോർ ഗെയിമായ കാരംസിന്റ സാധ്യത കഥയിൽ ഉപയോഗപ്പെടുത്തിയുമാണ് വെടിമാരൻ അത്ഭുതം തീർക്കുന്നത്. ഒരു പിരീഡ് സിനിമ നിർമ്മിക്കുന്നതിലെ വൈഷമ്യങ്ങളെ അതിലളിതമായാണ് വെടിമാരനിലെ പ്രതിഭാധനനായ സംവിധായകൻ മറികടക്കുന്നത്. സംവിധായകൻ തന്നെ തയ്യാറാക്കിയ തിരക്കഥയിലെ കെട്ടുറപ്പാണ് രണ്ടേമുക്കാൽ മണിക്കൂർ ദൈർഘ്യമുള്ള സിനിമയെ വിരസതയില്ലാത്ത കാഴ്ചയാക്കി മാറ്റുന്നത്. ഒരേസമയം സിനിമാസ്വാദകരെ തൃപ്തിപ്പെടുത്താനും സിനിമാ പഠിതാക്കൾക്ക് പാഠപുസ്തകമായി മാറാനും കഴിയുന്നിടത്താണ് വെടിമാരന്റെയും വടചെന്നൈയുടെയും തമിഴ് സിനിമയുടെയും വിതാനം വലുതാകുന്നത്.



*വിഷ്ണു വിശാലും അമലാ പോളും രാക്ഷസൻ എന്ന ചിത്രത്തിൽ*

## ത്രില്ലർ ആഖ്യാനത്തിലെ പുതുമ

ത്രില്ലർ സിനിമകളുടെ ആഖ്യാനത്തിലെയും അവതരണത്തിലെയും പുതുമയും തമിഴ് ഇൻഡസ്ട്രിയെ വേറിട്ടുനിർത്തുന്നു. ലോ ബജറ്റിലും ബിഗ് ബജറ്റിലും ഒരുപോലെ ത്രില്ലർ സിനിമകൾ തമിഴിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. മുൻനിര താരങ്ങളില്ലാതെ നിർമ്മിച്ച ത്രില്ലർ സിനിമകൾ പലതും തമിഴ്നാട്ടിൽ വലിയ വിജയമായതാണ് ഈ ജോണർ തുടർച്ചയായി പരീക്ഷിക്കാൻ തമിഴിലെ നവ സംവിധായകരെ പ്രേരിപ്പിച്ചത്. മേക്കിംഗിൽ നിലനിർത്തുന്ന പുതുമ തന്നെയാണ് ഇത്തരം സിനിമകളുടെ കാഴ്ചയെ സവിശേഷമാക്കുന്നത്. ഇക്കൂട്ടത്തിൽ അടുത്ത കാലത്തിറങ്ങിയ പ്രേംകുമാറിന്റെ രാക്ഷസൻ എടുത്തു പറയേണ്ട സിനിമയാണ്. ഓരോ നിമിഷവും കാഴ്ചയെ വലിഞ്ഞുമുറുക്കാൻ ശേഷിയുള്ള തിയേറ്റർ അനുഭവമാണ് ഈ സിനിമ. തിയേറ്ററിൽ നിന്ന് തന്നെ അറിയേണ്ട അനുഭവം എന്ന തരത്തിലാണ് രാക്ഷസൻ അടക്കമുള്ള ത്രില്ലർ സിനിമകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഒരു നിമിഷവും സ്ക്രീനിൽ നിന്ന് കണ്ണെടുക്കാനോ പാഴാക്കാനോ ഇല്ലെന്ന് ബോധ്യപ്പെടുത്തുന്ന ആഖ്യാന വേഗവും പുതുമയും ശബ്ദ, ദൃശ്യ സമ്പന്നതയുമാണ് ഇവയ്ക്ക് ത്രില്ലർ ഗണത്തിൽ പുതുമ കൈവരുത്തുന്നത്.

## സൂപ്പർ ഡീലക്സ് എന്ന അൾട്ടിമേറ്റ്

അടുത്തടുത്ത ദിവസങ്ങളിൽ റിലീസ് ചെയ്ത രണ്ട് സിനിമകൾ. പ്രിഥ്വിരാജിന്റെ ലൂസിഫറും ത്യാഗരാജൻ കുമാരരാജയുടെ സൂപ്പർ ഡീലക്സും. ഒന്ന് മലയാളത്തിലും മറ്റേത് തമിഴിലും. ഷാജി കൈലാസ് കട്ട് പറഞ്ഞ് നിർത്തിയിടത്തു തന്നെയാണ് പ്രിഥ്വിരാജിന്റെ ലൂസിഫറിന്റെ സ്ഥാനമെങ്കിൽ, സിനിമയെന്ന മീഡിയത്തിൽ സ്വയം സമർപ്പിച്ച് തന്റെ സിനിമയെ ലോക നിലവാരത്തിലേക്ക് ഉയർത്തുകയാണ് ത്യാഗരാജൻ. മറാത്തി, ബംഗാളി, മലയാളം അടക്കം ഇന്ത്യയിലെ മെച്ചപ്പെട്ട സിനിമാ സംസ്കാരമുള്ള മറ്റേതൊരു പ്രാദേശിക ഭാഷയും ചിന്തിക്കാത്തത്രയും ഉയരത്തിലാണ് നിലവിലെ തമിഴ് സിനിമയെന്ന് സൂപ്പർ ഡീലക്സ് ഒന്നു കൂടി ഉറപ്പിക്കുന്നു. അത്രമാത്രം പൊളിറ്റിക്കലായും നവീനമായുമാണ് തമിഴ് സിനിമ കാണികളോട് സംവദിക്കുന്നത്. രാക്ഷസനും പരിയേറും പെരുമാളും മെർക്കു തൊടർച്ചി മലൈയും വട ചെന്നൈയുമൊക്കെ ദൃശ്യപരിചരണത്തിൽ തീർത്ത അത്ഭുതങ്ങളുടെ തുടർച്ചയാണ് സൂപ്പർ ഡീലക്സ്. മേക്കിംഗിന്റെ സൂക്ഷ്മതയിലും പൂർണതയ്ക്കായുള്ള അത്യധ്വാനത്തിലും തിരക്കഥയിലെ ഇഴയടുപ്പത്തിലും ഇവയ്ക്കെല്ലാം മുകളിലും. റിയലിസവും സെമി ഫാന്റസിയും ചേർന്നൊഴുകുന്ന സിനിമയുടെ ഒരു ഫ്രെയിമും പാഴല്ല. ഫ്രെയിമിൽ വരുന്ന ഒരു വസ്തു പോലും വെറുതെയാകുന്നില്ല.



മിസ്കിൻ



വെട്രിമാരൻ

തമിഴ് നാട്ടിൽ ചിലയിടങ്ങളിൽ ഇപ്പൊഴും ഹോട്ടലുകളിൽ ദളിതർക്ക് ഡിസ്പോസിബിൾ ഗ്ലാസിൽ ചായ നൽകുന്നുണ്ട്. കുപ്പിഗ്ലാസുകളാണെങ്കിൽ ഇതിനടിയിൽ നിറങ്ങൾകൊണ്ട് പ്രത്യേക അടയാളംവെച്ചാണ് ദളിതർക്കും ഉയർന്ന ജാതിയിൽ പ്പെട്ടവർക്കും ചായ നൽകുന്നത്.

കഥാപാത്രങ്ങളൊന്നും താരങ്ങളല്ല, ഒന്നാന്തരം മനുഷ്യരാണ്. (വിജയ് സേതുപതിയും രമ്യാ കൃഷ്ണനും സാമന്തയും ഫഹദും പോലും) ജീവിതത്തിന്റെ വഴിയും വിതാനവും സാധ്യതയും ഇങ്ങനെ കൂടിയാണ് എന്നു ജീവിച്ച് കാണിച്ചു തരുന്ന മനുഷ്യർ. എന്തിനാണ് ഒരു സിനിമയ്ക്ക് ഒന്നിലേറെ പേർ ചേർന്ന് തിരക്കഥയെഴുതുന്നത് എന്ന് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? സൂപ്പർ ഡീലക്സ് അതിനും ഉത്തരം തരും. മിഷ്കിൻ, നളൻ കുമാരസ്വാമി, നീലൻ കെ.ശേഖർ പിന്നെ സംവിധായകനും ചേർന്നാണ് സൂപ്പർ ഡീലക്സിന് സ്ക്രിപ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നിലേറെ പേരുടെ ചിന്ത പ്രവർത്തിച്ച തിരക്കഥയുടെ പൂർണതയാണ് ഈ സിനിമയുടെ അവതരണമികവിന് കാരണം. □



സൂപ്പർ ഡീലക്സ്

## ...എന്റെ വായനക്കാർ

### അവസരോചിതമായി


ഈ വർഷത്തെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ കേരളത്തിലെ രണ്ട് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന മാതൃകകൾ സംസ്ഥാന വ്യാപകമായി നടപ്പാക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. കാസർകോട് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ സമ്പൂർണ്ണ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് എന്ന പദ്ധതിയാണ് ഒന്ന്. ഊർജ്ജ ദുർവ്യയത്തിനെതിരെ മികച്ച മാതൃക സൃഷ്ടിച്ചിരിക്കുകയാണ് പിലിക്കോടെന്ന് ധനമന്ത്രി അഭിപ്രായപ്പെട്ടിരുന്നു. അതുപോലെ തന്നെ വയനാട് ജില്ലയിൽ കാർബൺ ബഹിർഗമനം പരമാവധി കുറയ്ക്കുന്നതിനും അവശേഷിക്കുന്ന കാർബൺ വാതകങ്ങൾ വലിച്ചെടുക്കുന്നതിന് ആവശ്യമായത്ര മരങ്ങൾ നടുന്നതിനും മീനങ്ങാടി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച രീതിസമ്പ്രദായം ജില്ലയിൽ വ്യാപിപ്പിക്കുമെന്നും പറഞ്ഞിരിക്കുന്നു. ഈ രണ്ട് പഞ്ചായത്തുകളും നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ഫെബ്രുവരി ലക്കത്തിൽ തന്നെ പ്രത്യേക ഫീച്ചർ പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജ് മാസികയ്ക്ക് അഭിനന്ദനങ്ങൾ. അവസരോചിതമായി ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശഭരണ ജനപ്രതിനിധികൾക്കിടയിൽ എത്തിക്കുവാൻ മാസികയ്ക്ക് കഴിയുന്നുവെന്നതിൽ സന്തോഷമുണ്ട്. ഈ പ്രവർത്തന മാതൃകകൾ മറ്റുള്ളവരും അനുകരിക്കുമെന്ന് വിശ്വസിക്കുന്നു.

**അബ്ദുൾ സലീം, കുന്നന്താനം**

### അറിവുപകരുന്നതായി

വയോജന പരിപാലന മേഖലയിലേക്ക് കെയർ ഗിവർ എക്സിക്യൂട്ടീവുകളെ നൽകുന്ന കുടുംബശ്രീ ഹർഷം ജെറിയാട്രിക്ക് കെയർ പദ്ധതി സംബന്ധിച്ച് ഫെബ്രുവരി ലക്കം പഞ്ചായത്ത് രാജ് മാസികയിൽ വന്ന ലേഖനം അറിവുപകരുന്നതായി. ഇത്തരം പരിശീലനം സിദ്ധിച്ച കെയർ ഗിവർ എക്സിക്യൂട്ടീവുകളെ സമൂഹത്തിന് അത്യാവശ്യമാണ്. ഹോം നഴ്സിംഗ് എന്ന പേരിൽ ധാരാളം തട്ടിപ്പുകൾ നടക്കുന്ന സാഹചര്യത്തിൽ കുടുംബശ്രീ ഇത്തരമൊരു സംരംഭത്തിന് തുടക്കംകുറിച്ചത് വളരെയധികം ആശ്വാസമാണ്. വയോജനക്ഷേമ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാൻ കഴിയുന്ന പദ്ധതികളും അനുകരണീയ മാതൃകകളും കൂടി പ്രസിദ്ധീകരിച്ചാൽ നന്നായിരുന്നു.

**റെജി ബാനർജി, ഇരിഞ്ഞാലക്കുട**




# നേർക്കാഴ്ച

## ഇനി യൂട്യൂബ് ചാനലിൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മാതൃകാപരമായ വികസനപദ്ധതികൾ ജനങ്ങളിലെത്തിക്കാൻ കില തയ്യാറാക്കിയ നേർക്കാഴ്ച പരിപാടി ഇനി യൂട്യൂബ് ചാനലിലും. ദേശീയ-അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടേണ്ട വികസന പദ്ധതികൾ മാധ്യമപ്രവർത്തനങ്ങളുടെ അഭാവം മൂലം വേണ്ടരീതിയിൽ ശ്രദ്ധിക്കപ്പെടുന്നില്ലെന്ന തിരിച്ചറിവാണ് സ്മാർട്ട് ഫോൺ അധിഷ്ഠിത വീഡിയോ ഡോക്യുമെന്റേഷൻ പദ്ധതിക്കു കിലയെ പ്രേരിപ്പിച്ചത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസനപദ്ധതികളുടെ വീഡിയോ പ്രമാണശേഖരത്തിനും പ്രചാരണത്തിനും ഉദ്ദേശിച്ചുകൊണ്ട് കില ആവിഷ്ക്കരിച്ച വീഡിയോ ഡോക്യുമെന്റേഷൻ പരിപാടിയാണ് നേർക്കാഴ്ച.

ആദ്യഘട്ടത്തിൽ 14 ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 42 പേർക്കു വീഡിയോ ഡോക്യുമെന്റേഷൻ നിർമ്മാണത്തിൽ ഒരാഴ്ചത്തെ പരിശീലനം നൽകി. ഇവരുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രണ്ടാംഘട്ട പരിശീലനം നടന്നുവരികയാണ്. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും കുറഞ്ഞത് രണ്ടുപേർക്കെങ്കിലും പരിശീലനം നൽകുകയാണ് ലക്ഷ്യം. പരിശീലനം നേടിയവർ നിർമ്മിച്ച വികസനപ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായ വീഡിയോ ഡോക്യുമെന്ററികൾ ഇനി യൂട്യൂബ് ചാനലിൽ ലഭ്യമാകും. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടനിർമ്മാണം, മാലിന്യസംസ്കരണം, കുടിവെള്ള വിതരണം, മലിനജല സംസ്കരണം, ജലമാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിലെ വിജയകരമായ വികസന പ്രവർത്തനങ്ങളിലേക്കുള്ള ജാലകമായിരിക്കും ഈ യൂട്യൂബ് ചാനൽ.




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |


# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** April 2019
Annual Subscription ₹120, Published on 20 April 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS